لا اله الا الله محمد رسول الله

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

ലേഖനം

6 **റസൂൽ തിരുമേനി: പരിപൂർണ്ണ മനുഷ്യൻ**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

8 **താവോമതം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

10 **നമസ്കാരത്തിന്റെ രഹസ്യം**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

13 **ഖത്തമുന്നുബുവ്വത്ത്**
മുഹമ്മദ് ഉമർ എച്ച്. എ.

22 **മൂന്നാം ലോക മഹായുദ്ധം: സൂറ: കഹ്ഫിലെ പ്രവചനം**
എ. പി. കുഞ്ഞാമു

27 **വിദ്യാഭ്യാസം : നാലു ചോദ്യങ്ങളും വിശുദ്ധ ഖുർആന്റെ മറുപടിയും**
അബ്ദുൾ മജീദ്, ശഹാബ് അഹ്മദ്

33 **മനുഷ്യാവകാശവും പിശാചിന്റെ ആധിപത്യവും**
കെ. പി. അഹ്മദ്

സംഭവ വിവരണം

18 **അദൃശ്യനായ ഘാതകൻ**
എ. ക്യു. മഹ്ദി

കവിത

7 **മാതൃസുഭാഷിതം**
അസ്മ എടപ്പകത്ത്

**കുറിപ്പുകൾ, സൂഫിക്കഥ, വാർത്തകൾ.**

മുഖചിത്രം: ന്യൂജി മോസ്ക്, ബീജിംങ്ങ്, ചൈന. ക്രി. വ: 1362 ൽ പണിതത്.

نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

പുസ്തകം 76
ലക്കം 5
മെയ് 2005
ഹിജ്റത്ത് 1383
റ: അവ്വൽ - റ: ആഖിർ - 1426

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
എ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

# ഖുർആനിൽ നിന്ന്


അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമ്മം ചെയ്യുന്നതിനോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടേതൊഴിച്ച് അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ചുകൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:115)

# നബിവചനം

തിരുനബി (സ)യുടെ അടുക്കൽ ഒരാൾ തന്റെ ഹൃദയത്തിന്റെ കാഠിന്യത്തെപ്പറ്റി സങ്കടം പറഞ്ഞു. ഒരു അനാഥക്കുട്ടിയെ ലാളിക്കുവാനും അഗതിക്ക് ആഹാരം നൽകാനും നബി അദ്ദേഹത്തെ ഉപദേശിക്കുകയാണ് ചെയ്തത്

(നബിവചനം)

# ഐകമത്യം മഹാബലം



**വാഗ്ദത്ത മസീഹ്**

ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റ് യാതൊരു മാർഗേണയും ദൂരീകരിക്കാൻ സാദ്ധ്യമല്ലാത്ത വിപത്തുകളേയും മറ്റേത് ഉപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നത് ആർക്കും ഗോപ്യമായതല്ല. അതുകൊണ്ട് ഐക്യത്തിന്റെ അനുഗൃഹീതസ്ഥലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കില്ല.

**പൈഗാമേ സുൽഹ്**

മുഖക്കുറിപ്പ്

# അന്താരാഷ്ട്ര സമാധാനം

രാഷ്ട്രം എന്നത് സമൂഹം പോലെയല്ല. രാഷ്ട്രം ഭൗതിക ക്ഷേമത്തിനു വേണ്ടി മാത്രം നിലകൊള്ളുന്നു. അതിൽ കവിഞ്ഞൊരു ലക്ഷ്യം അതിന് നിർണ്ണയിക്കാനാവില്ല. ഭൂമിയും, അതിർത്തിയും, ഭരണകൂടവും, പട്ടാളവും ആയുധങ്ങളുമുള്ളതാണ് രാഷ്ട്രം. സമ്മർദ്ദശേഷിയും, സംഹാരശക്തിയുമുള്ള ഒരു കൃത്രിമ സ്ഥാപനമാണ് അത്. ഇത്തരം ബലിഷ്ഠമായ സന്നാഹങ്ങളുള്ളതും വിഭിന്ന സത്വബോധമുള്ളതുമായ രണ്ട് രാഷ്ട്രങ്ങൾ അടുത്തടുത്തു നിൽക്കുമ്പോൾ അതിർത്തികൾ സംഘർഷഭരിതമാവുന്നു. ഇന്ന് സമാധാനം പുലരാൻ ഉഭയ രാഷ്ട്രങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോരാ. ലോകം മുഴുവനും വലയം ചെയ്തു നിൽക്കുന്ന വൻശക്തികളുടെ സഹകരണവും ആശീർവാദവും മറ്റു പല സങ്കീർണ്ണമായ ഘടകങ്ങളുടെ അനുകൂലാവസ്ഥയും അതിന്നുണ്ടാവണം. സമാധാനത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട ആഗോള സ്ഥാപനമായ ഐക്യരാഷ്ട്രസഭയെപ്പോലും നോക്കുകുത്തിയാക്കിക്കൊണ്ട് ലോകത്ത് സംഘർഷം വളരുകയാണ്. രാഷ്ട്രങ്ങളും അതിന്റെ ലക്ഷ്യങ്ങളും ഭൗതികോന്മുഖമായത് കൊണ്ട് സംഘർഷങ്ങൾ സ്വാഭാവികമായും അതിന്റെ ഉപോൽപ്പന്നങ്ങളാണ്. സമാധാനം മറ്റൊരു ഭൂമികയിൽ നിന്നാണ് ആരംഭിക്കേണ്ടത്.

ഇസ്‌ലാമിന് ഏറ്റവും പ്രിയപ്പെട്ട ആദർശമാണ് സമാധാനം. ഇസ്‌ലാം എന്ന പദത്തിന്റെ അർത്ഥം തന്നെ സമാധാനം എന്നാണ്. ദൈവസ്മരണയുള്ള മനുഷ്യഹൃദയമാണ് സമാധാനത്തിന്റെ അധിഷ്ഠാനമായി ഇസ്‌ലാം കാണുന്നത്. “വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക; അല്ലാഹുവിന്റെ സ്മരണ കൊണ്ടു മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ” (13:29) യഥാർത്ഥ മുസ്‌ലിംകളെ പോലെ സമാധാനം കാംക്ഷിക്കുന്ന നിരവധി മനുഷ്യസ്നേഹികൾ ലോകത്തുണ്ട്. ആത്മീയവും ധാർമ്മികവുമായ യഥാർത്ഥ മൂല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ മനുഷ്യഹൃദയത്തിനും മനുഷ്യസമൂഹത്തിനും സമാധാനം കൈവരൂ.

സകല മനുഷ്യർക്കും അറിയാവുന്ന ഒരു അനിഷേധ്യ യാഥാർത്ഥ്യമാണ് മരണം. ക്ഷണികമായ മനുഷ്യന്റെ ഭൂമിയിലുള്ള ജീവിതപ്രയാണത്തിന്റെ പൊരുളും ലക്ഷ്യവും മറന്നുകൊണ്ടും മൂല്യങ്ങൾ ബലികഴിച്ചുകൊണ്ടും നശ്വരമായ ഈ ലോകത്തിന് വേണ്ടി നാം ഇത്ര വീറോടെ പൊരുതേണ്ടതുണ്ടോ? യേശുവിന്റെ ഒരുപദേശം ശ്രദ്ധിക്കുക: ‘ഭൂമിയിൽ നിക്ഷേപങ്ങൾ നിനക്കായി സംഭരിച്ചുവയ്ക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും. കള്ളന്മാർ കുത്തിക്കവർന്നുകൊണ്ടുപോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗ്ഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതിവെക്കുക. കാരണം നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും’ (മത്താ: 6:19). വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന ഈ സ്വർഗ്ഗീയ സമാധാന ചിന്തകൾ സാർവ്വദേശീയപ്രസ്ഥാനമായി വളർന്നു വികസിക്കട്ടെ. അല്ലാഹു ഖുർആനിൽ പറയുന്നു: ‘ഓരോരുത്തനും ഓരോ ലക്ഷ്യമുണ്ട്. അതിന്റെ നേർക്ക് അവൻ (തന്റെ) ശ്രദ്ധ (മുഴുവൻ) തിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ സൽക്കാര്യങ്ങളിൽ അഹമഹമികയാ മുന്നേറുക. അതായിരിക്കണം നിങ്ങളുടെ ലക്ഷ്യം. നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളെ ഒരുമിച്ചുകൂട്ടിക്കൊണ്ടുവരും. അല്ലാഹു (താൻ ഉദ്ദേശിക്കുന്ന) എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു’. (2:199) ■

ലേഖനം

# റസൂൽ തിരുമേനി : പരിപൂർണ്ണ മനുഷ്യൻ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**റസൂൽ തിരുമേനി (സ) മാനുഷതയുടെ പാരമ്യവും മനുഷ്യ സമൂഹത്തിന്റെ സമ്പൂർണ്ണ മാതൃകയുമാണ്.**

"ഹദ്റത്ത് റസൂൽ കരീം(സ) ഒരു പരിപൂർണ്ണ മനുഷ്യൻ ആണെന്നു തെളിയിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നു:

അതായത് നബിതിരുമേനി അല്ലാഹുവിങ്കലേക്കുയർന്ന് തന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ചുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യത്തിലെത്തി. അങ്ങനെ ദൈവസാമീപ്യത്തിന്റെ എല്ലാ പരിപൂർണ്ണതയും അദ്ദേഹം തരണം ചെയ്തു. ലാഹുത്തീമഖാമിൽ നിന്നും (ദിവ്യസ്ഥാനത്തുനിന്നും) പരിപൂർണ്ണമായ അംശം (പങ്ക്) ലഭിച്ചതിന്നുശേഷം, നാസൂത്തിലേക്ക് (മനുഷ്യത്വത്തിലേക്ക്) പൂർണ്ണമായും തിരിച്ചുചെല്ലുകയുണ്ടായി. അതായത് ഉബൂദിയ്യത്തിന്റെ (ദാസത്വത്തിന്റെ) പാരമ്യത്തിലേക്ക് തന്നെ എത്തിക്കുകയും മനുഷ്യത്വത്തിന്റെ സൽഭാവനകളായ അനുകമ്പ, ആർദ്രത, സ്നേഹം എന്നീ ഗുണങ്ങൾ പരിപൂർണ്ണമായും ഉൾക്കൊള്ളുകയും ഉണ്ടായി.

ചുരുക്കത്തിൽ ആ മഹാത്മാവ് ഒരു ഭാഗത്ത് ദൈവസ്നേഹത്തിലും മറുഭാഗത്ത് സൃഷ്ടി സ്നേഹത്തിലും പരിപൂർണ്ണത പ്രാപിക്കുകയുണ്ടായി. എന്നുപറഞ്ഞാൽ തിരുനബി(സ) പരിപൂർണ്ണമായും ദൈവത്തെ പ്രാപിക്കുകയും അതേപ്രകാരം മനുഷ്യസ്നേഹത്തിൽ പരിപൂർണ്ണത സ്വായത്തമാക്കുകയും ചെയ്തു. അങ്ങനെ ഇരുഭാഗങ്ങളിലും ഉള്ള സന്തുലിതസാമീപ്യം കാരണം, തിരുനബി(സ) രണ്ടു വില്ലുകൾക്കിടയിലുള്ള ഞാണുപോലെ ആയിത്തീർന്നു. അതുകൊണ്ട് തിരുനബി(സ)യിൽ ശഫാഅത്തിന്നുള്ള (ശുപാർശ) നിബന്ധന തികവുറ്റ നിലയിൽ പൂർത്തിയായി. അതുകൊണ്ടാണ് അല്ലാഹു തനിക്കും തന്റെ സൃഷ്ടികൾക്കുമിടയിൽ അദ്ദേഹം രണ്ടു വില്ലുകൾക്കിടയിലുള്ള ഞാൺ പോലെയാണെന്ന് സാക്ഷ്യം പറഞ്ഞിരിക്കുന്നത്."

(റിവ്യു ഓഫ് റിലീജിയൻസ്. ഉർദു വോ. 1. ഭാ. 182)

## ഉമ്മത്തീനുബുവ്വത്തിന്റെ യാഥാർത്ഥ്യം

പൂർവ്വകാല നുബുവ്വത്തുകളെയും വേദഗ്രന്ഥങ്ങളെയും പ്രത്യേകം പ്രത്യേകം അനുഗമിക്കേണ്ടുന്ന ആവശ്യം ഇന്നില്ല. കാരണം, മുഹമ്മദീനുബുവ്വത്ത് അവയെയെല്ലാംതന്നെ ഉൾക്കൊള്ളുന്ന ഒന്നാണ്. ഇതൊഴികെയുള്ള എല്ലാ വഴികളും അടഞ്ഞുപോയിരിക്കുന്നു. ദൈവസാമീപ്യപ്രാപ്തിക്കുള്ള എല്ലാ സത്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിന്നുശേഷം പുതിയൊരു സത്യം പ്രത്യക്ഷപ്പെടുകയോ ഇതിലടങ്ങിയിട്ടില്ലാത്ത മറ്റൊരു സത്യം ഇതിന്നു മുമ്പുണ്ടാവുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് ഈ നുബുവ്വത്ത് എല്ലാ നുബുവ്വത്തുകളുടെയും പരിസമാപ്തിയാണ്. അതങ്ങനെതന്നെ വേണ്ടതാണുതാനും. കാരണം ആരംഭം ഉള്ള ഒരു വസ്തുവിന്ന് ഒരവസാനവും വേണമല്ലോ. എന്നാൽ ഈ നുബുവ്വത്ത് ഔദാര്യം പ്രദാനം ചെയ്യുന്നതിൽ മറ്റു എല്ലാ നുബുവ്വത്തുകളെയും അപേക്ഷിച്ച് എത്രയോ മുന്നിലാണ് സ്ഥിതി ചെയ്യുന്നത്. ദൈവപ്രാപ്തിക്കുള്ള എളുപ്പമാർഗ്ഗം ഈ നുബുവ്വത്തിന്റെ അനുസരണവും അനുഗമനവും മാത്രമാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് ദൈവസ്നേഹവും ദൈവഭാഷണവും ഇതിന്നുമുമ്പ് ലഭിക്കാത്തവിധം ധാരാളമായി ലഭ്യമാകുന്നു. എന്നാൽ ഈ നുബുവ്വത്തിനെ പൂർണ്ണമായും അനുസരിക്കുന്നത് കൊണ്ടുമാത്രം ഒരാൾ വെറും ഒരു നബിയെന്നപേരിന്നർഹ

# മാതൃസുഭാഷിതം

**കവിത**

**അസ്മ, എടപ്പകത്ത്**

**പ**ഠിച്ചുതീർക്കുവാൻ പലതുമുണ്ടല്ലോ
മടിച്ചുനിൽക്കാതെ പഠിച്ചു തീർക്കുവിൻ
ഫലമതിന്നൊരു പടി ലഭിച്ചിട്ടും
പറകയാണു ഞാൻ ശ്രവിക്കെൻ മക്കളെ
പണമൊരുദിനം പിണമായ് മാറിടും
പഠിപ്പൊരിക്കലും നശിക്കയില്ലല്ലോ!
മകനേ, യെൻ പ്രിയ മകളരേ, നിങ്ങൾ
മികവു കാട്ടുക പഠിപ്പിലെപ്പോഴും
ഇവൾക്ക് ലഭ്യമാം പലതും നിങ്ങളിൽ;
മെതിക്കയാണു ഞാൻ, സുലഭ്യമായ് കാണാൻ
തൃണസമാനമാം പണമല്ല മറ്റു–
പലതും; നമ്മുടെ റസൂൽ പറഞ്ഞതും.
മകനേ, യെൻപ്രിയ മകളരേ, നിങ്ങൾ
മറക്കൊല്ലാ, മാതാവുരച്ച വാക്കുകൾ. ■

മകളർ = പെൺമക്കൾ

1. റബ്ബിസ്സിദ്നീ ഇൽമ = പടച്ചവനേ, നീ എനിക്ക് അറിവു നൽകേണമെ.
2. ഉഅ്ലുഉൽ ഇൽമ മിനൽ മഹദി ഫില്ലഹദ്ദ് = (ഖുർആൻ) Seek knowledge from cradle to grave ജനനം മുതൽ മരണം വരെ വിജ്ഞാനം അന്വേഷിക്കുക (ഹദീസ്)
3. വിദ്വാന്റെ മഷി രക്തസാക്ഷിയുടെ രക്തത്തെക്കാൾ പരിപാവനമാണ്. (ഹദീസ്)
4. നിങ്ങൾ ചൈനയിൽ പോയിട്ടെങ്കിലും വിദ്യ അഭ്യസിക്കുക (ഹദീസ്)

നായിത്തീരുന്നില്ല. അയാൾ ഉമ്മത്തി കൂടി ആയിത്തീരണം. അങ്ങനെ വരുമ്പോൾ മുഹമ്മദ്(സ)യുടെ നുബൂവ്വത്തിന്റെ പരിപൂർണ്ണതക്ക് ഒരു കോട്ടവും തട്ടുന്നതല്ല. മാത്രവുമല്ല, പ്രസ്തുത നുബുവ്വത്തിന്റെ പ്രകാശവും അനുഗ്രഹവും വളരെയധികം വ്യക്തമായ നിലയിൽ സ്ഫുടം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

ദൈവികഭാഷണം എണ്ണത്തിലും ഗുണത്തിലും പരിപൂർണ്ണത പ്രാപിക്കുകയും ഒരു പോരായ്മയും അവശേഷിക്കാതിരിക്കുകയും അദൃശ്യകാര്യങ്ങൾ അടങ്ങിയിരിക്കുകയും ചെയ്യുമ്പോൾ അതിന്നു നുബുവ്വത്ത് എന്നു പറയപ്പെടുന്നു. ഈ കാര്യത്തിൽ എല്ലാ നബിമാർക്കും ഏകാഭിപ്രായമാണുള്ളത്. അതുകൊണ്ട് 'കുൻതും ഖൈറ ഉമ്മത്തിൻ ഉഖ്‌രിജത്ത്‌ലിന്നാസി' എന്നു വിശേഷിപ്പിക്കുകയും 'ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം' എന്ന പ്രാർത്ഥന പഠിപ്പിച്ചുതരികയും ചെയ്യപ്പെട്ട ഒരു സമുദായത്തിന്ന് ഈ അനുഗ്രഹം നഷ്ടപ്പെടുക എന്നതു അസംഭവ്യമായ കാര്യമാണ്. അങ്ങനെയാണെങ്കിൽ മുഹമ്മദീ ഉമ്മത്ത് അപൂർണ്ണവും അപര്യാപ്തവും ആയ സമുദായമായി തീരുന്നതായിരിക്കും. എല്ലാവരും തന്നെ അന്ധരെപ്പോലെ ആയിത്തീരും. എന്നു മാത്രമല്ല, റസൂൽ തിരുമേനിയുടെ മഹൽശക്തിക്കും പരിശുദ്ധതക്കും കോട്ടം തട്ടുന്നതുമായിരിക്കും. അതോടൊപ്പം അഞ്ചുനേരവും നമസ്കാരത്തിൽ ഓതേണമെന്നു കല്പിക്കപ്പെട്ട പ്രാർത്ഥനക്കും, ഒരർത്ഥവും ഇല്ലാതായിത്തീരും. എന്നാൽ മറുഭാഗത്ത്, മുഹമ്മദീ നുബുവ്വത്തിന്റെ ആത്മീയ പ്രകാശത്തെ പിൻപറ്റാതെ സ്വതന്ത്രമായി നുബുവ്വത്ത് പദവി ലഭിക്കുന്നതാണെന്ന് പറയുകയാണെങ്കിലും തിരുനബിയുടെ ഖാത്തമുന്നബുവ്വത്ത് പദവി അർത്ഥശൂന്യമായിത്തീരുന്നതാണ്.

ഈ രണ്ടുവിധത്തിലുള്ള ദോഷങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതിന്നായി അല്ലാഹു പരിശുദ്ധവും പരിപൂർണ്ണവും ആയ ദൈവഭാഷണത്തിന്നായി റസൂൽ തിരുമേനിയെ പരിപൂർണ്ണമായും അനുസരിക്കുകയും 'ഫനാഫിർ റസൂൽ' ആയി തങ്ങളെ പരിപൂർണ്ണമായി റസൂലിൽ ലയിപ്പിക്കുകയും ചെയ്യുന്ന ചിലരെ തെരഞ്ഞെടുക്കുന്നു. ഉമ്മത്തി എന്നതുകൊണ്ടുള്ള ഉദ്ദേശ്യവും അനുഗമിക്കുക എന്നതിന്റെ അർത്ഥവും പരിപൂർണ്ണമായും അവരിൽ കാണപ്പെടുന്നു. ഈ അവസ്ഥയിൽ അവരുടെ അസ്തിത്വം അവരുടെതായിത്തീരുന്നില്ല. മറിച്ച്, അവർ സ്വയമേവ മറന്നുകൊണ്ടുള്ള അവസ്ഥയിൽ റസൂൽ തിരുമേനിയുടെ പ്രതിരൂപമായി പരിണമിക്കുന്നു. ആ അവസ്ഥയിൽ ഇതര പ്രവാചകന്മാർക്ക് ലഭിച്ചതുപോലുള്ള ദൈവഭാഷണം അവർക്ക് ലഭിക്കുന്നു. അങ്ങനെ ഉമ്മത്തി ആയിരുന്നിട്ടും നബി എന്ന പദവി അവർക്ക് പ്രദാനം ചെയ്യപ്പെടുന്നു. കാരണം അത്തരത്തിലുള്ള നുബുവ്വത്ത് മുഹമ്മദീ നുബുവ്വത്തിൽ നിന്നു ഭിന്നമാകുന്നില്ല. മറിച്ച് അവധാനതയോടെ പരിശോധിക്കുകയാണെ

*(ശേഷം 26-ാം പേജിൽ)*

**Revelation Rationality Knowledge and Truth**
എന്ന പുസ്തകത്തിൽ നിന്ന്

ലേഖനം

# താവോ മതം

## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**ദൈവത്തിൽ നിന്നും ലഭിക്കുന്ന വെളിപാടുകളിൽ വിശ്വസിച്ച ചൈനീസ് മതമാണ് താവോ മതം. ധ്യാനത്തിലൂടെ ശരീരത്തിനകത്തുനിന്നും അന്തർപ്രചോദനം മുഖേന ജ്ഞാനമുണ്ടാകുന്നു എന്ന സങ്കല്പം പിൽക്കാലത്തുണ്ടായ വ്യതിയാനമാണ്.**

**ചൈ**നയിലെ എല്ലാ മതങ്ങളും ജ്ഞാനിയും മഹാനുമായ ചൈനീസ് പ്രവാചകൻ ഫുഷീ (Fu Hsi) യുടെ പൗരാണികമായ ആത്മീയ-മതാനുഭവങ്ങളുടെ സ്രോതസ്സിൽ നിന്നും ഉരുവം കൊണ്ടതാണ്. തുടർന്നുള്ള കാലഘട്ടങ്ങളിൽ ധാരാളം ജ്ഞാനികളും, ചിന്തകന്മാരും ഫുഷീയുടെ രചനകളെ ഉപജീവിച്ചുകൊണ്ട് ചിന്തിക്കുകയും അഗാധമായ പഠനങ്ങൾ നടത്തുകയും ചെയ്തു. അവരുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചൈനീസ് ജനതക്ക് അവർ പുതിയ തത്ത്വജ്ഞാനവും, ശാസ്ത്രവും, മതവും ധാർമ്മികാദ്ധ്യാപനങ്ങളും നൽകുകയുണ്ടായി. വാൻ രാജാവും അദ്ദേഹത്തിന്റെ മകൻ ചകുങ്ങും, ലാവോത്സും അവരിൽപ്പെടുന്നു.

താവോയിസത്തിൽ അനന്തസത്യം എന്നത് താവോ എന്നറിയപ്പെടുന്ന ഒരസ്തിത്വത്തിൽ മൂർത്തീകരിക്കപ്പെടുന്നു. താവോയുടെ അസ്തിത്വം ഭൗതികം എന്നതിനേക്കാൾ ആത്മീയവും പരിശുദ്ധവുമാണ്. സനാതന ധർമ്മങ്ങളുടെ മാനവീകരണമാണ് താവോ എന്ന് നിർവ്വചിക്കാൻ സാധിക്കും. ഇസ്ലാമിലും മറ്റു വെളിപാടു മതങ്ങളിലും വിവരിച്ചിട്ടുള്ള ദൈവിക ഗുണങ്ങളുടെ സംക്ഷിപ്തമാണ് അവ. സത്യത്തിന് (താവോ) സമ്പൂർണമായി സമർപ്പിക്കാനും താവോക്ക് അനുഗുണമായി സ്വയം ചിട്ടപ്പെടുത്താനും താവോയിസം മനുഷ്യനെ പഠിപ്പിക്കുന്നു. താവോ ഒരു മാതൃകയാണ്. താവോയിസം എന്നത് ആ മാതൃകയുടെ സാമീപ്യം പ്രാപിക്കാനുള്ള വഴിയാണ്.

മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിച്ചുകൊണ്ട് ഖുർആൻ പറയുന്നതും ഇത് തന്നെയാണ്:

'അല്ലാഹുവിന്റെ വർണ്ണം, അല്ലാഹുവിനേക്കാൾ മനോഹരമായ വർണ്ണത്തിലുള്ളവൻ മറ്റാരുണ്ട്? അവനെ മാത്രം ഞങ്ങൾ ആരാധിക്കുന്നു' (2:139) (1)

ഇസ്ലാമിൽ ദൈവത്തെ വിവരിക്കുന്നതും പരിചയപ്പെടുന്നതും അവന്റെ ഗുണങ്ങളിലൂടെയാണ്. ജീവിതത്തെ ഈ ദൈവിക ഗുണങ്ങൾ അനുകരിച്ച് ചിട്ടപ്പെടുത്തിയെടുക്കലാണ് മുസ്ലിംകളുടെ ലക്ഷ്യം. ലയോത്സു സമർപ്പിക്കുന്ന താവോയെ സംബന്ധിച്ച വിവരണം ദൈവത്തെപ്പറ്റി ഖുർആൻ വിവരിച്ച ഗുണങ്ങൾക്ക് സമാനമാണ്.

മഹാനായ താവോ വിശാലനാകുന്നു. അവൻ വലത് ഭാഗത്തും ഇടത് ഭാഗത്തുമുണ്ട്. എല്ലാ ജീവജാലങ്ങളും അവനെ ആശ്രയിച്ചുകഴിയുന്നു. അതിന്റെ പരിപാലനം അവനെ തളർത്തുന്നില്ല. അവൻ സൃഷ്ടികളെ യാതൊരു പ്രതിഫലവും കല്പിക്കാതെ പൂർണ്ണതയിലെത്തിക്കുന്നു. അവൻ തന്റെ സൃഷ്ടികൾക്ക് എല്ലാം നൽകുന്നു. പക്ഷേ അവന് സ്വന്തമായി ഒന്നും ആവശ്യമില്ല. അതിനാൽ അവൻ ചെറിയവനാണെന്ന് കരുതപ്പെട്ടേക്കാം. എല്ലാ സൃഷ്ടികളും അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി അവനെക്കൊള്ളേ തിരിയുന്നു. എന്നിട്ടും അവൻ തനിക്കുവേണ്ടി ഒന്നും കരുതിവെക്കുന്നില്ല. ഈ വിധത്തിൽ അവൻ പരമോന്നതൻ എന്ന് വിളിക്കപ്പെടുന്നു. അവൻ സ്വയം വലിയവനാണെന്ന് കരുതുന്നില്ല. ഇക്കാരണത്താൽ അവൻ ഏറ്റവും വലിയവനാണ്. (2)

മറ്റൊരു സ്ഥലത്തുള്ള വിവരണം ഇപ്രകാരമാണ്:

അവനെ അന്വേഷിക്കാം, പക്ഷേ ദൃശ്യമാവില്ല. അത്തരത്തി

യാതൊരു സംശയവുമില്ല. കൺഫ്യൂഷനിസത്തിന്റെയോ താവോയിസത്തിന്റെയോ മൗലിക കൃതികളിൽ താവോയെക്കുറിച്ച് ഒരു ധൈഷണിക ബോധം സൃഷ്ടിക്കുക മാത്രമായിരുന്നു ഉദ്ദേശ്യമെന്നു കരുതാൻ സാധ്യമല്ല. മറിച്ച് താവോവിന്റെ സങ്കല്പമനുസരിച്ച് സ്വഭാവവും പ്രവൃത്തിയും രൂപപ്പെടുത്തലായിരുന്നു ജീവിതത്തിന്റെ പരമലക്ഷ്യം.

എന്നിരുന്നാലും മുകളിൽ ഉദ്ധരിച്ച താവോ മതത്തിലെ ആധികാരിക ഗ്രന്ഥങ്ങളിൽ ധിഷണാശാലിയായ അനശ്വരനായ സ്രഷ്ടാവ് എന്ന നിലയിൽ താവോവിലുള്ള വിശ്വാസം കാലക്രമേണ മങ്ങിത്തുടങ്ങി. പക്ഷേ അന്തഃപ്രചോദനം എന്ന പേരിൽ വേഷം മാറിക്കൊണ്ട് വെളിപാടിനെ സംബന്ധിച്ചുള്ള ആശയം ഇപ്പോഴും താവോയിസത്തിൽ നിലനിൽക്കുന്നു. ഒരു ദിവ്യകേന്ദ്രത്തെപ്പറ്റി പറയാതെ വെളിപാടുകളിൽ നിന്നും അന്തഃപ്രചോദനത്തിലേ ക്കുള്ള ഈ പ്രകടമായ മാറ്റം പിൽക്കാലത്തുള്ള ആത്മീയ ചിന്തകരുടെ പ്രവണതയെ സൂചിപ്പിക്കുന്നു. അവരുടെ എഴുത്തുകളിൽ യാതൊരു വിധത്തിലുള്ള ദിവ്യത്വവും അവശേഷിപ്പിച്ചിട്ടില്ല. അന്തഃപ്രചോദനം എന്നത് അവർക്ക് തികച്ചും ശരീരത്തിനകത്തുനിന്നുമുള്ള ഒരു ആഭ്യന്തര പ്രതിഭാസമാണ്. അഗാധമായ ചിന്തയും ധ്യാനവും കൊണ്ട് സത്യത്തിന്റെ സ്രോതസ്സിലേക്ക് സ്വയം തന്നെ ഒരാൾ ആനയിക്കപ്പെടുമെന്ന് അവർ കരുതുന്നു.

ഒരാളുടെ പ്രകൃതിയിലേക്ക് ആണ്ടിറങ്ങുമ്പോൾ തീർച്ചയായും ആന്തരസത്യങ്ങളുടെ കണ്ടെത്തലിലേക്ക് അത് നമ്മെ ആനയിക്കാം. പക്ഷേ താവോയുടെ ആധികാരിക ഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരിച്ച താവോ അനുഭവങ്ങൾ പൂർണ്ണമായും ആന്തരികമായുള്ളതല്ല. ആ അന്തഃപ്രചോദനങ്ങൾക്കെല്ലാം അതിന്റേതായ പരിമിതികളുണ്ട്. അന്തഃപ്രചോദനാ

*(ശേഷം 12-ാം പേജിൽ)*

അവനെ പ്രപഞ്ചത്തിന്റെ പിതാവെന്ന് വിളിക്കാം.' (4)

മേൽ വചനങ്ങളിൽ പ്രതിപാദിച്ച താവോവിനെക്കുറിച്ചുള്ള വിവരണങ്ങൾ വിവിധ ഖുർആനിക വചനങ്ങളിൽ നമുക്ക് കാണാം. വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ച ദൈവത്തിന്റെ പ്രതിരൂപം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകൻ ഹദ്റത്ത് അഹ്മദ് (അ) സംഗ്രഹിച്ചു പറഞ്ഞത് ഇപ്രകാരമാണ്:

''അവൻ അടുത്തവനാണ് എങ്കിലും അകന്നവനാണ്. വിദൂരസ്ഥനാണ് എങ്കിലും സമീപസ്ഥനാണ്... അവൻ ഉന്നതനിൽ ഉന്നതനാണ് എന്നാൽ അവന് കീഴെ ആരെങ്കിലും ഉണ്ടെന്ന് പറയാനും സാധ്യമല്ല. അവൻ ആകാശത്തിലുണ്ട് പക്ഷേ ഭൂമിയിൽ അവൻ ഇല്ല എന്നു പറയാൻ സാധ്യമല്ല. എല്ലാ സമ്പൂർണ്ണമായ ഗുണങ്ങളുടെയും സമവായം അവനിലുണ്ട്. എന്നാൽ യഥാർത്ഥ സ്തുതികൾക്കർഹമായ ഗുണങ്ങളുടെ പ്രതിബിംബമാണവൻ'' (5)

ചൈനീസ് തത്വശാസ്ത്രത്തിന്ന് മതത്തിൽ വേരുകളുണ്ടെന്ന കാര്യം പ്രസക്തമാണ്. പക്ഷേ കാലാന്തരത്തിൽ അതിന്റെ മതപരമായ ഉത്ഭവത്തെപ്പറ്റി അവ്യക്തതകൾ ഉടലെടുത്തു. അതിന്റെ അനുയായികൾ തത്വങ്ങളിൽ മാത്രം ഒട്ടിനിന്നു. പുരാതന കാലത്ത് പുഷ്ടിപ്പെട്ടിരുന്ന അതിന്റെ പ്രഭവ കേന്ദ്രവുമായി നേരിട്ടു ബന്ധം സ്ഥാപിക്കുക എന്നത് അനാവശ്യമായി അവർ കരുതി. തുടർന്ന് ദൈവത്തിന്റെ പ്രതിരൂപം ക്രമേണ നിർവ്യക്തീകരിക്കപ്പെടുകയും താവോ മതത്തിന്റെ അനുയായികൾ സജീവമായ പരമോന്നത ബോധം എന്ന നിലക്ക് ദൈവവുമായുള്ള വ്യക്തിഗത ബന്ധം സ്ഥാപിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തു.

ചുരുക്കത്തിൽ കൺഫ്യൂഷസ് മതം പോലെ, അനന്തസത്യമാകുന്ന ഒരു വൈയക്തിക ദൈവത്തിൽ താവോ മതവും, അതിന്റെ തുടക്കത്തിൽ വിശ്വസിച്ചിരുന്നു എന്നതിൽ

ലുള്ള ഒരസ്തിത്വം വർണ്ണരഹിതമായിരിക്കാം. അവനെ ശ്രവിക്കാൻ ശ്രമിക്കാം പക്ഷേ, കേൾക്കുകയില്ല. അത്തരത്തിലുള്ള അസ്തിത്വത്തെ നിശബ്ദത എന്ന് വിളിക്കാം. ഗ്രഹിക്കാൻ ശ്രമിക്കാം. പക്ഷേ ഗ്രഹിക്കാൻ സാധ്യമല്ല. അത്തരത്തിലുള്ളത് അജ്ഞാതം എന്ന് വിളിക്കപ്പെടുന്നു. ഈ മൂന്നു ഗുണങ്ങളുടെ പരമമായ സ്രോതസ്സിനെ ഗ്രഹിക്കാൻ സാധ്യമല്ല. പക്ഷേ ഈ ഗുണങ്ങൾ ഒരു അസ്തിത്വത്തിൽ കാണപ്പെടുന്നു. അത് പ്രകാശിക്കുന്നതല്ല എങ്കിലും അവന് കീഴെ അന്ധകാരമില്ല. അനന്തമാകയാൽ അവനെ വിവരിക്കുക സാധ്യമല്ല. അവന്റെ എല്ലാ രൂപങ്ങളും ഒന്നുമില്ലായ്മയിലേക്ക് മടങ്ങുന്നു. അതുകൊണ്ട് നാം അവനെ രൂപരഹിതൻ എന്ന് വിളിക്കുന്നു. രൂപമില്ലാത്തതാണ് അവന്റെ പ്രതിരൂപം. അവൻ ഗ്രാഹ്യതക്കതീതനാണ്. (വസ്തുക്കളിൽ അവൻ അത്യപൂർവ്വമാകുന്നു). അവന്റെ ആദ്യം എത്തിപ്പിടിക്കാൻ ശ്രമിച്ചാൽ ആദ്യം അവനിൽ കാണാൻ സാധ്യമല്ല. അന്ത്യം അവനിൽ അന്വേഷിച്ചാൽ അവനിൽ അന്ത്യവും കാണാൻ സാധ്യമല്ല. അതുകൊണ്ട് പുരാതനമായ മാർഗ്ഗം പിന്തുടരുക. നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ നന്നാക്കി തീർക്കുക''(3)

മറ്റൊരു വചനത്തിൽ താവോയുടെ വിവരണം താഴെ വിവരിച്ചത് പ്രകാരമാണ്:

'അവൻ അവിഭാജ്യനാണ്. അവന്റെ യഥാർത്ഥ പ്രകൃതി ഗ്രഹിക്കാൻ സാധ്യമല്ല. എല്ലാ സൃഷ്ടികളും അവനിൽ നിന്നും ആരംഭിക്കുന്നു. ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിന് മുമ്പേ അവൻ നിലനിൽക്കുന്നു. അവൻ ഒരുവനാണ് രൂപവും ശബ്ദവും ഇല്ലാത്ത ഒരേയൊരുവൻ. യാതൊരു ആശ്രയവും കൂടാതെ അവൻ നിലനിൽക്കുന്നു. അവനിൽ യാതൊരു മാറ്റവും ഇല്ല. അവൻ നിത്യമായ ചലനത്തിലാണ്. അവൻ ഒരിക്കലും തളരുന്നില്ല.

സ്വന്തം തൂലികയിലൂടെ

ലേഖനം

# നിസ്കാരത്തിന്റെ രഹസ്യം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

## നിസ്കാരത്തിന്റെ അവർണ്ണനീയമായ ആത്മീയാനുഭൂതിയെപ്പറ്റി

മുസ്‌ലിംകൾ എന്നു പറയപ്പെടുന്നുവെന്നതിലും 'ലാ ഇലാഹ ഇല്ലല്ലാഹ്'യുടെ വക്താക്കളാണെന്നതിലും മാത്രം നിങ്ങൾ സന്തോഷിക്കുന്നവരാകരുതെന്ന് പല പ്രാവശ്യം ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. വാക്കുകളിൽ മാത്രം തൃപ്തനാകുന്നവനല്ല അല്ലാഹു എന്ന് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവർക്ക് നല്ലവണ്ണം അറിയാം. യഹൂദികളുടെ സംഭവങ്ങൾ വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തീട്ടുണ്ട്. നേരത്തെ അല്ലാഹുവിന്റെ വലിയ വലിയ അനുഗ്രഹങ്ങൾ അവർക്കുണ്ടായിരുന്നു. എന്നാൽ അവർ പറയുന്ന കാര്യങ്ങൾ നാവുകളിൽ മാത്രം ഒതുങ്ങിപ്പോകുകയും അവരുടെ ഹൃദയം ചതി, വഞ്ചന, ദുഷ്ചിന്ത തുടങ്ങിയവയാൽ നിറയുകയും ചെയ്ത കാലമെത്തിയപ്പോൾ അല്ലാഹുതആല പല രീതിയിലുള്ള ശിക്ഷകൾ അവരുടെ മേൽ ഇറക്കി. അവരിൽ ചിലരെ കുരങ്ങുകളെന്നും പന്നികളെന്നും വരെ രേഖപ്പെടുത്തുകയുണ്ടായി. വാസ്തവത്തിൽ അവരുടെ പക്കൽ തൗറാത്തും സബൂറും ഉണ്ടായിരുന്നു. അതിലുള്ള വിശ്വാസം അവർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. സകല പ്രവാചകന്മാരേയും അവർ അംഗീകരിച്ചിരുന്നു. എന്നാൽ, അല്ലാഹു അവരെ ഇഷ്ടപ്പെട്ടില്ല. കാരണം അവർ പറയുന്ന കാര്യങ്ങൾ അവരുടെ നാവിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ ഹൃദയങ്ങളിൽ അതൊന്നുമുണ്ടായിരുന്നില്ല.....

കലിമ അഥവാ അടിസ്ഥാനപരമായ വചനത്തിലേക്ക് ശ്രദ്ധിക്കുക. മനുഷ്യൻ നാവുകൊണ്ടു ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയുകയും തന്റെ ആരാധ്യൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്ന് ഹൃദയം കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. 'ഇലാഹ്' എന്നത് ഒരു അറബി പദമാണ്. ഇതിന്റെ അർത്ഥം ആരാധ്യൻ, പ്രിയപ്പെട്ടവൻ, സാക്ഷാൽ ലക്ഷ്യം എന്നൊക്കെയാണ്. മുസ്‌ലിംകൾക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്ന ഈ കലിമ വിശുദ്ധ ഖുർആന്റെ സാംരാംശമാണ്. വൻഗ്രന്ഥങ്ങൾ ഓർമ്മിച്ചുവയ്ക്കുകയെന്നത് ഓരോരുത്തർക്കും പ്രയാസമാണ്. അല്ലാഹു 'ഹക്കീം' അഥവാ യുക്തിയുക്തം പ്രവർത്തിക്കുന്നവനാണ്. അവൻ വളരെ ചെറിയ ഒരു വചനം കേൾപ്പിച്ചു. അതിന്റെ അർത്ഥം, അല്ലാഹുവിനെ മുന്തിക്കാത്തിടത്തോളം, അവനെ ആരാധ്യനാക്കാത്തിടത്തോളം, അവനെ സാക്ഷാൽ ലക്ഷ്യമാക്കാത്തിടത്തോളം കാലം മനുഷ്യന് മോക്ഷം ലഭിക്കുക സാധ്യമല്ല എന്നാകുന്നു. നബിവചനത്തിൽ വന്നിരിക്കുന്നു: 'മൻ ഖാല ലാ ഇലാഹ ഇല്ലല്ലാഹു ഫദഖലൽ ജന്നത്ത്'. ആരാണോ ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞത് അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. ഈ നബിവചനത്തിന്റെ പൊരുൾ മനസ്സിലാക്കുന്നതിൽ ജനങ്ങൾ വഞ്ചിതരായിരിക്കുന്നു. കലിമ പറയുന്നതുകൊണ്ടു മാത്രം മനുഷ്യന് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയുമെന്ന് അവർ ധരിച്ചിരിക്കുകയാണ്. വാക്കുകളുമായി ബന്ധം വയ്ക്കുന്നവനല്ല അല്ലാഹു. അവൻ ഹൃദയവുമായിട്ടാണ് ബന്ധം വയ്ക്കുന്നത്. യഥാർത്ഥത്തിൽ ഈ കലിമയുടെ പൊരുൾ തങ്ങളുടെ ഹൃദയത്തിൽ പ്രവേശിപ്പിക്കുകയും അല്ലാഹുവിന്റെ മഹത്വം പൂർണ്ണമായും ഹൃദയങ്ങളിൽ കുടിയിരുത്തുകയും ചെയ്യുന്നവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നാണ് ഇതിന്റെ താൽപര്യം. ഒരാൾ സത്യസന്ധമായ നിലയിൽ കലിമയുടെ വിശ്വാസിയായിത്തീരുമ്പോൾ അല്ലാഹു അല്ലാതെ മറ്റൊന്നും അവന് പ്രിയപ്പെട്ടതായിരിക്കുകയില്ല. അല്ലാഹു അല്ലാതെ മറ്റൊന്നും അവന്റെ ആരാധ്യനായിരിക്കുകയില്ല.

സാക്ഷാൽ ലക്ഷ്യവും അല്ലാഹു അല്ലാതെ മറ്റൊന്നായിരിക്കുകയില്ല. ആത്മീയപാതയിൽ ഉന്നതസ്ഥാനങ്ങൾ പ്രാപിച്ച അബ്ദാലിന്റെയും ഖുത്വുബിന്റേയും ഗൗഥിന്റേയും സ്ഥാനമാണിത്. അത് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന കലിമയിൽ ഹൃദയം കൊണ്ടു വിശ്വസിക്കുക എന്നതു തന്നെയാണ്....

ഈ പരിശുദ്ധ കലിമ അല്ലാഹു അല്ലാതുള്ള സകല ആരാധ്യരേയും നിഷ്പ്രഭമാക്കുന്നു. ആന്തരികവും ബാഹ്യവുമായ എല്ലാ ആരാധ്യരേയും പുറത്തേക്ക് വലിച്ചെറിഞ്ഞ് ഏകനായ അല്ലാഹുവിനുവേണ്ടി സ്വന്തം ഹൃദയത്തെ പരിശുദ്ധമാക്കേണ്ടതാണ്. ചില ബിംബങ്ങൾ പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നവയാണെങ്കിൽ ചിലത് സൂക്ഷ്മാൽ സൂക്ഷ്മമായ ബിംബങ്ങളാണ്.... ജനങ്ങൾ തങ്ങളുടെ കക്ഷങ്ങളിൽ ഇറുക്കിപ്പിടിച്ച് നടക്കുന്ന ആ സൂക്ഷ്മമായ ബിംബങ്ങളെ പുറത്താക്കുക എന്നത് ദുഷ്ക്കരമായൊരു കാര്യമാണ്. വലിയ വലിയ തത്ത്വചിന്തകന്മാർക്കും വിദ്വാന്മാർക്കും അവയെ തങ്ങളുടെ ഉള്ളിൽ നിന്ന് പുറത്താക്കാൻ സാധ്യമല്ല. ദൈവാനുഗ്രഹത്തിന്റെ സൂക്ഷ്മദർശിനിയിലൂടെയല്ലാതെ കാണാൻ കഴിയാത്ത അതിസൂക്ഷ്മമായ കീടങ്ങളാണത്. മനുഷ്യന് അത് വലിയ നഷ്ടം വരുത്തിവയ്ക്കുന്നു. അല്ലാഹുവിന്റെയും സ്വന്തം വർഗ്ഗത്തിലുള്ളവരുടെയും അവകാശങ്ങൾ ധ്വംസിച്ച മനുഷ്യനെ പരിധിക്കപ്പുറത്തേക്ക് കൊണ്ടുപോകുന്ന ആ ബിംബം ശാരീരികേച്ഛകളാണ്. ആലിം, ഫാളിൽ, മൗലവി എന്ന് പറയപ്പെടുന്ന വിദ്യാസമ്പന്നർക്കും നബിവചനങ്ങൾ പാരായണം ചെയ്യുന്നവർക്കും തങ്ങളിലുള്ള ഈ ബിംബങ്ങളെ തിരിച്ചറിയാൻ സാധിക്കുന്നില്ല. അവരതിനെ പൂജിക്കുന്നു. ഈ ബിംബങ്ങളിൽ നിന്ന് രക്ഷപ്പെടുക എന്നത് വീരയോദ്ധാവിന്റെ പ്രവൃത്തിയാണ്. ഈ വിഗ്രഹങ്ങളുടെ പിന്നാലെ പോകുന്നവർ പരസ്പരം കപടത വെച്ചുപുലർത്തുന്നവരാണ്. പരസ്പരം അവകാശങ്ങൾ ധ്വംസിക്കുന്നവരും തങ്ങൾ ഒരു ഇരയെ വേട്ടയാടിയിരുന്നുവെന്നു മനസ്സിലാക്കുന്നവരുമാണ്. അവർ അതിരുവിട്ട് അസ്ബാബ് അഥവാ കാരണങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നവരാണ്. അവർ ആശ്രയിക്കുന്നതു മുഴുവൻ (അല്ലാഹുവിനെ വിട്ട്) ഈ കാരണങ്ങളെത്തന്നെയായിരിക്കും. ഇക്കാര്യങ്ങളെ കഴുത്തു ഞെരിച്ചു കൊല്ലാത്തിടത്തോളം കാലം തൗഹീദ് അഥവാ ഏകദൈവത്വ വിശ്വാസം നിലനിൽക്കുകയില്ല."

(ജൽസാ സാലാന പ്രഭാഷണം 1906 പേ: 1–5)

ലാ ഇലാഹ ഇല്ലല്ലായുടെ ഉള്ളടക്കം കേട്ടതിനുശേഷം നിസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. അത് കൃത്യതയോടെ അനുഷ്ഠിക്കാൻ വിശുദ്ധ ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് താക്കീതു ചെയ്തിരിക്കുന്നു. പക്ഷേ, അതിനോടൊപ്പം ഇങ്ങനെയും പറഞ്ഞിരിക്കുന്നു. 'വയ്‌ലുല്ലിൽ മുസ്വല്ലീനല്ലദീനഹും അൻ സ്വലാത്തിഹിം സാഹൂൻ' നിസ്ക്കാരത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അജ്ഞരായ നിസ്ക്കാരക്കാർക്ക് നാശം. വേർപാടിന്റെ നേരത്ത് തനിക്ക് കൂടിക്കാഴ്ചയും സമാഗമവും ലഭിക്കുന്നതിനായി ദൈവസവിധത്തിൽ മനുഷ്യൻ കരഞ്ഞും വിലപിച്ചും നടത്തുന്ന ഒരു അർത്ഥനയാണ് നിസ്കാരമെന്ന് മനസ്സിലാക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, അല്ലാഹു വിശുദ്ധനാക്കാത്തിടത്തോളം ആർക്കും വിശുദ്ധനാകാൻ സാധ്യമല്ല. അവൻ സ്വയം കൂടിക്കാഴ്ച അനുവദിക്കാത്തിടത്തോളം ആർക്കും അവനുമായി കൂടിക്കാഴ്ച നടത്താനും സാധ്യമല്ല. പലവിധത്തിലുള്ള വളയങ്ങളും ചങ്ങലകളും മനുഷ്യന്റെ കഴുത്തിൽ വീണു കിടക്കുകയാണ്. അത് മാറണമെന്ന് അവൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും മാറുന്നില്ല. വിശുദ്ധനാകണമെന്നാഗ്രഹമുണ്ടായിട്ടും മനുഷ്യന് നഫ്സെലവ്വാമ അഥവാ സ്വയം ശാസകാത്മാവിന്റെ പ്രകമ്പനത്തിന് വിധേയനായിപ്പോകുന്നു. പാപങ്ങളിൽ നിന്ന് വിശുദ്ധനാക്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. ശക്തി ചെലുത്തി വിശുദ്ധനാക്കാൻ അവനല്ലാതെ ആർക്കും സാധ്യമല്ല. അതുകൊണ്ട് പരിശുദ്ധമായ വികാരങ്ങൾ ഉണ്ടാക്കിത്തീർക്കുന്നതിനുവേണ്ടിയാണ് അല്ലാഹു നിസ്ക്കാരം വെച്ചിട്ടുള്ളത്. എന്താണ് നിസ്കാരം? ദുഷ്ചിന്തകളേയും ദുരാഗ്രഹങ്ങളേയും ദൂരീകരിക്കാനും പരിശുദ്ധ സ്നേഹവും പരിശുദ്ധ ബന്ധവും ലഭിക്കാനും ദൈവികകല്പനകൾക്ക് വിധേയമായി ജീവിക്കാനും വേണ്ടി വേദനയോടും സങ്കടത്തോടും ചൂടോടും കൂടി അല്ലാഹുവിനോട് സഹായം തേടുന്ന ഒരു പ്രാർത്ഥനയാണ് നിസ്കാരം. ദുആ അഥവാ പ്രാർത്ഥന നാവുകൊണ്ടുമാത്രമുള്ളതല്ലെന്നും പ്രത്യുത അതിനോടൊപ്പം ഉള്ളിൽ നീറ്റലും ജ്വലനവും ചൂടും ഉണ്ടാകേണ്ടത് നിർബന്ധമാണെന്നും 'സ്വലാത്ത്' എന്ന പദം വിളിച്ചോതുന്നു. ദുആയിൽ മനുഷ്യൻ ഒരു മരണാവസ്ഥ പ്രാപിക്കാതെ കണ്ട് അല്ലാഹു തആല അതു സ്വീകരിക്കുകയില്ല....

നിസ്കാരം വലിയ ഭാരിച്ച പദവിയിലുള്ള ദുആയാണ്. എന്നാൽ, ജനങ്ങൾ അതിനെ വിലമതിക്കുന്നില്ല. ഇക്കാലത്ത് മുസ്‌ലിംകൾ ജപങ്ങളിൽ മാത്രമാണ് ശ്രദ്ധിക്കുന്നത്. നൗശാഹി, നഖ്ശ്ബന്ദി തുടങ്ങിയ നിരവധി കക്ഷികളുണ്ട്. വേദനയോടെ പറയട്ടെ, അവരിൽ ആരും തന്നെ അനാചാരങ്ങളുടെ ദുസ്സ്വാധീനത്തിൽ നിന്ന് ഒഴിവല്ല. നിസ്കാരത്തിന്റെ യാഥാർത്ഥ്യത്തിൽ നിന്ന് ഇവർ അജ്ഞരാണ്. ദൈവികകല്പനകളെ അവഗണിക്കുന്നു. നിസ്കാരം നിലവിലിരിക്കെ ദുആ ചെയ്യുന്നവന് ഈ അനാചാരങ്ങളുടെയൊന്നും ഒരാവശ്യവുമില്ല. ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ വുളുചെയ്ത് നിസ്കരിക്കുകയും അതിൽ ദുആ ചെയ്യുകയും ചെയ്യുക എന്നതായിരുന്നു നബി(സ) തിരുമേനിയുടെ രീതി. നിസ്കാരത്തേക്കാൾ അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുപോകുന്ന ഒരു വസ്തുവും ഇല്ലെന്നത് നമ്മുടെ അനുഭവമാണ്. നമസ്കാരത്തിന്റെ ഭാഗങ്ങൾ, മര്യാദയും വിനയും എളിമയും ഉൾക്കൊള്ളുന്നതും പ്രകടിപ്പിക്കുന്നതുമാണ്. നമസ്കാരത്തി

നായി നിൽക്കുമ്പോൾ കൈകെട്ടി നിൽക്കുന്നു; ഒരു അടിമ തന്റെ യജ മാനന്റേയും രാജാവിന്റേയും മുന്നിൽ മര്യാദയോടുകൂടി നിൽക്കുന്നതു പോലെ റുക്കൂഇൽ മനുഷ്യൻ വിനയ ത്തോടെ കുനിയുന്നു. അത്യധികമായ വിനയം സുജൂദിലാണ്. അത് പരമ മായ വിനായവസ്ഥ പ്രകടിപ്പിക്കുന്നു.

(ജൽസാ സാലാന പ്രഭാഷണം 1906 പേ: 6–8)

നിസ്കാരങ്ങൾ മുടങ്ങാതെ കൃത്യതയോടെ അനുഷ്ഠിക്കുക. ചില യാളുകൾ ഒരു നേരം മാത്രം നിസ്ക രിക്കുന്നവരാണ്. നിസ്കാരം മാപ്പാകു കയില്ലെന്ന് അവർ ഓർക്കേണ്ടതാണ്. പ്രവാചകന്മാർക്കുപോലും നിസ്കാരം മാപ്പാക്കിയിട്ടില്ല.

ഹദീസിൽ വന്നിരിക്കുന്നു. നബി തിരുമേനി (സ)യുടെയടുക്കൽ ഖുതുവിശ്വാസികളുടെ ഒരു സംഘം വന്നു. നിസ്കാരം മാപ്പാക്കിത്തരണ മെന്ന് പറഞ്ഞു. അവിടന്ന് പറഞ്ഞു: കർമ്മമില്ലാത്ത മതം ഒരു മതമേയല്ല.

(മൽഫൂസാത്ത് വാള്യം 1 പേ: 254)

വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: അല്ലാഹുവിനോട് സത്യസ ന്ധമായ ബന്ധവും യഥാർത്ഥമായ അടുപ്പവും നിലനിറുത്താനാഗ്രഹിക്കു ന്നെങ്കിൽ നിസ്കാരത്തിൽ ബദ്ധശ്രദ്ധ രാവുക. നിങ്ങളുടെ ശരീരം, നിങ്ങ ളുടെ നാവല്ല പ്രത്യുത നിങ്ങളുടെ ആത്മാവിന്റെ ആഗ്രഹങ്ങളും വികാര ങ്ങളുമെല്ലാം നിസ്കാരമായിത്തീരു വോളം നിങ്ങൾ നിസ്കാരത്തിൽ ബദ്ധ ശ്രദ്ധരാകുക. (മൽഫൂസാത്ത് വാള്യം 1 പേ: 163).

എന്താണ് നിസ്ക്കാരം? നി സ്ക്കാരം യഥാർത്ഥത്തിൽ ആദരമുടയ വനായ രക്ഷിതാവിനോടു ചെയ്യുന്ന പ്രാർത്ഥനയാണ്. ഇതുകൂടാതെ മനു ഷ്യന് ജീവിക്കാൻ സാധ്യമല്ല. സൗഖ്യവും സന്തോഷവും അവന് ലഭിക്കുകയുമില്ല. അല്ലാഹു അനു ഗ്രഹം വർഷിക്കുന്ന നേരത്താണ് അവന് യഥാർത്ഥമായ സന്തോഷവും ആനന്ദവും ലഭിക്കുന്നത്. ആ സമയം മുതൽ സ്വാദിഷ്ടമായ ഭക്ഷണം കഴി ക്കുമ്പോൾ ഉണ്ടാകുന്ന രുചിപോലെ അവൻ നിസ്ക്കാരങ്ങളിൽ രുചിയും താൽപര്യവും ഉണ്ടായിത്തുടങ്ങുന്നു. ഇപ്രകാരം വീണ്ടും കേഴലിന്റെയും നിലവിളിയുടെയും രുചി ലഭിക്കുന്നതാ ണ്. നിസ്കാരത്തിന്റെ ഈ അവസ്ഥ ഉണ്ടാകുന്നതാണ്. അതിനുമുമ്പേ, രോഗത്തിൽ നിന്ന് വിമുക്തി ലഭിക്കു ന്നതിനുവേണ്ടി കയ്പുള്ള മരുന്ന് കഴി ക്കുന്ന അവസ്ഥയായിരുന്നു ഉണ്ടായി രുന്നത്. ഇപ്രകാരം താല്പര്യമില്ലാതെ അനുഷ്ഠിക്കുന്ന ആ നിസ്കാരം അനു ഷ്ഠിക്കേണ്ടതും ദുആ ചെയ്യേണ്ടതും അത്യാവശ്യമാണ്. താൽപര്യമില്ലാത്ത അവസ്ഥയിൽ രുചിയും താൽപര്യവും ലഭിക്കുന്നതിനുവേണ്ടി ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ് :

"അല്ലാഹുവേ, ഞാൻ എത്ര മാത്രം അന്ധനും കുരുടനുമാണെന്ന് നീ കാണുന്നു. ഞാൻ ഈ നേരത്ത് തികച്ചും മരിച്ച അവസ്ഥയിലാണ്. കുറച്ചു നിമിഷങ്ങൾക്കുശേഷം വിളി വരുമെന്ന് എനിക്കറിയാം. അപ്പോൾ ഞാൻ നിന്നിലേക്ക് വരുന്നതാണ്. അപ്പോൾ ആർക്കും എന്നെ തടഞ്ഞു വെക്കാൻ പറ്റുകയില്ല. പക്ഷേ, എന്റെ ഹൃദയം അന്ധത നിറഞ്ഞവും നിറ ഞ്ഞ തിരിച്ചറിയാത്തതുമാണ്. നിന്റെ സ്നേഹവും നിന്നോടുള്ള താൽപ ര്യവും ഉണ്ടാകുന്നതിനുവേണ്ടി, നീ ഈ ഹൃദയത്തിൽ പ്രകാശത്തിന്റെ ജ്വാല ഇറക്കിയാലും. അന്ധനായി എ ഴുന്നേൽക്കാതിരിക്കാനും അന്ധരുടെ കൂട്ടത്തിൽ ചെന്നുചേരാതിരിക്കാനും നീ എന്നെ അനുഗ്രഹിച്ചാലും."

ഇത്തരത്തിലുള്ള പ്രാർത്ഥന കൾ നിരന്തരം ചെയ്തുകൊണ്ടിരിക്കു മ്പോൾ, താൽപര്യമില്ലാതെ അവൻ അനുഷ്ഠിക്കുന്ന നിസ്കാരത്തിൽ ആകാശത്തു നിന്ന് ഒരു വസ്തു വന്നു വീഴുന്നതും, അതവനിൽ കരച്ചിലുണ്ടാ ക്കുന്നതുമായ ഒരു സമയം വന്നുചേ രുന്നതുമാണ്. (മൽഫൂസാത് വാള്യം 4 പേ : 321).

**വിവ: മുഹമ്മദ് ഇസ്മായിൽ** ■

*(9 -ാം പേജിൽ നിന്ന് തുടർച്ച)*

നുഭവങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തിയുടെ അനുഭവത്തിനു പുറത്ത് നിൽക്കുന്ന വസ്തുനിഷ്ഠാ യാഥാർത്ഥ്യങ്ങളിലേക്ക് അന്തഃ പ്രചോദനങ്ങൾക്ക് പ്രവേശിക്കാൻ സാധ്യമല്ല.

താവോമതത്തിന്റെ അടി സ്ഥാനം ഫുഷീയുടെ മഹൽ ദർശ നങ്ങളാണ്. അന്തഃപ്രചോദനങ്ങളുടെ നിർവ്വചനം എത്ര തന്നെ വലിച്ചുനീ ട്ടിയാലും ആ ദർശനങ്ങളിൽ അവ ആരോപിക്കാൻ സാധ്യമല്ല. പിൽക്കാ ലത്ത് ഉടലെടുത്ത ഉന്നതവും സങ്കീർണ്ണവുമായ ചൈനീസ് തത്ത്വ ശാസ്ത്രങ്ങൾക്കും ശാസ്ത്രങ്ങൾ ക്കും ജന്മം നൽകിയ ജ്ഞാനങ്ങ ളുടെ ഉറവിടം ഫുഷീ ദർശനങ്ങ ളുടെ വ്യാഖ്യാനങ്ങളാണ്.

ഈ വീക്ഷണകോണിൽ ഇക്കാ ര്യം വിശദീകരിക്കാൻ ഈ വിവരണം മതി. അന്തഃപ്രചോദനങ്ങ ൾ ഒരി ക്കലും തന്നെ പ്രവചനങ്ങൾ ക്ക് ജന്മം നൽകുന്നില്ല. സർവ്വജ്ഞനായ ദൈവത്തിന്റെ അസ്തിത്വത്തിന് സാക്ഷ്യം എന്ന നിലക്ക് പ്രവചനങ്ങ ളെപ്പോലെ അന്തഃപ്രചോദനങ്ങൾ ഭാവി സംഭവങ്ങളിലേക്ക് യാതൊരു വിധത്തിലും നയിക്കുന്നില്ല.

**Reference:**


1. Translation, 2:139 by the author.

2. DAN. L. (1969) The works of Lao Tzyy. Truth and Nature, The World Book Co. Ltd., Taipei, Taiwan, China Ch: 34. P. 17.

3. Ibid Ch: 14, P6.

4. Ibid Ch: 25. P. 12

5. Al-wasiyyath, Roohani Khazain 1984 edition Vol. 20, P. 310


■

## ലേഖനം

# "ഖത്തമുന്നുബുവ്വത്ത്"

**മുഹമ്മദ് ഉമർ എച്ച്.എ.**

**ഖാത്തമുന്നബിയ്യീനായ റസൂൽ തിരുമേനി (സ) യുടെ അനുസാരിത്വം കൊണ്ട് നുബുവ്വത്തിന്റെ പദവി വരെ മനുഷ്യന് ലബ്ധമാകും. തിരുമേനി (സ) യുടെ ആത്മീയ പ്രജനന ശക്തിയിൽ നബിമാർ വരെയുള്ള ആത്മീയ സന്താനങ്ങൾ ജന്മം കൊള്ളുന്നു.**

ദൈവം തന്റെ സ്വന്തം പ്രതിഛായയിൽ സൃഷ്ടിച്ച മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടി. വൈഭവം വിളിച്ചോതുന്ന അതുല്യ സൃഷ്ടിയാണ്.

وَلَقَدْ كَرَّمْنَا بَنِيٓ اٰدَمَ وَحَمَلْنٰهُمْ فِى الْبَرِّ وَالْبَحْرِ وَرَزَقْنٰهُمْ مِّنَ الطَّيِّبٰتِ وَفَضَّلْنٰهُمْ عَلٰى كَثِيْرٍ مِّمَّنْ خَلَقْنَا تَفْضِيْلًا

"തീർച്ചയായും നാം ആദം സന്തതികളെ ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽ നിന്നും അവർക്ക് ആഹാരം നൽകുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു." (17:71)

മനുഷ്യന്റെ ശാരീരികവും ഭൗതികവും ആയ വളർച്ചക്കും പുരോഗതിക്കും വേണ്ടി ദൈവം ഭൂമിയെയും അതിലെ ചരാചരങ്ങളെയും സൃഷ്ടിച്ചതുപോലെ (2:30) അവന്റെ ആത്മീയോൽക്കർഷത്തിന്നും പുരോഗതിക്കും അവന്റെ ഭൗതികവും ആത്മീയവും ആയ മാർഗ്ഗദർശനത്തിന്നുമായി പ്രവാചകന്മാരെയും ദൂതന്മാരെയും അയച്ചുകൊണ്ടിരുന്നു. ഈയൊരു സംവിധാനം ദൈവം തന്റെ ഉത്തമസൃഷ്ടിയായ മനുഷ്യന്നുവേണ്ടി മാത്രമാണ് പ്രദാനം ചെയ്തിരിക്കുന്നത്. അല്ലാഹു പറയുന്നു:

يٰبَنِيٓ اٰدَمَ اِمَّا يَأْتِيَنَّكُمْ رُسُلٌ مِّنْكُمْ يَقُصُّوْنَ عَلَيْكُمْ اٰيٰتِيْ فَمَنِ اتَّقٰى وَاَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ

അല്ലയോ, ആദം സന്തതികളേ, (മനുഷ്യസമുദായമേ) എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു വിവരിച്ചുതരുന്നതിന്നായി നിങ്ങളിൽ നിന്നു തന്നെയുള്ള (എന്റെ) ദൂതന്മാർ നിങ്ങളുടെ അടുക്കെ വരുന്നതായാൽ സൂക്ഷ്മത കൈക്കൊള്ളുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്യുന്നവർക്ക് യാതൊരു ഭയമോ വ്യസനമോ ഉണ്ടായിരിക്കുകയില്ല. (7:36)

ഇവിടെ ഭൂമുഖത്ത് മനുഷ്യൻ നിലനിൽക്കുന്നിടത്തോളം കാലം ദൈവത്തിന്റെ പ്രവാചക നിയോഗം എന്ന ദിവ്യ പ്രക്രിയ നിലനിന്നുവരുന്നതാണെന്നു മനസ്സിലാവുന്നു. 'യാ ബനീ ആദമ' എന്ന് ഖുർആൻ സംബോധന ചെയ്ത സ്ഥലങ്ങളിലെല്ലാം തന്നെ വിശുദ്ധ ഖുർആന്റെ അനുസാരികളാണുദ്ദേശ്യം എന്നു ഹദ്റത്ത് ഇമാം സുയൂത്തി അരുൾ ചെയ്യുന്നു.

ഇത് അക്കാലത്തുള്ളവരോടും അതിന്നുശേഷമുള്ള എല്ലാരോടുമുള്ള സാർവ്വകാലികമായ അഭിസംബോധനയാണെന്ന് അൽഇത്ഖാൽ വാള്യം 9 അദ്ധ്യായം 51, ഭാഗം 34ൽ പറയുന്നു.

അല്ലാഹു വിവിധ കാലഘട്ടങ്ങളിലും വിവിധ സമുദായങ്ങളിലും തന്റെ ദൂതന്മാരെ നിയോഗിച്ചുകൊണ്ടിരിക്കുന്നതായി വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി പ്രസ്താ

വിക്കുന്നു.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولًا

ഓരോ സമുദായത്തിലും നാം ഓരോ ദൂതനെ അയച്ചിട്ടുണ്ട് (16:37)

وَإِنْ مِنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ

ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നിട്ടില്ലാത്ത ഒരു സമുദായവും ഇല്ല തന്നെ. (35:25)

ആത്മീയതയുടെ പരമപഥം പൂകിയ ഹദ്റത്ത് മുഹമ്മദ് നബി(സ) മനുഷ്യകുലത്തിന്റെ അദ്ധ്യാത്മിക വികാസത്തിന്റെ പരിപൂർണ്ണതയെ കുറിക്കുന്നു. സാർവ്വ ജനീനനവും സാർവ്വകാലികവുമായ ഒരു മതജീവിതക്രമം അഥവാ ന്യായപ്രമാണം അതോടെ മനുഷ്യകുലത്തിന് ലബ്ധമായി. ദേശബദ്ധമായ പ്രവാചകനിയോഗങ്ങൾ റദ്ദാക്കപ്പെടുകയും സമ്പൂർണ്ണ മാർഗ്ഗദർശകനായി ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) നിയോഗിതനാവുകയും ചെയ്തു. അദ്ദേഹത്തോടു അല്ലാഹു കല്പിച്ചു:

അല്ലയോ മുഹമ്മദു നബിയെ! അങ്ങുന്നു പ്രഖ്യാപിക്കുക. ഓ മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലെല്ലാവർക്കുമായി (നിയുക്തായ) ആകാശഭൂമികളുടെ നാഥനിൽ നിന്നുമുള്ള ദൂതനാകുന്നു. (7:159)

വീണ്ടും അരുൾ ചെയ്യുന്നു.

നാം നിന്നെ മുഴുലോകത്തിന്നും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല (21:108).

സർവ്വലോകങ്ങൾക്കും ഉള്ള ദൂതനും കാരുണ്യവാനുമായിട്ടവതീർണ്ണരായ ഹദ്റത്ത് റസൂൽ കരിം(സ) തിരുമേനിയുടെ ആഗമനത്തോടുകൂടി പ്രവാചകാവതാര ദിശയിൽ അതിമഹത്തായ ഒരു മാറ്റം വന്നുഭവിക്കുകയുണ്ടായി. ഇനിമേൽ ഹദ്റത്ത് മുഹമ്മദു നബി മുഖേനയല്ലാതെ അദ്ദേഹത്തെ പരിപൂർണ്ണമായും അനുസരിച്ചാലല്ലാതെ ഈ ദൈവികാനുഗ്രഹം ആർക്കും തന്നെ ലഭിക്കുന്നതല്ല.

ഇതുസംബന്ധിച്ച് അല്ലാഹുത്തആല അരുൾ ചെയ്യുന്നു:

അല്ലാഹുവിനെയും ഹദ്റത്ത് റസൂൽ കരിം(സ) തിരുമേനിയേയും പരിപൂർണ്ണമായും അനുസരിക്കുന്നവർ നബിമാർ സിദ്ദീഖുകൾ, ശഹീദുകൾ, സ്വാലിഹീങ്ങൾ എന്നീ അനുഗൃഹീതരിൽ പെട്ടവരായിരിക്കും. ഇവരത്രെ നല്ല കൂട്ടുകാർ 4:69, 70. അതായത് റസൂൽ തിരുമേനിയുടെ ആഗമനത്തോടുകൂടി അല്ലാഹുവിനെയും നബിതിരുമേനി(സ)യെയും പരിപൂർണ്ണമായി അനുസരിക്കുന്നവർക്ക് മാത്രമേ പ്രസ്തുത നാലു ആത്മീയാനുഗ്രഹങ്ങൾ ലഭിക്കുകയുള്ളൂ. അതായത് ഈ ഉമ്മത്തിൽ സിദ്ദീഖ്, ശഹീദു, സ്വാലിഹ് എന്നിവർ ഉണ്ടാകുന്നതുപോലെ നബിത്വപദവിയും അല്ലാഹു ഇച്ഛിക്കുന്നവർക്കു ലഭിക്കുന്നതാണ്.

എന്നാൽ ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടെ ആഗമനത്തോടുകൂടി നുബുവ്വത്ത് എന്ന ആത്മീയാനുഗ്രഹം എന്നെന്നേക്കുമായി അവസാനിച്ചുപോയി എന്നു മുസ്ലിംകളിൽ ബഹുഭൂരിഭാഗവും വിശ്വസിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ ഹദ്റത്ത് നബികരിം (സ) തിരുമേനിക്കു നൽകിയിരിക്കു ന്ന ത്വാഹാ–യാസീൻ, റഊഫ്, റഹീം, റഹ്മത്തുൽലാൽ ആലമീൻ, എന്നീ 99ലധികം വിശിഷ്ട ഗുണങ്ങളെയെല്ലാം അവഗണിച്ചുകൊണ്ട് അദ്ദേഹത്തിന്റെതല്ലാത്ത, ദൈവത്തിൽ നിന്നും അദ്ദേഹത്തിന്ന് ലഭ്യമായിട്ടില്ലാത്ത അന്ത്യ പ്രവാചകൻ, അവസാനത്തെ പ്രവാചകൻ എന്നീ വിശേഷഗുണ (?)ങ്ങളോടെയാണനുസ്മരിക്കപ്പെടുന്നതെന്നത് വളരെ ഖേദകരമാണ്.

ഒരു പ്രവാചകൻ അവതരിച്ചാൽ അതോടുകൂടി പ്രവാചകത്വപദവി നിലച്ചുപോയി എന്ന അബദ്ധ വിശ്വാസം ആദിമുതലേ ഉള്ളതായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. ഹദ്റത്ത് യൂസുഫ് നബ(അ)യെക്കുറിച്ചു അല്ലാഹു അരുൾ ചെയ്യുന്നു: യൂസുഫ് വ്യക്തമായ തെളിവുകളോടുകൂടി മുമ്പു നിങ്ങളുടെ അടുക്കെ വന്നിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹം നിങ്ങൾക്കായി കൊണ്ടുവന്നതിനെക്കുറിച്ചു നിങ്ങൾ സംശയത്തിലായിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ, അദ്ദേഹത്തിന്നുശേഷം അല്ലാഹു ഒരിക്കലും ഒരു ദൂതനെയും അയക്കുന്നതല്ല എന്നു നിങ്ങൾ പറഞ്ഞു. ഇപ്രകാരം അതിരുകവിഞ്ഞു പ്രവർത്തിക്കുന്നവരും സംശയാലുക്കളും വഴിപിഴച്ചവരാണെന്ന് അല്ലാഹു തീരുമാനിക്കുന്നു. തങ്ങൾക്കു വന്നുകിട്ടിയ ഒരു പ്രമാണവും കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ കുതർക്കം ചെയ്യുന്നവരാണവർ. അല്ലാഹുവിന്റെയും വിശ്വസിച്ചവരുടെയും അടുക്കൽ വരെ കോപകരമായ കാര്യമാണിത്. ഇപ്രകാരം തന്നിഷ്ടക്കാരനും അഹങ്കാരിയും ആയവന്റെ ഹൃദയത്തിൽ മേൽ അല്ലാഹു മുദ്രവെക്കുന്നതാണ്. (40:35)

ഇവിടെ ഒരു പ്രവാചകൻ അവതരിച്ചതിന്നുശേഷം ഇനി ആരെയും അല്ലാഹു പ്രവാചകനായിട്ടു അയക്കുന്നതല്ല എന്നു മുറവിളി കൂട്ടുന്നവരെക്കുറിച്ചാണു അല്ലാഹു, അവർ അതിരുകവിഞ്ഞു പ്രവർത്തിക്കുന്നവരും സംശയാലുക്കളും വഴിപിഴച്ചവരും ഒരു പ്രമാണവും കൂടാതെ ദൈവവചനങ്ങളുടെ കാര്യത്തിൽ കുതർക്കം ചെയ്യുന്നവരും ദൈവത്തിന്റെയും വിശ്വാസികളുടെയും പക്കൽ കോപകരമായ കാ ര്യം ചെയ്യുന്നവരും തന്നിഷ്ടക്കാരും, അഹങ്കാരികളും ഹൃദയത്തിന്മേൽ ദൈവത്താൽ മുദ്ര പതിപ്പിക്കപ്പെട്ടവരുമാണെന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു, നിങ്ങൾ ധരിക്കുന്നതുപോലെ അല്ലാഹു ഒരിക്കലും ഒരു ദൂതനെയും നിയോഗിച്ചയക്കുകയില്ലെന്ന് അവരും ധരിച്ചിരുന്നു. (72:8).

മൂസാനബിയുടെ സമുദായവും അദ്ദേഹത്തിന്നുശേഷം ഒരു പ്രവാച

കനും ഇല്ല എന്നു (മുസല്ലമുസ്സു ബൂത്ത് വോ. 2 പേ. 870) വാദിച്ചിരുന്നു. ഈസാനബിക്കുശേഷം ഒരു ദൈവദൂതനും ഇതുവരെ വന്നിട്ടില്ല. ഇനി വരികയും ഇല്ല എന്നു ക്രിസ്ത്യാനികളും വാദിക്കുന്നു.

ഇതേ വാദം തന്നെയാണ് ഇന്നത്തെ മുസ്ലിംകളും വെച്ചു പുലർത്തുന്നത്.

എന്നാൽ ഹ: നബി കരിം(സ) അവസാനത്തെ പ്രവാചകനാണെന്നു വരുത്തുന്നതിന്നു മുസ്ലിംകളുടെ കൈയ്യിലുള്ള ഏകതെളിവ് അദ്ദേഹം ഖാത്തമുന്നബിയ്യിൻ ആണെന്നു വിശേഷിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഖുർആനിക വചനമല്ലാതെ നബിതിരുമേനി(സ) അന്ത്യപ്രവാചകനാണെന്ന് കാണിക്കുവാൻ വിശുദ്ധ ഖുർആനിൽ നിന്നും ഇവർക്കു ഉദ്ധരിക്കുവാൻ ഒരാധാരവും ഇല്ല എന്നത് സത്യമാണ്. ഉപര്യുക്ത ആയത്ത് ഇതാണ്.

മുഹമ്മദു നബി(സ) നിങ്ങളിൽ നിന്നുള്ള ഒരു പുരുഷന്റെയും പിതാവല്ല. എന്നാൽ അദ്ദേഹം അല്ലാഹുവിന്റെ തിരുദൂതരും ഖാത്തമുന്നബിയിനുമാണ് (33:41). ഇതിലുള്ള 'ഖാത്തം' എന്ന വാക്കിന്ന് അന്ത്യൻ എന്ന അർത്ഥം കൊടുത്തുകൊണ്ടാണ് ഖാത്തമുന്നബിയ്യീന്ന് അന്ത്യപ്രവാചകൻ എന്ന അർത്ഥം അധികമാളുകളും കൊടുക്കുന്നത്. ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നതിന്നുമുമ്പ് അഹ്മദികൾ ഹദ്റത്ത് നബി കരിം(സ) തിരുമേനിയെ ഖാത്തമുന്നബിയ്യിൻ ആണെന്നു വിശ്വസിക്കാത്തവരും ആ പുണ്യാത്മാവിന്റെ ഖാത്തമുന്നുബുമ്മത്ത് എന്ന സ്ഥാനത്തെ അംഗീകരിക്കാത്തവരും ആണെന്ന ആരോപണത്തെക്കുറിച്ചു പ്രതിപാദിക്കും. ഈ ആരോപണത്തെ നിഷേധിച്ചുകൊണ്ട് ഹസ്റത്ത് അഹ്മദു(അ) അരുൾ ചെയ്യുന്നു.

"ഞാൻ നബിതിരുമേനി(സ)യെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നില്ലെന്ന് എന്റെയും എന്റെ അനുചരസംഘത്തിന്റെയും പേരിൽ പുറപ്പെടുവിക്കുന്ന ആക്ഷേപം വമ്പിച്ച ഒരു കറ്റുകെട്ടാകുന്നു. ആ പുണ്യാത്മാവ് (സ) ഖാത്തമുന്നബിയ്യീൻ ആണെന്ന് എത്രമാത്രം ശക്തിയോടും ദൃഢതയോടും ആത്മാർത്ഥതയോടും കൂടി ഞാൻ വിശ്വസിക്കുന്നുത്. അതിന്റെ ആയിരത്തിൽ ഒരംശം പോലും ആരോപണം ഉന്നയിക്കുന്നവർ വിശ്വസിക്കുന്നില്ല.

(അൽഹക്കം 17–3–1905).

അദ്ദേഹം തനിക്കു ലഭിച്ച നുബുവ്വത്ത് പദവിയുടെ യാഥാർത്ഥ്യത്തെക്കുറിച്ചു ഇപ്രകാരം വ്യക്തമാക്കുന്നു.

ഇസ്ലാമിൽ നിന്നു വിഭിന്നമായ ഒരു നുബുവ്വത്ത് വാദമാണ് എന്റെതെന്ന് എന്റെ പേരിൽ ആരോപണം ഉന്നയിക്കുന്നു. അതായത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളെ പിൻതുടരാത്ത ഒരു പ്രത്യേകമായ കലിമയും പ്രത്യേകമായ ഖിബ്ലയും ഉള്ള ഇസ്ലാമിക ശരീഅത്തിനെ ദുർബലപ്പെടുത്തിക്കൊണ്ട് നബിതിരുമേനി(സ)യെ പിന്തുടരാതെയുള്ള ഒരു നബിത്വവാദിയാണ് എന്റെതെന്ന് എന്റെ പേരിൽ കുറ്റം ആരോപിക്കുന്നു. എന്നാൽ ഈ കുറ്റാരോപണം സത്യാധിഷ്ഠിതമല്ല. ഇത്തരത്തിലുള്ള നുബുവ്വത്ത് വാദം എന്റെ പക്കൽ കുഫ്റാണ്... എന്റെ നബിത്വവാദത്തിന്റെ അടിസ്ഥാനം ഞാൻ ഒരു ഭാഗത്ത് നബിയാണെങ്കിൽ മറുഭാഗത്ത് നബിയുടെ ഉമ്മത്തിയാണെന്നാണ്. അങ്ങനെ അവസാനകാലത്ത് ആഗതനാകുന്ന മസീഹ് ഉമ്മത്തിയും നബിയും ആയിരിക്കും എന്ന തിരുനബി(സ)യുടെ പ്രവചനം പൂർത്തിയായിരിക്കുന്നു. (അഖബാറെആം 26–5–1908) വീണ്ടും അദ്ദേഹം അരുൾ ചെയ്യുന്നു:

ഞാൻ നബി കരിം (സ) തിരുമേനിയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ്വപർവ്വതങ്ങൾക്കും സമാനമായുള്ളയത്ര പുണ്യകർമ്മങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിൽ നിന്നു ള്ള മധുരഭാഷണത്താൽ ഞാൻ അനുഗൃഹീതനാകുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദീ നുബുവ്വത്തല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും നിറുത്തലാക്കപ്പെട്ടിരിക്കുകയാണ്. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബിക്കു വരാം. പക്ഷെ, ആ നബി ഒന്നാമതായി തിരുനബി(സ)യുടെ ഉമ്മത്തി ആയിരിക്കേണ്ടതാണ്.

(തജല്ലിയാത്തെ ഇലാഹിയ്യ ഭാ 24, 25)

ഹസ്റത്ത് മുഹമ്മദു നബി(സ) ക്കുശേഷം ഒരു പ്രവാചകന്നും ഇനി വരാൻ പാടില്ല എന്നാണെങ്കിൽ പിന്നെ അവസാനകാലത്ത് ഈസാ നബി (അ) വരുമെന്ന പ്രതീക്ഷ അടിസ്ഥാനരഹിതവും അനിസ്ലാമികവും ആയിത്തീരുന്നതാണ്. ഇനി അദ്ദേഹം നബിയായിട്ടല്ല വരുന്നതെങ്കിൽ ആ വിശ്വാസവും അനിസ്ലാമികമാണ്. ഒരു പ്രവാചകന്ന് നബിത്വം ലഭിച്ചതിന്നുശേഷം അദ്ദേഹത്തിൽ നിന്നു നുബുവ്വത്ത് സ്ഥാനം എടുത്തുകളയുക എന്നത് ദൈവികചര്യക്കു എതിരായ കാര്യമാണ്. ഇതു സംബന്ധിച്ചു വടക്കെ ഇന്ത്യയിലെ സുപ്രസിദ്ധ പണ്ഡിതനും നിഷ്പക്ഷ ചിന്തകനുമായ മൗലാനാ മുഹമ്മദ് ഉസ്മാൻ ഫറാഖലീത്ത് ഇപ്രകാരം പ്രസ്താവിക്കുന്നു.

നബി കരീമിനു (സ) ശേഷം മിർസാ (ഗുലാം അഹ്മദ്) സാഹിബ് വാഗ്ദത്ത മസീഹും നബിയും ആണെന്ന് വിശ്വസിക്കുന്നതുകൊണ്ട് ഖാദിയാനികൾ കാഫിർ ആകുന്നുവെങ്കിൽ നമ്മുടെ ആലിംകളും കാഫിറാണെന്നു പറയേണ്ടി വരും. ഇവരും ഈസാനബിയെക്കൊണ്ടു വന്ന് ഖതമുന്നുബുവ്വത്തിനെ നിഷേധിക്കുകയാണല്ലോ ചെയ്യുന്നത്. പ്രസ്തുത ആലിംകൾ ഈസാനബി വരുന്നതാണെന്നും അദ്ദേഹം നബിയായിരിക്കുമെന്നും അദ്ദേഹിത്തിന്നു വഹ്യ് ഉണ്ടായിരിക്കുമെന്നും അദ്ദേഹത്തിന് ജിബ്രീൽ തന്നെയായിരിക്കും വഹ്യ് കൊണ്ടുവരിക

യെന്നും വിശ്വസിക്കുന്നു. അങ്ങനെ ഈ ആലിംകൾ ഖാത്തമുൽ മുർസലീന്നുശേഷം ഒരു ഹഖീഖി നബിയെ തിരിച്ചുകൊണ്ടുവന്ന് നുബുവ്വത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ആരംഭിക്കുവാൻ പോവുകയാണല്ലോ. എന്നിട്ടും ഇക്കൂട്ടർ ഖാത്തമുന്നുബുവ്വത്തിന്റെ നിഷേധികളാകുന്നില്ല. മറിച്ച്, ഖാദിയാനികളെയാണ് ഇവർ ഖത്തമുന്നുബുവ്വത്തിന്റെ നിഷേധികളാക്കിപ്പറയുന്നത്. (ശബിസ്താൻ ഉർദു ഡൈജസ്റ്റ് ഭാഗം 17 നവമ്പർ 1974)

മുസ്ലിംകളുടെ ആലിംകളിൽത്തന്നെയുള്ള പ്രസ്തുത മൗലാനയുടെ അഭിപ്രായത്തെ ഇതുവരെ ഖണ്ഡിക്കുവാൻ ആർക്കും തന്നെ സാധിച്ചിട്ടില്ല എന്നത് പരമാർത്ഥമാണ്.

ഇനി നമുക്കു ഖാത്തമുന്നബിയ്യീൻ എന്ന പ്രശ്നത്തിലേക്കു തന്നെ മടങ്ങാം.

'ഖാത്തം' എന്ന വാക്കിന്നു 'മുദ്ര' എന്നും പരിപൂർണ്ണത, ശ്രേഷ്ഠൻ എന്നീ അർത്ഥമാന്നുള്ളതെന്ന് അറബിഭാഷാ നിഘണ്ടുകൾ ഉൽഘോഷിക്കുന്നു. അറബിഭാഷയിലെ സുപ്രസിദ്ധ നിഘണ്ടുവായ അഖ്റബുൽ മവാരീദിൽ ഇപ്രകാരം കാണപ്പെടുന്നു.

'ഖത്തമല്ലാഹു ലഹുൽ ഖൈ അതമ്മഹു'. അല്ലാഹു ഒരാളിൽ നന്മകൾ ഖത്തം ചെയ്തു എന്നു പറഞ്ഞാൽ ആ ആളിൽ നന്മകൾ പൂർത്തിയാക്കി, പരിപൂർണ്ണമാക്കി എന്നാണർത്ഥം. അതെ ഹദ്റത്തു നബി കരിമി(സ)ന്റെ ആവിർഭാവത്തോടുകൂടി നുബുവ്വത്തിന്റെ എല്ലാ പരിപൂർണ്ണതകളും പൂർത്തിയാക്കപ്പെട്ടു എന്നാണ് ഖാത്തമുന്നബിയ്യീൻ എന്നതിന്റെ വിവക്ഷ.

വിശുദ്ധ ഖുർആന്റെ നിഘണ്ടുവായ മുഫ്റദാത്തിൽ ഹദ്റത്ത് ഇമാം റാഗിബ് (റ) പറയുന്നു.

'ഖാതമുന്നബിയ്യീന ലിഅത്തഹു ഖവ്വമുന്നുബുവ്വത്ത അയ് തമ്മമഹാ ബി മജീഅത്തിഹി'

നബി തിരുമേനി ഖാത്തമുന്നബിയ്യീൻ ആണെന്നതിന്റെ ഉദ്ദേശ്യം, ആ പുണ്യാത്മാവ് തന്റെ ആഗമനം മൂലം നുബുവ്വത്തിനെ പരിപൂർണ്ണമാക്കി എന്നാണുദ്ദേശ്യം.

ഖാത്തം എന്ന പദം ശ്രേഷ്ഠൻ എന്ന അർത്ഥത്തിൽ പല മഹാന്മാരും പല മഹാന്മാരെയും കുറിച്ച് പ്രയോഗിച്ചിരുന്നതായി കാണാം.

ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

(1) ഹദ്റത്ത് ഇമാം ശാഫിയെക്കുറിച്ച് ഖാത്തമുൽ അവ്ലിയാ (അത്തുഹ്ഫത്തു സ്സുന്നിയ്യ ഭാ: 45) എന്നും

(2) ഹ: ഇമാം സുയൂത്തിയെക്കുറിച്ചു ഖാത്തമുൽ മുഹഖ്ഖിഖീൻ (തഫ്സീർ ഇത്ഖാൻ) എന്നും.

(3) ഹദ്റത്ത് ശാഹ് വലിയുല്ലാ(റ)യെക്കുറിച്ച് ഖാത്തമുൽ മുഹദ്ദിസീൻ (ഉജാലാ നാഫിഅ) എന്നും

(4) ഹദ്റത്ത് ശൈഖ് റശീദു റിസായെക്കുറിച്ച് ഖാത്തമുൽ മുഫസ്സിരീൻ (അൽജാമിഅത്തുൽ ഇസ്ലാമിയ്യ 9 - ജമാദിസ്സാനി 1354ന്) എന്നും

(5) ഹദ്റത്ത് ഇമാം അബ്ദുവെക്കുറിച്ച് ഖാത്തമുൽ അയിമ്മ (തഫ്സീറുൽ ഫാത്തിഹ ഭാ. 148) എന്നും രേഖപ്പെട്ടു കിടക്കുന്നു. ഈ സ്ഥലങ്ങളിലെല്ലാം തന്നെ ഖാത്തം എന്ന വാക്കിന്ന് ശ്രേഷ്ഠൻ എന്ന അർത്ഥമല്ലാതെ അന്ത്യൻ എന്ന അർത്ഥം ഒരിക്കലും അനുയോജ്യമാകുന്നില്ല.

ഖാത്തം എന്ന വാക്കിന്ന് മുദ്ര എന്നും നിഘണ്ടുകളിൽ നിന്ന് അർത്ഥം മനസ്സിലാവുന്നു. ഈ അർത്ഥത്തിൽ ഖാത്തമുന്നബീ എന്ന വാക്കിന്നു എല്ലാ പ്രവാചകന്മാരുടെയും സത്യസാക്ഷ്യത്തിന്നുള്ള മുദ്ര എന്ന അർത്ഥം മാത്രമല്ല, ആ പുണ്യാത്മാവിന്റെ സാക്ഷ്യമുദ്രയില്ലാതെ മറ്റാർക്കും ഒരു പ്രവാചകനായി അവതരിക്കാൻ സാധ്യമല്ല എന്നും അദ്ദേഹത്തിന്റെ ശരീഅത്തനുസരിച്ചുള്ള അദ്ദേഹത്തിന്റെ സാക്ഷ്യമുദ്രയോടു കൂടിയ പ്രവാചകന്മാർക്ക് വരാം എന്നും ഈ ഉമ്മത്തിലെ പല മഹാന്മാരും അരുൾ ചെയ്തിരിക്കുന്നു.

ഉദാഹരണമായി അൽഖാസിമുൽ ഫാഫിളുൽ മുഹദ്ദസ് മുഹമ്മദിബ്നു അലി(റ) പ്രസ്താവിക്കുന്നു.

ഹദ്റത്ത് റസൂൽ കരീം (സ) എല്ലാ പ്രവാചകന്മാർക്കും ഉള്ള മുദ്രയാകുന്നു. അദ്ദേഹം അവരുടെ സത്യത്തിന്നുള്ള സാക്ഷ്യം നൽകുന്നു.

ഹസ്റത്ത് അബുൽഹസൻ ശരീഫ് റിളാ(റ) ഖാത്തമുന്നബിയ്യീന്ന് വിശദീകരണം ഇപ്രകാരം നൽകുന്നു: ഇത് ഒരു ഉപമാലങ്കാര പ്രയോഗമാകുന്നു ഇതിന്റെ ഉദ്ദേശ്യം. റസൂൽ തിരുമേനി(സ) എല്ലാ പ്രവാചകന്മാരുടെയും അവർ കൊണ്ടുവന്ന ശരീഅത്തിന്റെയും സംരക്ഷകൻ ആണെന്നുള്ളതാണ്. റസൂൽ തിരുമേനി(സ) തനിക്ക് മുമ്പുവന്ന പ്രവാചന്മാരുടെ അദ്ധ്യാപനങ്ങളെയും അവരുടെ ദൃഷ്ടാന്തങ്ങളെയും തന്റെ സാക്ഷ്യമുദ്ര മുഖേന സംരക്ഷിക്കുകയുണ്ടായി. (തൽഖീസുൽബയാൻ ഫീ മജാസാത്തിൽ ഖുർആൻ ഭാഗം 191).

ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് ഖാത്തമുന്നബിയ്യിന്ന് വിശദീകരണം നൽകിക്കൊണ്ട് അരുൾ ചെയ്യുന്നു:

"അദ്ദേഹം ഖാത്തമുൽ അമ്പിയാ ആയത് ഭാവിയിൽ ആർക്കും തന്നെ ആത്മീയാനുഗ്രഹം ലഭ്യമാകുന്നതല്ല എന്ന അർത്ഥത്തിലല്ല. അദ്ദേഹം മുദ്രാങ്കിത പ്രവാചകനായത് അദ്ദേഹത്തിന്റെ സാക്ഷ്യമുദ്ര കൂടാതെ ഒരനുഗ്രഹവും ആർക്കും തന്നെ ലഭ്യമാകുന്നതല്ല എന്ന അർത്ഥത്തിലാണ്. അദ്ദേഹത്തിന്റെ ഉമ്മത്തിൽ അവസാന നാൾ വരെ ദൈവികഭാഷണം എന്ന വാതിൽ കൊട്ടിയടക്കപ്പെടുന്നതല്ല. അദ്ദേഹത്തെക്കൂടാതെ സാഹിബെ ഖാത്തം (മുദ്ര ലഭിച്ചയാൾ) ആയിട്ടുള്ള മറ്റൊരു നബിയും തന്നെ ഇല്ല.

അദ്ദേഹത്തിന്റെ സാക്ഷ്യമുദ്രയുണ്ടെങ്കിൽ മാത്രമെ ആർക്കും നബിയാകാൻ സാധിക്കുകയുള്ളൂ. അതിന്ന് ആ പുണ്യാത്മാവിന്റെ ഉമ്മത്തി ആയിരിക്കേണ്ടത് ആവശ്യമാണ്.

(ഹഖീഖത്തുൽ വഹ്‌യ് ഭാ. 27 –28).

മുകളിൽ വിശദീകരണം നൽകപ്പെട്ട ഖാത്തമുന്നബിയ്യീൽ എന്ന ആയത്ത് കൂടാതെ നബിതിരുമേനി അന്ത്യപ്രവാചകനാണെന്നു കാണിക്കുവാനായി പൊതുവിൽ ഉപയോഗിക്കപ്പെടുന്ന ഹദീസ് 'ലാനബിയ്യബഅ്ദീ' എന്നതാണ്. പ്രസ്തുത ഹദീസിൽ അഹ് മദികൾക്കു പരിപൂർണ്ണ വിശ്വാസമുണ്ടെങ്കിലും നബിതിരുമേനിക്കുശേഷം ഒരുവിധത്തിലുള്ള പ്രവാചകനും ഇനി വരുന്നതല്ല എന്ന അർത്ഥം ഇതിന്നു കൊടുക്കാവതല്ല. ഇപ്രകാരം കൊടുക്കുന്നത് വിശുദ്ധ ഖുർആനിലെയും ഇതര ഹദീസുവചനങ്ങളുടെയും വെളിച്ചത്തിൽ ശരിയല്ല. ഈ രീതിയിലുള്ള പ്രയോഗം ഹദീസു ഗ്രന്ഥങ്ങളിൽ ധാരാളം കാണപ്പെടുന്നു. ഉദാഹരണമായി 'ലാഹിജ്റത്ത ബഅ്ദൽഫത്ത്ഹി' മക്കാ വിജയത്തിന്നുശേഷം മറ്റൊരു ഹിജ്റത്ത് ഇല്ലലാസൈഫ ഇല്ലാ ദുൽഫിഖാർ. ഹസ്റത്ത് അലിയുടെ ദുൽഫിഖാർ എന്ന വാളല്ലാതെ മറ്റൊരു വാൾ ഇല്ല. 'ലാഫതൻ ഇല്ലാ അലിയുൻ' അലിയല്ലാതെ വേറെ യുവാവില്ല.

പ്രസ്തുത നബിവചനങ്ങൾക്കു നാം ബാഹ്യാർത്ഥം മാത്രം നൽകുകയാണെങ്കിൽ മക്കാവിജയത്തിന്നു ശേഷം ലോകത്ത് ഒരിടത്തും ഹിജ്റത്ത് ഉണ്ടായിട്ടില്ലെന്നും, ലോകത്ത് ദുൽഫിഖാർ എന്ന വാളിനെ കൂടാതെ ഒരു വാളും നിർമ്മിക്കപ്പെട്ടിട്ടില്ലെന്നും ഹസ്റത്ത് അലി(റ) യോടുകൂടി യുവത്വം അവസാനിച്ച് പോയിരിക്കുന്നുവെന്നും പറയുന്നത് ബാലിശവും പരിഹാസ്യവും ആണ്. എന്നാൽ മക്കയിൽ നിന്ന് മദീനയിലേക്ക് നബി(സ)യും സഹാക്കളും ചെയ്തത് പോലുള്ള ഹിജ്റത്ത് ഇനി ഉണ്ടാകുന്നതല്ലെന്നും ദുൾഫുഖാർ എന്ന വാളിന്നുള്ള മാഹാത്മ്യം മറ്റൊരു വാളിന്നും ഇല്ലെന്നും ഹദ്റത്ത് അലി(റ)യെപ്പോലെ പ്രത്യേക ഗുണങ്ങളോടുകൂടിയ യുവാക്കൾ ഇല്ല എന്നും മാത്രമെ പ്രസ്തുത വചനങ്ങൾക്കു അർത്ഥമുള്ളു. അതേപ്രകാരം 'ലാനബിയ്യ ബഅ്ദീ' എന്ന നബിവചനത്തിന്നും തനിക്കു സമാനനായി തന്റെ ഗുണവിശേഷങ്ങളോടുകൂടിയ, ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും തനിക്കുശേഷം ഉണ്ടാവുകയില്ല എന്നു മാത്രമെ നബിതിരുമേനിയുടെ പ്രവചനത്തിന്ന് അർത്ഥമുള്ളൂ.

ഇനി ഹദ്റത്ത് റസൂൽ കരിം(സ) 'ലാനബിയ്യ ബഅദീ' എന്നരുൾ ചെയ്ത ഹദീസിന്റെ പൂർണ്ണരൂപത്തിൽ നിന്നും ഇതിന്റെ അർത്ഥം വ്യക്തമാകുന്നതാണ്. അതായത് ഹ: നബി തിരുമേനി (സ) അരുൾ ചെയ്യുന്നു.

ഇസ്രായീൽ സന്തതികളിൽ നബിമാരായിരുന്നു ആധിപത്യം നടത്താറുണ്ടായിരുന്നത്. ഒരു നബി മരണപ്പെട്ടതിന്നുശേഷം അദ്ദേഹത്തിന്ന് ശേഷം വരുന്ന ആളും നബി തന്നെ ആയിരുന്നു. എന്നാൽ തനിക്കു ശേഷം വരുന്ന ആൾ നബിയായിരിക്കുകയില്ല. അവർ ഖലീഫമാരായിരിക്കും. (സഹീഹ് ബുഖാരി വോ. 1 പേ.49)

അതായത് ഇസ്രായീല്യരിൽ ഒരു പ്രവാചകൻ മരിച്ചാൽ ഉടനെ വരുന്ന ആൾ പ്രവാചകൻ തന്നെയായിരിക്കും. എന്നാൽ, റസൂൽ തിരുമേനി(സ)യുടെ മരണശേഷം ഉടനെ സ്ഥാനാരോഹണം ചെയ്യുന്ന ആൾ പ്രവാചകനായിരിക്കുകയില്ല. മറിച്ച് ഖലീഫയായിരിക്കും പ്രസ്തുത പ്രവചനമനുസരിച്ച് ഹദ്റത്ത് റസൂൽ തിരുമേനിയുടെ വഫാത്തിന്നുശേഷം ആഗതരായ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി(റ) എന്നിവർ നബിമാരായിരുന്നില്ല. അവരെല്ലാം തന്നെ ഖലീഫമാരായിരുന്നു.

പ്രസ്തുത ഹദീസിനോടനുബന്ധിച്ച് നബിതിരുമേനി(സ)യുടെ മറ്റൊരു ഹദീസും ഇവിടെ പ്രസ്താവ്യമാണ്. അതായത്

'ലൈസ ബൈനീ വബൈനഹുനബിയുൽ'

എനിക്കും അദ്ദേഹത്തിന്നും (വാഗ്ദത്ത മസീഹിന്നും) ഇടയിൽ ഒരു പ്രവാചകനും ഇല്ല.

(അബൂദാവൂദു വോ. 2. പേ. 328, ബുഖാരി, വോ. 2 പേ. 158).

ഹദ്റത്ത് നബി കരിം(സ) തിരുമേനിയുടെ ലാനബിയ്യബഅ്ദീ എന്ന ഹദീസിന്ന് ഉമ്മത്തിലെ മഹാത്മാക്കൾ എന്താണർത്ഥം കൊടുത്തിരിക്കുന്നതെന്നു നോക്കാം.

(1) ഹദ്റത്ത് ആയിശാ സിദ്ദീഖ് (റ) അരുൾ ചെയ്യുന്നു.

'ഖൂലൂ ഇന്നഹു ഖാത്തമുന്നബിയ്യീന വലാതഖൂലൂലാനബിയ്യ ബഅ്ദഹു'

നിങ്ങൾ റസൂൽ കരിമിനെക്കുറിച്ചു അദ്ദേഹം ഖാത്തമുന്നബിയ്യീൽ ആണെന്നു പറഞ്ഞുകൊള്ളുക. എന്നാൽ അദ്ദേഹത്തിന്നുശേഷം ഒരു നബിയും ഇല്ല എന്ന് പറയരുത്.

(തഫ്സീർ ദുർറെ മൻസൂർ വോ. 5 പേ. 204).

(2) അല്ലാമാ ഹദ്റത്ത് മുഹമ്മദ് ത്വാഹിർ (റ) പറയുന്നു. ലാ നബിയ്യബ അ്ദീ എന്നതുകൊണ്ടുള്ള നബിതിരുമേനി(സ)യുടെ ഉദ്ദേശ്യം തന്റെ ന്യായപ്രമാണത്തെ ദുർബലപ്പെടുത്തിക്കൊണ്ടു ഒരു പ്രവാചകനും ഉണ്ടാകുന്നതല്ലെന്നാണ്. (തക്മില മജ്മദയിൽ ബിഹാർ ഭാ. 85)

(3) ഹദ്റത്ത് മുല്ലാ അലിയുൽ ഖാരി (റ) പറയുന്നു. ലാനബിയ്യബഅ്ദീ എന്ന ഹദീസിന്റെ വിവക്ഷിതം നബി തിരുമേനിക്കു(സ)ശേഷം അദ്ദേഹത്തിന്റെ ന്യായപ്രമാണത്തെ ദുർബലപ്പെടുത്തുകയും അദ്ദേഹത്തിന്റെ അനുഗാമി അല്ലാതിരിക്കുകയും ചെയ്യുന്ന ഒരു പ്രവാചകനും ഇനി വരുന്നതല്ലെന്ന് മാത്രമാണ്. (മൗളൂആത്ത ഭാഗം. 53).

*(ശേഷം 35-ാം പേജിൽ)*

## സംഭവവിവരണം

# 'അദൃശ്യനായ ഘാതകൻ'

**ഏ.ക്യു. മഹ്ദി**

**വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദു (അ) മായുള്ള ആത്മീയ സമരത്തിൽ അത്ഭുതകരമായി പ്രാണഛേദം വന്ന ഒരു പ്രതിയോഗിയുടെ ഹനനകഥ.**

അയാൾ ഒരു ആര്യസമാജക്കാരനായിരുന്നു; ഒരു പണ്ഡിറ്റ്. 35 വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ അന്നയാൾക്ക്. കാലം, ഇന്നേയ്ക്ക് ഒരു നൂറ്റാണ്ടും എട്ടും സംവൽസരവും മുമ്പ്, 1897–ൽ.

അതൊരു ശനിയാഴ്ച നാളായിരുന്നു. മാർച്ച് മാസം 6–ാം തിയ്യതി. അന്നു വൈകീട്ട് ഏഴു മണിയ്ക്കാണ് സംഭവം നടക്കുന്നത്. അയാൾ, ആ പണ്ഡിറ്റ് കൊല ചെയ്യപ്പെട്ടിരിക്കുന്നു. ആരാണ് ഘാതകനെന്ന് ആർക്കുമറിയില്ല. ഏതോ അജ്ഞാതകരങ്ങളാലാണ് വധം നടന്നതെന്നു മാത്രം അറിയാം. കൊല നടന്ന അതേ സമയത്ത്, തിരക്കുള്ള തെരുവിൻ നടുവിലുള്ള ആ വീട്ടുപടിയ്ക്കൽ നിൽക്കുകയായിരുന്ന ഒരു സന്ദർശകൻ പറഞ്ഞത്, ആ വീട്ടിൽ നിന്ന് ആരും തന്നെ അപ്പോൾ പുറത്തേയ്ക്ക് പോകുന്നത് താൻ കാണുകയുണ്ടായില്ല എന്നാണ്. വധിക്കപ്പെട്ടയാളുടെ ഭാര്യയുടെയും മറ്റും മൊഴിപ്രകാരം ഘാതകൻ അയാളെ വകവരുത്തിയശേഷം കോണിപ്പടി കയറി വീടിന്റെ മേൽത്തട്ടിലേയ്ക്ക് പാഞ്ഞുപോയതുപോലെ തോന്നി എന്നാണ്. ആളെ വ്യക്തമായി കാണാൻ അവർക്കാർ ക്കും കഴിഞ്ഞില്ലെന്നു മാത്രമല്ല, പിന്നീട് ആ അജ്ഞാതന്റെ ഒരടയാളവും അവിടെ അവശേഷിക്കപ്പെട്ടുമില്ല.

എന്നാൽ, ഈ മരണം മുൻകൂട്ടി തന്നെ പ്രവചിക്കപ്പെട്ടിരുന്ന ഒന്നായിരുന്നുവെന്നതാണു യാഥാർത്ഥ്യം. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ), തന്റെ ഒരു പ്രവചനത്തിലൂടെ പ്രസ്താവിച്ചപ്രകാരം, മുസ്ലിംകളുടെ പെരുന്നാൾ ദിവസമായ ഒരു ഈദുൽ ഫിത്റിന്റെ പിറ്റേന്നാളാണ് ഒരു മനുഷ്യൻ വധിക്കപ്പെട്ടത്. ഏതോ അജ്ഞാതകരങ്ങളാൽ സ്വജീവൻ നഷ്ടപ്പെട്ട ഈ ആര്യസമാജ നേതാവിന്റെ പേര് പണ്ഡിറ്റ് ലേഖ്റാം എന്നായിരുന്നു.

അടുത്ത ആറു വർഷത്തിനകം ലേഖ്റാം ദാരുണമായ നിലയിൽ വധിക്കപ്പെടുമെന്ന് തനിക്ക് ദൈവിക വെളിപാടുണ്ടായി എന്ന് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പ്രവചനം നടത്തിയിട്ട്, ഇതിനകം നാലുകൊല്ലം മാത്രമേ പിന്നിട്ടിരുന്നുള്ളൂ.

എന്താണ് ഈ പ്രവചനത്തിന് ആധാരമായത്.....?

അയാൾ, ആ ആര്യസമാജ പണ്ഡിറ്റ്, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ നിരന്തരം വെല്ലുവിളിച്ചുകൊണ്ടിരുന്നു; ഇസ്ലാം സത്യമതസ്ഥനും, ഹദ്റത്ത് അഹ്മദ് വ്യാജവാദിയാണെന്നും, അദ്ദേഹം മൂന്നുകൊല്ലത്തിനുള്ളിൽ മരണപ്പെടുകയും ഹദ്റത്തിന്റെ കുടുംബം മുഴുവൻ നശിച്ചുപോവുകയും ചെയ്യുമെന്നും തനിക്ക് ദിവ്യവെളിപ്പാടുണ്ടായി എന്ന് ലേഖ്റാം പ്രസ്താവിച്ചു. ആ പ്രസ്താവനയ്ക്ക് അയാൾ വ്യാപകമായ പ്രചാരം നൽകുകയും ആര്യസമാജക്കാർ പണ്ഡിറ്റിന്റെ ഈ വെളിപ്പെടുത്തൽ ഏറ്റുപാടി നടക്കുകയും ചെയ്തു.

ലേഖ്റാമിന്റെ ഈ വിളംബരത്തിനും പ്രസ്താവനക്കുമെതിരേ വാഗ്ദത്ത് മസീഹ്(അ) നടത്തിയ പ്രവചനപ്രകാരമാണ്, ദൈവികകരങ്ങളാൽ തന്നെ ആ മനുഷ്യൻ നിഷ്കരുണം വധിക്കപ്പെട്ട സംഭവം ഉണ്ടായത്. ഘാതകൻ ആരായിരുന്നുവെന്ന് ഇന്നും ആർക്കുമറിയില്ല. ഇത്തരമൊരു ദൈവികശിക്ഷാവധത്തിനു നമുക്കൊരു സമാനത കാണാവുന്നത്, മുൻ പാക് പ്രസിഡന്റ് സിയാവുൽഹഖിന്റെ വിമാനപകട ദുരന്തമാണ്. സിയാ ഭസ്മമായിത്തീർന്ന ആ അപകടത്തിനു പിന്നിലെ കരങ്ങളേതെന്നതിനെപ്പറ്റി അമേരി

ക്കൻ ഗവൺമെന്റും, പാകിസ്താൻ സർക്കാരും സമഗ്ര മായി അന്വേഷണം നടത്തിയിട്ടും ഇന്നോളം യാതൊരു സൂചനയും ലഭിച്ചിട്ടില്ല.

ഇവിടെ ലേഖ്റാം എങ്ങനെ വധിക്കപ്പെട്ടുവെന്നും, ഘാതകൻ എവിടേയ്ക്കു രക്ഷപ്പെട്ടുവെന്നതും തികച്ചും അജ്ഞാതമായിത്തന്നെ അവശേഷിക്കുന്നു.

ആര്യസമാജം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ ഹൈന്ദവസംഘടന സ്ഥാപിച്ചത് പണ്ഡിറ്റ് ദയാനന്ദ സരസ്വതിയാണ്. ഹിന്ദുക്കളിൽ ഒരു വിഭാഗം ഈ നവീന പ്രസ്ഥാനത്തിൽ ആകൃഷ്ടരായിത്തീരുകയും ഇതിന്റെ ആദ്യശാഖയുടെ പ്രവർത്തനം 1875–ൽ ബോംബെയിൽ ആരംഭിക്കുകയും ചെയ്തു. സമാജസ്ഥാപകനായ സ്വാമിജിയും അനുയായികളും ഇസ്‌ലാമിനെ കഠിനമായി വിമർശിക്കുകയും ഇസ്‌ലാം മത സ്ഥാപകരെ അധിക്ഷേപിക്കുകയും ചെയ്തുതുടങ്ങിയപ്പോൾ ഈ പ്രസ്ഥാനത്തിനു നേരെ ഹസ്രത്ത് അഹ്മദു(അ) ശ്രദ്ധ തിരിക്കുകയുണ്ടായി. ഇസ്‌ലാമിക തത്വങ്ങളുടെ യഥാർത്ഥനില വ്യക്തിമാക്കിക്കൊണ്ട് അദ്ദേഹം പത്രമാസികകളിൽ ലേഖനങ്ങളെഴുതി. ഹദ്റത്ത് അഹ്മദിന്റെ ലേഖനങ്ങളുടെ പ്രത്യേകത, അവ അധികവും ആഹ്വാനങ്ങൾ അടങ്ങിയവ ആയിരുന്നുവെന്നുള്ളതായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വാക്കുകൾ ബഹുജനശ്രദ്ധ പിടിച്ചുപറ്റുകയും, പണ്ഡിതന്മാരെയും ചിന്തകന്മാരെയും ആകർഷിക്കുകയും ചെയ്തു.

വധസംഭവം നടന്ന സമയം ലേഖ്റാം തന്റെ മുറിയിലിരുന്നു എന്തോ എഴുതിക്കൊണ്ടിരിക്കയായിരുന്നു. എഴുത്തു പൂർത്തിയാക്കി അയാൾ നിവർന്നിരിക്കാൻ തുടങ്ങുമ്പോഴാണ് പെട്ടെന്ന് എവിടെനിന്നോ ചാടിവീണ ഘാതകൻ, തന്റെ കൈയ്യിലിരുന്ന കഠാരകൊണ്ട് ലേഖ്റാമിന്റെ വയറ്റിൽ കുത്തിയത്. ആഴത്തിലുണ്ടായ മുറിവിലൂടെ രക്തം ചീറ്റിവന്നു; ഒപ്പം അയാളുടെ കുടൽമാലയും പുറത്തുചാടിപ്പോയി. വേദനകൊണ്ട് പുളഞ്ഞ്, അലറി വിളിച്ച് അയാൾ നിലത്തേയ്ക്ക് മറിഞ്ഞുവീണു. നിലവിളി കേട്ട്, താഴത്തെ നിലയിൽ നിൽക്കുകയായിരുന്ന ഭാര്യയും അമ്മയും പെട്ടെന്ന് മുകളിലേയ്ക്ക് ഓടിയെത്തിയെങ്കിലും ഇതിനകം അക്രമി അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു.

അടിയന്തിര ശുശ്രൂഷയ്ക്കായി ലേഖ്റാമിനെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. ലാഹോറിലെ മെയോ ആശുപത്രിയിൽ അയാളെ എത്തിച്ചപ്പോഴേയ്ക്ക് രണ്ടുമൂന്നു മണിക്കൂർ സമയം കഴിഞ്ഞുപോയിരുന്നു. ഇംഗ്ലീഷുകാരനായ സർജൻ, ഡോക്ടർ പീരിയാണ് അയാളെ ഓപ്പറേഷനു വിധേനാക്കിയത്. കുത്തേറ്റശേഷവും മൂന്നു മണിക്കൂർ നേരം അയാൾ ബോധവാനായി കാണപ്പെട്ടു. ഇതിനിടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടും സർജറിയ്ക്ക് ഡോക്ടർ എത്താൻ വൈകുമെന്നറിഞ്ഞപ്പോൾ, വേദനകൊണ്ടു പുളഞ്ഞ അയാൾ സ്വയം വിലപിച്ചുവത്രെ, 'ഹാ എന്റെ വിധി, സമയത്ത് ഒരു ഡോക്ടർ പോലും ഇല്ലല്ലോ.' എന്ന്.

പുലർച്ചെ നാലുമണിക്ക് അയാൾ ലോകത്തോടു വിടപറഞ്ഞു. ദിവസം മുമ്പ് ലേഖ്റാമിനെ തെരഞ്ഞുവരികയും, അയാളോടൊപ്പം താമസിക്കുകയും ചെയ്ത ഒരുവനാണ് ഘാതകൻ എന്നു കരുതപ്പെട്ടു. അങ്ങനെ സംശയിക്കപ്പെട്ട ആ വ്യക്തിയെ കൊലനടന്നശേഷം പിന്നീടൊരിക്കലും കാണപ്പെടുകയേ ഉണ്ടായില്ല. ലാഹോർ നഗരം മുഴുവൻ ആര്യസമാജക്കാരും പോലീസും അരിച്ചുപെറുക്കിയെങ്കിലും ഘാതകനെ കണ്ടെത്താൻ കഴിഞ്ഞില്ല. കൊലപാതകത്തെ സംബന്ധിച്ച് പോലീസിനു ഒരു നേരിയ തെളിവുപോലും ലഭിച്ചുമില്ല. ലേഖ്റാമിനെ വധിയ്ക്കുവാനായി മാത്രം അവതരിച്ച്, പിന്നീട് അപ്രത്യക്ഷനായ ഒരു യമദൂതനെന്നോണം അയാൾ ഇന്നും അജ്ഞാതനാണ്.

വധവാർത്ത നാടാകെ പരന്നു. ജനങ്ങളൊക്കെ പരിഭ്രാന്തരായി. ആര്യസമാജികൾ ക്ഷോഭിച്ചിളകി. അവർ പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയും, പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. ലേഖ്റാമിന്റെ വധത്തെക്കുറിച്ച് ഒരു പരസ്യാന്വേഷണം തന്നെ വേണമെന്ന് അവർ ആവശ്യപ്പെട്ടു. തന്റെ പ്രവചനം പൂർത്തീകരിക്കുവാനായി മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി, പണ്ഡിറ്റ് ലേഖ്റാമിനെ കൊലചെയ്യിച്ചതാണെന്ന് ആര്യസമാജികൾ ആരോപണം ഉന്നയിച്ചു.

ഹസ്രത്ത് അഹ്മദി(അ)നും കുടുബത്തിനും എതിരേ ശാപപ്രവചനം നടത്തിയ ലേഖ്റാം ഇതിനകം തന്നെ ഒരു ആര്യനേതാവായിക്കഴിഞ്ഞിരുന്നു. വധിക്കപ്പെട്ടതോടെ ഒരു പുണ്യരക്തസാക്ഷിയുടെ പരിവേഷവും അയാൾക്കു ലഭിച്ചു. അയാൾക്കുവേണ്ടി ഒരു സ്മാരകം പണിയുവാൻ ഫണ്ട് രൂപീകരണവും ഇതിനകം ആരംഭിച്ചുകഴിഞ്ഞിരുന്നു.

ലേഖ്റാമിന്റെ ഘാതകനെ പിടിച്ചുകൊടുക്കുന്നവർക്കോ, സഹായകമായ വിവരം നൽകുന്നവർക്കോ അതിഭീമമായ ഒരു തുക പ്രതിഫലമായി വാഗ്ദാനം ചെയ്യപ്പെട്ടു. ഇതിനകം, നാട്ടിലുടനീളം ആര്യസമാജികൾ രഹസ്യാന്വേഷണസംഘങ്ങളെയും ഏർപ്പെടുത്തിക്കഴിഞ്ഞിരുന്നു.

ഹദ്റത്ത് അഹ്മദ് (അ) ആണ് ആ കൊലയ്ക്കു പിന്നിൽ പ്രവർത്തിച്ചതെന്ന ധാരണയിൽ ആര്യസമാജികൾ അദ്ദേഹത്തിനെതിരെ കരുക്കൾ നീക്കിക്കൊണ്ടിരിക്കെ, നിരവധി ഭീഷണിക്കത്തുകളും ആ മഹാത്മാവിനു ലഭിച്ചുകൊണ്ടിരുന്നു. ആര്യസമാജികളുടെ കരുനീക്കങ്ങളെപ്പറ്റി ഓരോ നിമിഷവും അദ്ദേഹത്തിനു വിവരം ലഭിച്ചുകൊണ്ടുമിരുന്നു. നാട്ടിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള സന്നദ്ധഭടന്മാർ അടങ്ങുന്ന പ്രത്യേക ആര്യസമാജ ഗൂഢസംഘങ്ങൾ ഹദ്റത്ത് അഹ്മദിനെ കൊല്ലുവാനുള്ള നീക്കങ്ങൾ ആരംഭിച്ചു.

ശക്തിയായ ഈ ഭീഷണികളും, എതിർപ്പുകളും ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ തെല്ലും ഭയപ്പെടു

ത്തിയില്ല. ഏതു സംഭവവികാസത്തെയും സധൈര്യം നേരി ടാനുള്ള ശക്തി അദ്ദേഹത്തിനുണ്ടായിരുന്നു; അതു സർവ ശക്തൻ നൽകിക്കൊണ്ടിരുന്നു. തന്റെ പ്രവചനം പൂർത്തി യായിട്ടുള്ളതിനെക്കുറിച്ച് അദ്ദേഹം ഘോഷിക്കുകയും, ജനങ്ങളെ ഇസ്‌ലാമിന്റെ സത്യത്തിലേയ്ക്ക് ക്ഷണിക്കു കയും ചെയ്തു. "അല്ലാഹു നിന്നെ ജനങ്ങളിൽ നിന്നും രക്ഷിക്കും" എന്ന ആശ്വാസവചനം ദൈവം തനിക്കു നൽകിയിട്ടുണ്ടെന്നു പ്രസ്താവിച്ചുകൊണ്ട് അദ്ദേഹം എല്ലാ ഗൂഢാലോചനകളെയും, തനിക്കെതിരേയുള്ള വധഭീഷണി യെയും പാടെ അവഗണിക്കുകയായിരുന്നു. തന്റെ പ്രവ ചനവും പ്രാർത്ഥനയും അനുസരിച്ചുതന്നെയാണ് ലേഖ്റാം കൊല്ലപ്പെട്ടതെന്ന് അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിച്ചു.

ഒരു കവിതാശകലത്തിലൂടെ അദ്ദേഹം പറഞ്ഞു;

"ജിസ് കി ദുആസെ ആഖിർ ലേഖു മറാഥാ കട്കർ

മാതം പഡാഥാ ഘർഘർ വൊ മിർസാ

യഹീഹെ"

അർത്ഥം ഇതാണ്

"ആരുടെ പ്രാർത്ഥനയുടെ ഫലമായി ഒടുവിൽ ലേഖ്റാം വെട്ടേറ്റു മരിക്കുകയും, വീടുവീടാന്തരം ദുഃഖ വിലാപങ്ങൾ മുഴങ്ങുകയും ചെയ്തുവോ, ആ മിർസാ ഞാൻ തന്നെയാകുന്നു."

ഹദ്റേത്ത് അഹ്മദ്(അ) പ്രവചിച്ച അതേ വിധ ത്തിലും സമയത്തും പണ്ഡിറ്റ് ലേഖ്റാം വധിക്കപ്പെട്ട തിനെ തുടർന്ന്, ഹുസൂർ തിരുമനസ്സിനെ ഈ ഗൂഢാലോ ചനയുമായി ബന്ധപ്പെടുത്താൻ ആര്യസമാജികൾ ബദ്ധ ശ്രദ്ധരായി. അവരുടെ ഈ നിലപാടിനെതിരെ, ആര്യസ മാജക്കാരുടെ തെറ്റിദ്ധാരണ നീക്കുവാനും തന്റെ നിരപ രാധിത്വം തെളിയിക്കുവാനും ഹദ്റത്ത് അഹ്മദ്(അ) നിര വധി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു. മനുഷ്യരുടെ ഒരു ഗൂഢാലോചനയും ലേഖ്റാമിന്റെ വധവുമായി യാതൊരു ബന്ധവുമില്ലെന്നു അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു.

പണ്ഡിറ്റ് ലേഖ്റാമിന്റെ വധത്തിൽ തനിക്ക് നിഗൂ ഢമായ പങ്കുണ്ടെന്നു ആര്യസമാജക്കാർ പ്രചരിപ്പിച്ചുകൊ ണ്ടിരുന്നപ്പോൾ, 'ലേഖ്റാമിന്റെ മരണത്തെക്കുറിച്ചുള്ള ആര്യസമാജികരുടെ ചിന്താഗതികൾ' എന്ന ശീർഷക ത്തിൽ 1897 – മാർച്ച് 15–ന് ഹസ്രത്ത് അഹ്മദ് (അ) ഒരു ചെറുപുസ്തകം പുറത്തിറക്കി.

അദ്ദേഹം ആ ലഘുലേഖയിൽ, താൻ ഇതിൽ അപ രാധിയാണെങ്കിൽ, ഈ ഗുഢാലോചനയിൽ പങ്കുണ്ടെ ങ്കിൽ, ഒരു കൊല്ലത്തിനകം തനിക്ക് അതിഭയാനകമായ ഒരു ശിക്ഷ ലഭിക്കുവാനായി പ്രാർത്ഥിക്കാമെന്നും, പകരം ഈ വധശ്രമത്തിനു പിന്നിൽ ബാഹ്യമായി തന്റെ കരങ്ങൾ പ്രവർത്തിച്ചുവെന്ന് ബോധ്യമുണ്ടെന്ന് വിശ്വസിക്കുന്നതായി ആര്യസമാജികളിൽ ആരെങ്കിലും വന്ന് സത്യം ചെയ്തു പ്രാർത്ഥിക്കുകയും ചെയ്താൽ, ഇതിൽ സത്യാവസ്ഥയുടെ പിൻബലമില്ലാത്ത ആൾ ഒരു കൊല്ലത്തിനകം ദൈവിക ശിക്ഷക്ക് ഇരയാവുന്നതാണെന്നും, ഈ വെല്ലുവിളി സ്വീക രിക്കാൻ തയ്യാറുള്ള ആരെങ്കിലുമുണ്ടോ എന്നും അദ്ദേഹം ആര്യസമാജികളെ ആഹ്വാനം ചെയ്തു.

ഒരാൾ മാത്രം വെല്ലുവിളി സ്വീകരിച്ചു. 1897 ഏപ്രിൽ 3–ന് 'പഞ്ചാബ് സമാചാർ' എന്ന പ്രമുഖപത്രത്തിൽ ഗംഗാ ബിഷൻ എന്ന ഒരു ആര്യസമാജപ്രവർത്തകന്റെ ലേഖനം പ്രത്യക്ഷപ്പെട്ടു. ഈ വധത്തിനു പിന്നിൽ ഒരു ഗൂഢാലോ ചന നടന്നിട്ടുണ്ടെന്നും അതിൽ മിർസാ സാഹിബിനു പങ്കു ണ്ടെന്നും തനിക്കു പൂർണ്ണബോധ്യമുണ്ടെന്നും, ആ വിവരം സത്യം ചെയ്തുപറയാൻ താൻ തയ്യാറാണെന്നും അയാൾ ആ പ്രസ്താവനയിലൂടെ അറിയിച്ചു.

മൂന്നു ഉപാധികളാണ് അയാൾ ഉന്നയിച്ചത്.

(1) ഈ സത്യപ്രഖ്യാപനത്തിനുശേഷം ഒരു കൊല്ലം കഴിഞ്ഞിട്ടും താൻ മരണപ്പെടാതിരിക്കുന്നപക്ഷം ഒരു കൊലപ്പുള്ളിയെന്ന നിലയിൽ മിർസാ സാഹിബിനെ തൂക്കി ക്കൊല്ലണം.

(2) ഒരു കൊല്ലത്തിനുശേഷവും താൻ ജീവിച്ചിരിക്കു ന്നപക്ഷം ഒരു പിഴയെന്ന നിലയ്ക്ക് തനിക്കു ലഭിക്കത്ത ക്കവണ്ണം മിർസാ സാഹിബ് പതിനായിരം ഉറുപ്പിക ഗവൺമെന്റ് ട്രഷറിയിലോ താൻ നിർദ്ദേശിക്കുന്ന വിശ്വ സ്ഥമായ ഒരു ബാങ്കിലോ കെട്ടിവയ്ക്കണം.

(3) സത്യപ്രഖ്യാപനം ചെയ്യുന്നതിനു താൻ ഖാദിയാ നിൽ വന്നാൽ തന്നെ കൊന്നുകളയുന്നതല്ലെന്നു ഉറപ്പ് നൽകണം.

ഗംഗാബിഷൻ മുന്നോട്ടുവച്ച ഈ മൂന്നു നിബന്ധ നകളും താൻ പൂർണ്ണഹൃദയത്തോടെ സ്വീകരിച്ചിരിക്കുന്നു വെന്ന് ഹദ്റത്ത് അഹ്മദ്(അ) പ്രഖ്യാപിച്ചു. ഒരൊറ്റ ഉപാധി മാത്രമേ തനിക്കുള്ളുവെന്നും ഹുസൂർ അറിയിച്ചു. ഈ മഹത്തായ പരീക്ഷണം സമ്പൂർണ്ണ നിലയിൽ ഒഴിവാക്കാ തെ, വിജയപര്യവസായി ആക്കണം എന്ന്.

എന്നാൽ, നിർഭാഗ്യവശാൽ ഗംഗാബിഷൻ ചില സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ചു പിൻവാങ്ങുകയാണു ണ്ടായത്. പണ്ഡിറ്റ് ലേഖ്റാമിനു വന്ന ദുര്യോഗത്തെപ്പറ്റി ബോധവാന്മാരായ ആരും തന്നെ ഹദ്റത്ത് മസീഹ് (അ) –നോടു പരീക്ഷണത്തിൽ ഏർപ്പെടാൻ തയ്യാറാവില്ല എന്നതു സുനിശ്ചിതമായിരുന്നു. ഗംഗാബിഷന്റെ പിൻമാ റലോടെ ലേഖ്റാമിന്റെ മരണത്തിലടങ്ങിയ ദിവ്യാത്ഭുതം ഒരിക്കൽകൂടി ആവർത്തിച്ചുകാട്ടാനുള്ള അവസരം ലോക ത്തിനു നഷ്ടപ്പെടുകയായിരുന്നു.

1897 ഏപ്രിൽ 8–നു ഒരു യൂറോപ്യൻ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർ പെട്ടെന്ന് ഹദ്റത്ത് അഹ്മദ് (അ)ന്റെ വീടു വളയുകയുണ്ടായി. വീട്ടി നുള്ളിൽ സൂക്ഷിച്ചിരുന്ന കടലാസ്സുകളും കത്തുകളു മൊക്കെ ഓരോന്നായി എടുത്ത് പോലീസ് പരിശോധിച്ചു. അത്ഭുതമെന്നു പറയട്ടെ, ആദ്യം തന്നെ അവർക്കു കിട്ടി

യത്, ഹസ്രത്ത് അഹ്മദിനു ലേഖ്റാം അയച്ച ഒരു കത്തായിരുന്നു. ഇസ്ലാമിന്റെ സത്യത്തിലേയ്ക്കുള്ള ദിവ്യദൃഷ്ടാന്തം കാണാൻ താൻ ആഗ്രഹിക്കുന്നുവെന്നും തന്നെക്കുറിച്ച് എന്തു പ്രവചനവും പ്രസിദ്ധപ്പെടുത്തുന്നതിനു വിരോധമില്ലെന്നും ഉറപ്പുനിൽകിക്കൊണ്ടുള്ളതായിരുന്നു ലേഖ്റാമിന്റെ പ്രസ്തുത കത്ത്. അതൊരു കരാർ പത്രിക കൂടിയായിരുന്നു. 1885-ൽ ലേഖ്റാം ഖാദിയാൻ സന്ദർശിച്ച അവസരത്തിൽ അയച്ചതായിരുന്നു ആ കത്ത്.

ഹദ്റത്ത് അഹ്മദ് (അ) തന്റെ പ്രസ്സും, അതിഥി മന്ദിരവും, ശിഷ്യന്മാരുടെ താമസസ്ഥലവുമൊക്കെ പോലീസിനു കാണിച്ചുകൊടുത്തു. അവിടെയൊക്കെ പോലീസ് വിപുലമായ പരിശോധന നടത്തുകയും ചെയ്തു. ഹദ്റത്ത് അഹ്മദ് ഈ വധവുമായി ഒരു തരത്തിലും ബന്ധപ്പെട്ടിട്ടില്ലെന്നു മനസ്സിലാക്കി പോലീസ് ഉദ്യോഗസ്ഥർ മടങ്ങിപ്പോവുകയും ചെയ്തു.

27-1-1899-ൽ ഗുരുദാസ്പൂർ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് കോടതിയിൽ തനിക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ് ഒരു പ്രസ്താവന നൽകുകയുണ്ടായി.

"ലേഖ്റാം പെഷ്വാറിൽ നിന്ന് ഖാദിയാനിൽ വന്നതെന്തിനെന്നും അദ്ദേഹം ഇവിടെ എത്തിയശേഷം ഇസ്ലാമിനെയും ദൈവിക ദൃഷ്ടാന്തങ്ങളെയും കുറിച്ച് എത്ര അവഹേളനാപരമായാണ് സംസാരിച്ചിരുന്നതെന്നും, തന്നെപ്പററി ഒരു പ്രവചനം പ്രസിദ്ധപ്പെടുത്തുന്നതിനു അദ്ദേഹം എത്ര കണ്ട് നിർബന്ധം പിടിച്ചിരുന്നുവെന്നും ഞാൻ ബോധിപ്പിച്ചുകഴിഞ്ഞു. അയാൾ, തന്റെ 'തക്ദീസ്' എന്ന പുസ്തകത്തിന്റെ 332-ാം ഭാഗത്ത് തന്നെക്കുറിച്ചുള്ള എന്തു പ്രവചനവും പ്രസിദ്ധപ്പെടുത്തിക്കൊള്ളാവുന്നതാണന്ന് വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതും ഞാൻ ചൂണ്ടിക്കാണിച്ചു. ഇതിനുപുറമെ ഞാൻ മൂന്നു കൊല്ലക്കാലത്തിനുള്ളിൽ നടപ്പുദീനം ബാധിച്ചു മരിച്ചുപോകുന്നതാണെന്ന ഒരു പ്രവചനം അദ്ദേഹം എന്നെപ്പറ്റിയും പ്രസിദ്ധപ്പെടുത്തി. ആ പ്രവചനത്തിന്റെ പൊള്ളത്തരവും എന്റെ പ്രവചനത്തിന്റെ സത്യാവസ്ഥയും ദൈവം തെളിയിച്ചുകാണിച്ചിരിക്കുന്നു. പണ്ഡിറ്റ് ലേഖ്റാം ഇസ്ലാമിന്റെ ഒരു പ്രഖ്യാപിത ശത്രുവായിരുന്നുവെങ്കിലും മതപരമായി ഞാനുമായി വാക് രൂപേണയും ലിഖിതരൂപത്തിലും വിവാദങ്ങൾ നടത്തിയിരുന്നുവെങ്കിലും തന്റെ ജീവൻ അപഹരിക്കാൻ ഞാൻ ഗൂഢാലോചന ചെയ്തതായി എന്നെ ഒരിക്കലും സംശയിച്ചിരുന്നില്ല. അദ്ദേഹം ഇവിടെ ഖാദിയാനിൽ കുറച്ചുനാൾ താമസിച്ചിരുന്നപ്പോൾ ഞാൻ നയിച്ച ശാന്തവും പരിശുദ്ധവുമായ ജീവിതത്തെക്കുറിച്ച് നേരിട്ടറിഞ്ഞിരുന്നു. മാരകമായി മുറിവേറ്റശേഷം മൂന്നുമണിക്കൂറോളം സ്വബോധത്തോടെയായിരുന്ന ലേഖ്റാം തന്നെ ശുശ്രൂഷിച്ചിരുന്നവരോട് സംസാരിച്ചുകൊണ്ടിരുന്നിട്ടുണ്ട്. രക്ഷപ്പെടുമെന്ന ഒരു പ്രതീക്ഷയും അയാൾക്കുണ്ടായിരുന്നില്ല. തന്നെ കൊല്ലുവാനുള്ള ശ്രമത്തിൽ നിസ്സാരമായ ഒരു പങ്കെങ്കിലും എനിക്കുണ്ടെന്ന് ലേഖ്റാം സംശയിച്ചിരുന്നുവെങ്കിൽ ആ വിവരം അയാൾ അപ്പോൾ തന്നെ സൂചിപ്പിക്കുമായിരുന്നുവല്ലോ. എന്നാൽ അതുണ്ടായില്ല. പണ്ഡിറ്റ് ഇക്കാര്യത്തിൽ എന്നെ തെല്ലും സംശയിച്ചിരുന്നില്ല എന്നാണിതു വ്യക്തമാക്കുന്നത്. ഇവിടെ ഊഹാപോഹങ്ങൾക്കു ഒരു സ്ഥാനവും ഇല്ല തന്നെ.

"കൊലപാതകം സംബന്ധിച്ച് പരസ്പരവിരുദ്ധങ്ങളായ പല അഭിപ്രായങ്ങളും പ്രകടിപ്പിക്കപ്പെട്ടിരുന്നു. 'പൈസ്സ അഖ്ബാർ', 'നിസാമുൽ ഹിന്ദ്' 'ചാദ്വീൻ സദീ' തുടങ്ങിയ പത്രങ്ങൾ അഭിപ്രായപ്പെട്ടത്, പണ്ഡിറ്റിനു അവിഹിതബന്ധമുണ്ടായിരുന്ന ഒരു സ്ത്രീയുടെ ബന്ധുക്കളാണ് കൊലപാതകത്തിനു പിന്നിൽ പ്രവർത്തിച്ചതെന്നാണ്. മുറിവേറ്റശേഷം മൂന്നുമണിക്കൂറോളം പണ്ഡിറ്റിനു ബോധമുണ്ടായിരുന്നിട്ടും, യാതൊന്നും പറഞ്ഞില്ലെന്ന കാര്യം ഇതിലേയ്ക്ക് തെളിവായി ഉന്നയിക്കപ്പെട്ടിരുന്നു. ഒരുപക്ഷേ, രഹസ്യം പുറത്തായിപ്പോകുമെന്ന് അയാൾ പേടിച്ചിരിക്കാം. പണ്ഡിറ്റിന്റെ അങ്ങേയറ്റം ക്ഷുദ്രമായ ലേഖനങ്ങളെ അടിസ്ഥാനമാക്കി ചില ബോംബെ മുസ്ലിംകളാണ് കൊലയ്ക്ക് പിന്നിലെന്നും സംശയിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, ലാഹോറിലെ 'അഞ്ചുമൻ ഹിമായത്തുൽ ഇസ്ലാം', 'അബ്ദുമൻ നു അ്മാനി' എന്നീ സംഘടനകളും ഈ വിഷയത്തിൽ സംശയത്തിന്റെ നിഴലിൽ ആയിട്ടുണ്ട്. ലേഖ്റാമിനെതിരായി മുസ്ലിംകളാണ് ഗൂഢാലോചന ചെയ്തതെന്നു പറയുന്നത് അങ്ങേയറ്റം അസംബന്ധമാണെന്നും, ലേഖ്റാം ക്രിസ്ത്യാനികളുടെയും, സനാതന ധർമ്മക്കാരായ ഹിന്ദുക്കളുടെയും കഠിനശത്രുവായിരുന്നുവെന്നും, എല്ലാ മതഗുരുക്കന്മാരെയും ഒരുപോലെ അധിക്ഷേപിച്ചിരുന്നതിനാൽ എല്ലാ വിഭാഗക്കാർക്കും വിരോധമുണ്ടായിരുന്നുവെന്നും, ആകയാൽ ഹിന്ദുവിനെയും, ക്രിസ്ത്യാനിയെയും മുസ്ലിമിനെയും ഈ വിഷയത്തിൽ ഒരുപോലെ സംശയിക്കാവുന്നതാണെന്ന്, വധം നടന്ന ഉടനെ 'അഖ്ബാറെ ആം' എന്ന പ്രസിദ്ധ പത്രം അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒന്നുകിൽ എല്ലാ ഊഹങ്ങളും വാദഗതികളും ഒരുപോലെ തള്ളുകയോ, അല്ലെങ്കിൽ ഒക്കെയും പരിഗണിക്കുകയോ വേണം."

കോടതിയിൽ ഹദ്റത്ത് അഹ്മദ്(അ) സമർപ്പിച്ച ഈ സ്റ്റേറ്റ്മെന്റ്, കോടതി മുഖവിലയിൽ തന്നെ സ്വീകരിക്കയാണു ചെയ്തത്.

ഇനി, ലേഖ്റാമിനെ സംബന്ധിച്ച പ്രവചനം അത്ഭുതകരമായി പൂർത്തിയാക്കിയതിനെപ്പറ്റി ഒരു ആര്യസമാജി നേതാവായ ബാബു ഖാൻ സീറാം എം.എ.എൽ.എൽ.ബി. പ്രസ്താവിച്ചതു ശ്രദ്ധാർഹമാണ്.

"പഞ്ചാബിന്റെ തലസ്ഥാനമായ ലാഹോറിൽ വെച്ച് ഈ കൊലപാതകം നടന്നുവെങ്കിലും കൊലയാളിയെ കണ്ടുപിടിക്കുന്ന കാര്യത്തിൽ പോലീസ് ദയനീയമായി

*(ശേഷം 26-ാം പേജിൽ)*

## ലേഖനം

# മൂന്നാം ലോകമഹായുദ്ധം: സൂറ:കഹ്ഫിലെ പ്രവചനം

ഏ.പി. കുഞ്ഞാമു

**ആത്മീയശൂന്യവും , ഭൗതികോന്മുഖമായ യഅ്ജൂജ് മഅ്ജൂജിന്റെ ശാക്തിക കിടമത്സരങ്ങൾ. സർവ്വനാശകാരിയായ ഒരു മൂന്നാം ലോകമഹായുദ്ധത്തിലേക്ക് ലോകത്തെ നയിക്കും**

*സൂറ: അൽകഹ്ഫ് തുടരുന്നു. "അദ്ദേഹം പറഞ്ഞു (ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ) എന്റെ നാഥൻ എനിക്ക് പ്രദാനം ചെയ്തിട്ടുള്ള ശക്തിയും സ്വാധീനവും (എതിരാളികൾക്ക് ഉള്ളതിനേക്കാൾ) വളരെ മികച്ചതാണ്. അതിനാൽ (പ്രയത്ന) ശക്തികൊണ്ടു നിങ്ങളെന്നെ സഹായിക്കുവിൻ നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ ഒരു ഭിത്തി നിർമ്മിച്ചു തരാം.*

*"നിങ്ങൾ എനിക്ക് ഇരുമ്പുകഷ്ണങ്ങൾ കൊണ്ടുവരൂ. അങ്ങനെ രണ്ടുമലകൾക്കിടയിൽ അദ്ദേഹം വിടവ് സമമാക്കിയപ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങൾ (തീ) ഊതിക്കത്തിക്കുവിൻ. തുടർന്നു അദ്ദേഹം അതിനെ അഗ്നിമയമാക്കിയപ്പോൾ അദ്ദേഹം കല്പിച്ചു. 'കൊണ്ടുവരിക. ഞാൻ അതിന്മേൽ ഉരുക്കിയ ചെമ്പ് ഒഴിക്കാം. അങ്ങനെ അവർക്ക് അതു കയറി മറിയാനോ അതു തുരന്ന് കടക്കാനോ കഴിഞ്ഞില്ല.*

*അദ്ദേഹം പറഞ്ഞു: 'ഇത് എന്റെ നാഥനിൽ നിന്നുള്ള ഒരു കാരുണ്യമാണ്. എന്നാൽ എന്റെ നാഥന്റെ വാഗ്ദാനം (നിറവേറ്റുന്ന) നാൾ വന്നുകഴിഞ്ഞാൽ അവൻ അതിനെ തകർത്ത് നിരപ്പാക്കിക്കളയുന്നതാണ്. എന്റെ നാഥന്റെ വാഗ്ദാനം സത്യമാണ്" (18;96–99).*

സൈറസ് രാജാവ് അവിടെയുള്ള ജനങ്ങളുടെ പരിദേവനത്തോടു പ്രതികരിക്കുകയായിരുന്നു. അക്രമികളായ ജനതയിൽ നിന്നുമുള്ള രക്ഷക്കായി മതിൽ കെട്ടാനുള്ള സാങ്കേതികമായ അറിവുകളെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ തന്റെ പക്കലുണ്ടെന്നും പക്ഷെ പ്രവൃത്തി ചെയ്യാനുള്ള ആൾബലം അവർ നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതുകൂടാതെ, ഇരുമ്പ്, ചെമ്പ് എന്ന ലോഹങ്ങളും അവരോട് കൊണ്ടുവരാൻ ആജ്ഞാപിച്ചു. ഇരുമ്പും ചെമ്പും ഉരുക്കിയ തുരുമ്പ് പിടിക്കാത്തതും ബലിഷ്ഠവുമായ ഒരു സങ്കരലോഹം ഉപയോഗിച്ചാണ് അദ്ദേഹം ഭിത്തി പണിതതെന്നു മനസ്സിലാവുന്നു. കച്ചവടക്കാർക്കും മറ്റും യാത്രക്ക് വേണ്ടി ഗേറ്റുകളും അതിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ മതിലിന്റെ പണി പൂർത്തിയായതോടുകൂടി വടക്കുഭാഗത്ത് നിന്നുള്ള ഗോഗ് മഗോഗിന്റെ അധിനിവേശം ഇല്ലാതെയായി. ഈ മതിൽ യാതൊരു പ്രകാരത്തിലും തുരക്കാനോ കയറി മറിയാനോ സാധിക്കുമായിരുന്നില്ല. ഇതു മുമ്പു എഴുതിയതുപോലെ 29 അടി ഉയരവും 10 അടി ഘനവും ഇരുമ്പു ഗേറ്റുകളും കാവൽഗോപുരങ്ങളുമുള്ളതാണ്. ഈ സുരക്ഷിതമായ അതിർത്തി സംവിധാനം മുഖേന പേർഷ്യൻ രാജ്യം വളരെ ഭദ്രമായി. ഇതു ദൈവത്തിന്റെ ഭാഗത്തു നിന്നുള്ള ഒരു കാരുണ്യമാണ് എന്ന സൈറസിന്റെ വചനങ്ങൾ അദ്ദേഹം ഒരു ഭക്തനായ ദൈവദാസനാണെന്ന് വിളിച്ചറിയിക്കുന്നു. അദ്ദേഹം തന്റെ വൈഭവങ്ങളെപ്പറ്റി ഒന്നും പറയാതെ ദൈവികമാഹാത്മ്യത്തെപ്പറ്റി മാത്രം പരാമർശിക്കുന്നത് അദ്ദേഹത്തിന്റെ താഴ്മയും വിനയവുമാണ് സൂചിപ്പിക്കുന്നത്.

### ഗോഗ്മഗോഗിന്റെ വ്യാപനം

ദൈവത്തിന്റെ വാഗ്ദാനം പൂർത്തിയാകുമ്പോൾ എന്നുതുടങ്ങുന്ന വിശുദ്ധ ഖുർആന്റെ വചനം സൂചിപ്പിക്കുന്നത് ഭവിഷ്യത് കാര്യങ്ങ

ളെക്കുറിച്ചു അല്ലാഹു സൈറസിനെ അറിയിച്ചിരിക്കുന്നുവെന്നാണ്. ഭാവിയിൽ യഅ്ജൂജ് മജ്ജൂജ് വർദ്ധിത വീര്യത്തോടെ വീണ്ടും പേർഷ്യയുടെ തെക്കുകിഴക്കൻ അതിർ ത്തിയിൽ വ്യാപിക്കുമെന്നും അതിനെ പ്രതിരോധിക്കാൻ ഈ മതിലിന് കഴിയാത്ത ഒരു കാലം വരുമെന്നുമാണ്. "അവൻ അതിനെ തകർത്തു നിരപ്പാക്കിക്കളയും." എന്നതുകൊണ്ടു വിവക്ഷ ഗോഗ്മഗോഗിന്റെ വ്യാപനത്തെ കുറിക്കുന്നു. വിശുദ്ധ ഖുർആനിൽ 21:97ൽ ഇങ്ങനെ കാണുന്നു. *"ഏതു വരെ എന്നാൽ യഅ്ജൂജ് മഅ്ജൂജ് തുറന്നു വിടപ്പെടുകയും അവൻ എല്ലാ ഉയരങ്ങളിൽ നിന്നും സമുദ്രതിരമാലകളിൽ നിന്നും ശീഘ്രസഞ്ചാരം ചെയ്തുവരുകയും ചെയ്യും"* ഈ ആയത്തിൽ നിന്നു മനസ്സിലാകുന്നത് വാഗ്ദത്ത സമയം വന്നാൽ (വാഗ്ദത്ത മഹ്ദി മസീഹിന്റെ കാലം) അവർ ആകാശത്തു കൂടിയും കടൽ മുഖേനയും ത്വരിതസഞ്ചാരം ചെയ്തു നാടുകളിൽ വ്യാപിക്കുമെന്നാണ്. നവോത്ഥാനത്തിന് ശേഷം യൂറോപ്യൻ ശക്തികൾ കോളണിവത്കരണത്തിനായി നടത്തിയ പര്യവേഷണങ്ങളും സമുദ്രസഞ്ചാരങ്ങളും, പുതിയ നാടുകൾ കണ്ടെത്താനുള്ള സംരംഭങ്ങളും ഇതിനെ സൂചിപ്പിക്കുന്നു. 15-ാം നൂറ്റാണ്ടിൽ പോപ്പിന്റെ ആശീർവാദത്തോടെയാണ് പാശ്ചാത്യകൊളോണിയൽ ശക്തികൾ പുതിയ ലോകം വെട്ടിപ്പിടിക്കാൻ ആദ്യം ഇറങ്ങിത്തിരിച്ചതെന്ന കാര്യവും ഇവിടെ പ്രസ്താവ്യമാണ്. അത് ഈ കാലഘട്ടവുമായി ബന്ധിച്ചിരിക്കുകയാണ്. ഏത് ഉയരവും അതിജയിക്കാനുള്ള വിമാനങ്ങളും റോക്കറ്റുകളും അതേപോലെ വിദൂരസംവേദന സംവിധാനങ്ങളും കടലിൽ കൂടി ത്വരിതഗമനം ചെയ്യാനുള്ള പല തരത്തിലുള്ള വാഹനങ്ങളും ആധുനിക പാശ്ചാത്യ സമൂഹം കണ്ടുപിടിച്ചിരിക്കുന്നു. അപ്രതിരോധ്യമായ അവരു ടെ അതിവ്യാപനം തടയുവാൻ ഒരു മതിലിനും, ഒരു പർവ്വതത്തിനും സാദ്ധ്യമല്ല.

## റഷ്യക്കാരും, ഇംഗ്ലീഷുകാരും

യഅ്ജൂജ് മഅ്ജൂജ് എന്ന ഈ രണ്ടുകൂട്ടരുടെ പുറപ്പാട് വാഗ്ദത്ത മഹ്ദി മസീഹിന്റെ ആവിർഭാവത്തോടെ അതിന്റെ ഉഗ്രരൂപം പ്രാപിക്കുമെന്നാണ് ഹദീസുകളിൽ നിന്നും മനസ്സിലാകുന്നത്. ഇവരെപ്പറ്റി വാഗ്ദത്ത് മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തിന്റെ 'ഇസാലെ ഔഹാം' എന്ന ഗ്രന്ഥത്തിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. "എന്നാൽ അറിഞ്ഞുകൊൾവിൻ, യഅ്ജൂജ് മഅ്ജൂജ് സമൂഹങ്ങൾ ഇംഗ്ലീഷ് കാരും റഷ്യക്കാരുമാണ്." ഇവർ തമ്മിൽ മത്സരങ്ങളും യുദ്ധങ്ങളും നടക്കുമെന്നും പ്രവചനങ്ങൾ ഉണ്ട്. അവസാനകാലത്ത് ഘോരമായ ഒരു ലോകമഹായുദ്ധം ഇവർ തമ്മിലുണ്ടാകുമെന്ന് വാഗ്ദത്ത മസീഹ് പ്രവചിച്ചിട്ടുണ്ട്. ഇതു വാഗ്ദത്ത മസീഹിന്റെ സത്യതക്ക് വളരെ ശക്തമായ ഒരു തെളിവാണ്. ഈ പ്രവചനം ചെയ്യുമ്പോൾ റഷ്യ സാർ ചക്രവർത്തി ഭരിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. ഹദ്റത്ത് അഹ്മദിന്റെ (അ) വിയോഗശേഷമാണ് റഷ്യ കമ്മ്യൂണിസം സ്വീകരിച്ചത്. ബ്രിട്ടനും അവരുടെ വംശജരാൽ സ്ഥാപിതമായ അമേരിക്കയും ഒരു വശത്ത് കേപ്പിറ്റലിസ്റ്റ് ശക്തിയായും റഷ്യക്കാരും സ്ളാവ് ജനത ഉൾക്കൊണ്ട അവരുടെ ഉപഗ്രഹരാജ്യങ്ങളായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ കമ്യൂണിസ്റ്റ് ചേരിയിലും അണിനിരന്നുകൊണ്ട് ആശയപരവും, രാഷ്ട്രീയവും സാമ്പത്തികവുമായ മത്സരങ്ങളാണ് പിന്നീട് ലോകത്തിന് ദർശിക്കാൻ സാധിച്ചത്. വാസ്തവത്തിൽ ഹദ്റത്ത് അഹ്മദ് (അ) പ്രവചിച്ച ഈ രണ്ട് വംശങ്ങളുടെ കിടമത്സരങ്ങളുടെ പ്രത്യയശാസ്ത്രപരമായ നിറമായിരുന്ന ശീതയുദ്ധകാലത്തെ കേപിറ്റലിസവും കമ്യൂണിസവും. ശീതയുദ്ധകാലം കഴിഞ്ഞുവെങ്കിലും രണ്ടാമതും ശാക്തികച്ചേരികൾ ആവിർഭവിക്കുമെന്നാണ് ഖുർആന്റെ സൂചന.

## അടയാളങ്ങൾ

യഅ്ജൂജ് മഅ്ജൂജ് ഭൂമിയുടെ നിക്ഷേപങ്ങളെല്ലാം പുറത്തെക്കെടുക്കുമെന്നും അതിനുശേഷം അവർ ആകാശത്തേക്ക് തീയമ്പു തൊടുത്തു വിടുമെന്നും എന്നിട്ടവർ ദൈവ ത്തെ വധിച്ചെന്ന് പറയുമെന്നും പ്രവചനങ്ങളിൽ കാണാം. ഹദ്റത്ത് അഹ്മദ് (അ) വിവരിച്ച പ്രകാരം യഅ്ജൂജ് മഅ്ജൂജിനെ സംബന്ധിച്ച റസൂൽ തിരുമേനിയുടെ പ്രവചനങ്ങൾ ഇവർ രണ്ടു കൂട്ടരിലും വളരെ വ്യക്തമായി പൂർത്തിയായിരിക്കുന്നു. ഖനിജങ്ങൾ, പെട്രോൾ തുടങ്ങിയ ഭൗമ ധാതുക്കളുടെ ഖനനവും ബഹിരാകാശ ദൗത്യങ്ങളുമാണ് ഇവിടെ സൂചന. റസൂൽ തിരുമേനി(സ)യുടെ യു ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെയും സത്യതക്ക് ഇത് വലിയൊരു തെളിവാണ്.

യഅ്ജൂജ് മഅ്ജൂജ് എന്നത് അജ്, ഔജ്, മൌജ്, അജാജ് എന്നിങ്ങനെയുള്ള ഏതെങ്കിലും ധാതുവിൽ നിന്നാണെന്ന് മനസ്സിലാകുന്നു. കത്തിജ്വലിക്കുക, ശീഘ്രഗമനം ചെയ്യുക, ഇളകി മറയുക, യുദ്ധം ചെയ്യുക, മേല്പോട്ടുയരുക എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. ഈ എല്ലാ ഗുണവും ഇവരിൽ സമ്മേളിച്ചതായി കാണാൻ സാധിക്കും. ഇവരുടെ ആത്മീയവീക്ഷണത്തെ പരാമർശിച്ചു ഇവരെ ദജ്ജാൽ എന്നും ഹദീസുകളിൽ പറയപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആനിൽ യഅ്ജൂജ് മഅ്ജൂജിനെപ്പറ്റിയാണ് പറയുന്നത്. ഇവരുടെ ആത്മീയവീക്ഷണത്തെ മുൻനിർത്തി അവരുടെ വലതു കണ്ണു അന്ധമായിരിക്കുമെന്നും ഇടത് കണ്ണിന് കൂടുതൽ കാഴ്ച ഉണ്ടാകുമെന്നും ഹദീസുകളിൽ പറയപ്പെട്ടിരിക്കുന്നു. വലതുകണ്ണ് ആത്മീയമായ കണ്ണാണ്. അതായത് ദൈവം ഒന്ന് മൂന്നാണെന്നും മൂന്ന് ഒന്നാണെന്നും ഉള്ള വിശ്വാസം. ഏത് കുട്ടിക്കും ഇതിലെ പൊരുത്തക്കേട് മനസ്സിലാക്കാവുന്നതാണ്. തികച്ചും അയുക്തികമായ ഈ വിശ്വാസം അവർ അന്ധമായി സ്വീകരിച്ചിരിക്കുകയാണ്. ആദ്യപിതാവായ ആദം വിലക്കപ്പെട്ട കനി ഭക്ഷിച്ചതുകൊണ്ട് മനുഷ്യരെല്ലാം ജന്മനാ പാപികളാണെന്നും ആ പാപത്തിൽ മനുഷ്യകുലത്തെ രക്ഷിക്കാൻ ദൈവത്തിന്റെ ഏകപുത്രനെ കുരിശിൽ

ബലിയാക്കിയെന്നും ആ കുരിശ് മരണത്തിൽ വിശ്വസിച്ചാൽ പാപത്തിൽ നിന്നും രക്ഷിക്കപ്പെടുമെന്നുള്ള അന്തഃസ്സാരശൂന്യവും യുക്തിഹീനവുമായ വിശ്വാസം അവരുടെ ആത്മീയമായ അന്ധനേത്രത്തെ സൂചിപ്പിക്കുന്നു. മറ്റൊരു വിശ്വാസം നിരീശ്വരനിർമ്മത വിശ്വാസമാണ്. ഇതു രണ്ടുമാണ് ഈ രണ്ടുകൂട്ടരുടെ വിശ്വാസങ്ങൾ. ഇതാണ് ദജ്ജാലി വിശ്വാസം. ഒരുവശത്ത് ആത്മീയാന്ധതയും മറുവശത്ത് ദൈവനിഷേധവും ഉൾക്കൊള്ളുന്ന ഇവരുടെ തത്ത്വശാസ്ത്രത്തിന്റേയും ജീവിതസിദ്ധാന്തത്തിന്റേയും അതിപ്രസരം മനുഷ്യസമൂഹത്തെയാകമാനം മലീമസമാക്കിയിരിക്കുന്നു. ഇതിൽ നിന്നും രക്ഷപ്പെടാനാണ് അഞ്ചുനേര നമസ്കാരങ്ങളിലും മുസ്‌ലിം ലോകം ദജ്ജാലിന്റെ കുഴപ്പങ്ങളിൽ നിന്നും രക്ഷിക്കാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത്.

## ഇസ്രയേൽ രാജ്യം

ചരിത്രത്തിന്റെ പ്രതീകാത്മകമായ പുനരാവർത്തനമാണ് ഇവിടെ സംഭവിക്കുന്നത്. പുരാതന കാലത്തെ ആദ്യത്തെ ഘട്ടത്തിൽ ദുൽഖർനൈൻ രാജാവ് യഅ്ജൂജ് മഅ്ജൂജിന്റെ ആക്രമണത്തിൽ നിന്നും അന്നുള്ള ജനതയെ രക്ഷിച്ചു. ഈ കാലത്ത് ആയഅ്ജൂജ് മഅ്ജൂജ് ശക്തികൾ അഥവാ ദജ്ജാലീ ഫിത്ന നവോത്ഥാനത്തിന്നുശേഷം ഉയിർത്തെഴുന്നേറ്റ് മുസ്‌ലിം ലോകത്തെ വലയം ചെയ്ത് ചൂഷണത്തിനും മർദ്ദനത്തിനും വിധേയമാക്കിക്കൊണ്ടിരിക്കുന്ന പാശ്ചാത്യ ക്രൈസ്തവ ജനതയാണ്. ഇവരുടെ നാശത്തിൽ നിന്നും ലോകത്തെ രക്ഷിക്കാനാണ് വാഗ്ദത്ത മഹ്ദി മസീഹിനെ അല്ലാഹു അവസാന കാലത്ത് നിയോഗിച്ചത്. ആ അവസാനകാലം തന്നെയായിരിക്കും യഹൂദികൾ ഫലസ്തീനിലേക്ക് വീണ്ടും പ്രവേശിക്കുക എന്നും ഖുർആൻ പറയുന്നു. ഫലസ്തീനിലേക്കുള്ള യഹൂദികളുടെ ഈ ആഗമനം വാഗ്ദത്ത മസീഹിനെപ്പറ്റിയുള്ള പ്രവചനം പൂർത്തിയായതിനു ശേഷമായിരിക്കുമെന്നും ഖുർആൻ പറയുന്നു. *"അവനുശേഷം ഇസ്റായീല്യരോട് നാം പറഞ്ഞു: 'നിങ്ങൾ ആ നാട്ടിൽ വസിച്ചുകൊള്ളുക. പിന്നീട് ഒടുവിലത്തെ വാഗ്ദാനം പൂർത്തിയാവുന്ന സമയമായാൽ നാം നിങ്ങളെ ഒരുമിച്ചു കൂട്ടുന്നതാണ്'* (17:105). വാഗ്ദാന നാൾ വന്നു കഴിഞ്ഞാൽ അവൻ (യഅ്ജൂജ് മഅ്ജൂജ്) അത് തകർത്തു നിരപ്പാക്കുമെന്നും (18:99) ഒടുവിലത്തെ വാഗ്ദാനം പൂർത്തിയായാൽ നാം നിങ്ങളെ ഒരുമിച്ചുകൂട്ടും. (17:105) എന്നുമുള്ള ഖുർആന്റെ പ്രവചനം യഅ്ജൂജ് മഅ്ജൂജിന്റെ ശക്തി പ്രഭാവകാലഘട്ടവും ഇസ്രയേലിന്റെ രൂപീകരണവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും ചിതറിപ്പാർത്തിരുന്ന ജൂതന്മാർ 1948ൽ ബ്രിട്ടൻ, അമേരിക്ക, റഷ്യ എന്നീ വൻശക്തികളുടെ സഹായത്തോടെ ഫലസ്തീനിലേക്ക് പ്രവേശിച്ചാണ് ഇസ്രായേൽ രാഷ്ട്രം രൂപീകരിച്ചത് എന്ന കാര്യം വളരെ സ്പഷ്ടമാണ്. അതിനു മുമ്പേ അവസാനകാലത്തെ വാഗ്ദാനം അഥവാ വാഗ്ദാനം ചെയ്യപ്പെട്ട മസീഹിന്റെ ആവിർഭാവവുമുണ്ടായി എന്ന കാര്യം ഖുർആന്റെ പ്രവചനത്തിന്റെ അത്ഭുതകരമായ പൂർത്തികരണം സൂചിപ്പിക്കുന്നു.

## പ്രതിരോധം

ദജ്ജാലിന്റെ ഫിത്നയിൽ നിന്നു മോചനം ലഭിക്കാൻ സൂറ:കഹ്ഫിന്റെ ആദ്യത്തെ പത്ത് ആയത്തുകളും അവസാനത്തെ പത്ത് ആയത്തുകളും ഓതണമെന്നു റസൂൽ തിരുമേനി(സ) നമ്മോടു ആജ്ഞാപിച്ചിരിക്കുന്നു. സൂറ: കഹ്ഫിൽ അല്ലാഹുവിനു മകനുണ്ടെന്ന് പറയുന്നവരെ താക്കീതു ചെയ്യാനാണെന്നാണ് പറയുന്നത്. അപ്പോൾ ഇതിൽ നിന്നും ദജ്ജാൽ ഈ വിശ്വാസം പേറുന്ന പാശ്ചാത്യജനതയാണെന്നത് വളരെ വ്യക്തമാണ്. മസീഹിന്റേയും കൂട്ടരുടേയും നിശ്വാസത്തിനു മുമ്പിൽ അഥവാ വാദമുഖങ്ങൾക്ക് മുമ്പിൽ ഉപ്പ് അലിയുന്നതുപോലെ അവരുടെ മതസിദ്ധാന്തങ്ങളെല്ലാം തന്നെ ദ്രവിച്ച് ഇല്ലാതാവും. അതെപ്പോലെ നിശ്വാസം എന്നതുകൊണ്ടുള്ള വിവക്ഷ പ്രഭാഷണങ്ങളാണ്. അതിന്നുമുമ്പിൽ പിടിച്ചുനിൽക്കാൻ ക്രൈസ്തവ ദൈവശാസ്ത്രത്തിനാവില്ല. ഇവരിലുള്ള ദജ്ജാലി സ്വഭാവത്തെ ഉന്മൂലനം ചെയ്തു അവരെ ശുദ്ധരാക്കുന്ന ജിഹാദിലാണ് ഇപ്പോൾ മഹ്ദി മസീഹും അദ്ദേഹത്തിന്റെ ജമാഅത്തും മുഴുകിയിരിക്കുന്നത്. പന്നിയെ കൊല്ലുക എന്നതും ഈ ജനതയുടെ ഭൂമിയുമായുള്ള ബന്ധത്തെയും, നിർലജ്ജമായ അവരുടെ ലൈംഗിക അരാജകത്വവും വിളിച്ചോതുന്നു. അതായത് പണ്ട് ദുൽഖർ നൈൻ ഭിത്തി കെട്ടി പ്രതിരോധം തീർത്തത്പോലെ അനിഷേധ്യമായ വാദമുഖത്തിലൂടെയും ആത്മീയമാർഗ്ഗത്തിലൂടെയും ആശയസമരത്തിന്റെ ഭിത്തികെട്ടിയും ഖിലാഫത്ത് വ്യവസ്ഥയിലൂടെ വിശ്വാസി സമൂഹത്തെ സംരക്ഷിച്ചു. ക്രിസ് തീയ ദജ്ജാലിയത്തിന്റെ കടന്നുകയറ്റത്തെ പ്രതിരോധിക്കുന്ന രണ്ടാം ദുൽഖർനൈൻ ആയിരിക്കും മഹ്ദി മസീഹ്. സൂര്യൻ പടിഞ്ഞാറ് നിന്നു ഉദിക്കുമെന്ന് ഹദീസുകളിൽ പറഞ്ഞത് ഇസ്‌ലാമാകുന്ന സൂര്യനാണ്. പാശ്ചാത്യനാടുകളിൽ ഇസ്‌ലാം ആദരപൂർവ്വം സ്വീകരിക്കപ്പെടുന്ന കാലം വരും. മഹ്ദി മസീഹിന്റെ ജമാഅത്തിന്റെ ആശയപ്രചാരണത്തിനാണ് മുസ്‌ലിം ടെലിവിഷൻ അഹ് മദിയ്യാ പ്രവർത്തിക്കുന്നത്. ഇതും ഈ പ്രവചനത്തിന്റെ പ്രാരംഭ പൂർത്തീകരണമാണ്.

ദജ്ജാലിന്റെ വാഹനത്തെപ്പറ്റിയും വളരെയധികം ഹദീസുകളിൽ പറയപ്പെട്ടിരിക്കുന്നു. റസൂൽ തിരുമേനിയുടെ കാലത്ത് മൃഗങ്ങളുടെ പുറത്തായിരുന്നു അവരുടെ സഞ്ചാരം. 'എന്നാൽ ജനങ്ങൾ ദജ്ജാലിന്റെ കഴുതയുടെ വയറ്റിലായിരിക്കും സഞ്ചരിക്കുകയെന്നും തീ തിന്നുന്ന കഴുതയായിരിക്കുമതെന്നും പറയപ്പെട്ടിരിക്കുന്നു. കഴുത തീ ഭക്ഷിക്കുമെങ്കിലും അതിനകത്ത് ഇരിക്കുന്നവർക്ക് ചൂടേൽക്കുകയില്ലെന്നും ഹദീസുകൾ വിവരിക്കുന്നു. അതു ത്വരിതഗമനം ചെയ്യുന്ന വാഹനവുമായിരിക്കും. മണിക്കൂറുകൾ കൊണ്ട് മഅ്രിബിൽ നിന്നും മശ്‌രിക്കി

ലേക്ക് പറക്കാൻ അതിനു സാധിക്കും. ആധുനികലോകത്തുള്ള എല്ലാവാഹനങ്ങളും ഈ പ്രവചനത്തിന്റെ പരിധിയിൽ വരുന്നു. കാർ, വിമാനം, ട്രെയിൻ, മറ്റു പെട്രോൾ, ഡീസൽ, അണുശക്തി, എന്നീ ഇന്ധനങ്ങൾ കൊണ്ട് ഓടുന്ന എല്ലാ വാഹനങ്ങളും ഇതിൽപെട്ടതാണ്. ഉള്ളിൽ ഇന്ധനം കത്തിച്ച് അതിന്റെ താപോർജ്ജത്താൽ ചലിക്കുന്നത് കൊണ്ട് 'കമ്പസ്റ്റ്യൺ' (Combustian) എഞ്ചിൻ അഥവാ ആന്തരദഹന യന്ത്രങ്ങൾ എന്നാണ് മോട്ടോർ വാഹനയന്ത്രങ്ങളെ വിളിക്കുന്നത് എന്നത് ഈ പ്രവചനത്തിന്റെ അക്ഷരാർത്ഥത്തിലുള്ള പൂർത്തീകരണത്തെ സൂചിപ്പിക്കുന്നു.

ഈ കാലഘട്ടത്തെക്കുറിച്ചു വിശുദ്ധ ഖുർആനിലും, ഹദീസിലും വന്ന പ്രവചനങ്ങൾ എടുത്തുദ്ധരിക്കുകയാണെങ്കിൽ അത് വളരെയേറെ ദീർഘിച്ചു പോകും. ഒട്ടകസവാരി നിർത്തൽ ചെയ്യുമെന്നും അച്ചടിയന്ത്രം വർദ്ധിക്കുമെന്നും ഗ്രന്ഥങ്ങൾ നിരവധി പ്രസിദ്ധീകരിക്കപ്പെടുമെന്നൊക്കെ പ്രവചനങ്ങൾ ഉണ്ട്. ഈ പറയപ്പെട്ട ദജ്ജാലി ശക്തിയാണ് ആധുനികയുഗത്തിലെ കണ്ടുപിടിത്തങ്ങളുടെയെല്ലാം നായകന്മാർ. വലത് കണ്ണ് (മതദൃഷ്ടി) അന്ധമാണെങ്കിലും അവരുടെ ഇടതു കണ്ണ് (ഭൗ തിക ദൃഷ്ടി) വളരെ തീവ്രതയുള്ളതാണെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമിതാ ണ്. അവരുടെ കണ്ണുകൾ ആറ്റത്തിനകത്തെ കണങ്ങൾ (Particles) മുതൽ പ്രകാശവർഷങ്ങൾക്കകലെയുള്ള ന ക്ഷത്രങ്ങളിൽ വരെ ചെന്നുപതിക്കുന്നു.

*അൽകഹ്ഫ് തുടരുന്നു: "അന്ന് അവരിൽ ചിലരെ മറ്റു ചിലർക്കെതിരിൽ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെ എല്ലാവരെയും ഒരുമിച്ചുകൂട്ടുകയും ചെയ്യും. അന്നാളിൽ അവിശ്വാസികളുടെ മുമ്പിൽ നരകത്തെ ശരിയാംവണ്ണം നാം പ്രദർശിപ്പിക്കും. തങ്ങളുടെ കണ്ണുകൾ എന്റെ സ്മരണവിട്ട് ഒരു മറയിലായിരിക്കുകയും കേൾക്കാൻ പോലും കഴിയാതിരിക്കുകയും ചെയ്ത (അവിശ്വാസികൾ) (18:100, 101, 102)*

വിശുദ്ധ ഖുർആനിലെ മേൽ സൂക്തങ്ങൾ മനസ്സിലാക്കിത്തരുന്നത് യഅ്ജൂജ് മഅ്ജൂജിന്റെ ശക്തിയാർജ്ജിച്ചുകൊണ്ടുള്ള പുറപ്പാട് കാലഘട്ടത്തിൽ ലോകം ഒന്നായിത്തീരും എന്നാണ്. ലോകത്തെ ഇപ്പോൾ ആഗോള ഗ്രാമം എന്നാണ് വിളിക്കുന്നത് ഒരു ഗ്രാമത്തിലുള്ളത് പോലെ വാർത്താവിനിമയബന്ധങ്ങളും ഗതാഗതവും മനുഷ്യനെ ഒന്നിപ്പിച്ചിരിക്കുന്നു. ഐക്യരാഷ്ട്രസഭ പോലെയുള്ള ലോകവേദികളിൽ ലോകരാഷ്ട്രത്തലവന്മാർ ഒരുമിച്ചിരിക്കുന്ന അവസരങ്ങളിൽ തന്നെ പരസ്പരം രാജ്യം രാജ്യത്തിന്നെതിരിലും വംശം വംശത്തിന്നെതിരിലും ജനത ജനതക്കെതിരിലും യുദ്ധം ചെയ്തുകൊണ്ടിരിക്കും. അതായത് ലോകമെങ്ങും അന്യോന്യം വൈരവും സ്പർദ്ധയും വർദ്ധിച്ചുവരുന്നു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സമാധാനത്തിനുവേണ്ടി നിലവിൽ വന്ന ആഗോള സ്ഥാപനമായ ലീഗ് ഓഫ് നേഷന്റെ പതനത്തിന് ശേഷമാണ് ഐക്യരാഷ്ട്ര സഭയുടെ ഉദയം ഉണ്ടായത് എന്നും നാമോർക്കണം. അതിനു ശേഷവും സ്പർദ്ദയും യുദ്ധവും, യുദ്ധഭീതിയും തുടരുന്നു. ഇതെല്ലാം തന്നെ ഈ കാലഘട്ടത്തിന്റെ ശാപമായി നമുക്ക് അനുഭവപ്പെടുന്നു. (21:97) വിശുദ്ധ ഖുർആനിൽ പറഞ്ഞതു പോലെ എല്ലാ തടസ്സങ്ങളേയും അതിജീവിച്ചുകൊണ്ടു ഈ പാശ്ചാത്യശക്തികൾ ശീഘ്രഗതിയിൽ ഭൂമണ്ഡലം കൈപിടിയിലൊതുക്കിയിരിക്കുന്നു. ഇതേ വേഗത്തിൽ തന്നെ അവരുടെ പതനവും ലോകം ദർശിക്കാൻ പോകുന്നു. ആ നാളുകളിൽ പാപികൾക്ക് ഭയാജനകമായ യുദ്ധം മുഖേന നരകം അവർക്ക് മുന്നിൽ ജ്വലിപ്പിക്കപ്പെടും. അവൻ ഇതുവരെ നയിച്ച പാപപങ്കിലമായ ജീവിതത്തിന്ന് ഇത്തരം ഒരു ശിക്ഷ അനിവാര്യമായിരുന്നു. രാഷ്ട്രം രാഷ്ട്രങ്ങൾക്കെതിരിലും ജനത ജനതകൾക്കെതിരിലും ഘോരയുദ്ധങ്ങൾ ആ കാലഘട്ടത്തിൽ നടക്കും. അവരുടെ ഭൗതിക പുരോഗതിയിൽ അഹങ്കരിച്ചവരായിരുന്നു അവർ. ദൈവികവചനം കേൾക്കാൻ പോലും കൂട്ടാക്കാത്ത തരത്തിൽ ഔദ്ധത്യപൂർണ്ണമായ ജീവിതമായിരുന്നു അവർ നയിച്ചത്. ധാർമികവും സദാചാരപരവുമായ മതമൂല്യങ്ങളെ കാറ്റിൽ പരത്തി പരിഷ്ക്കാരത്തിന്റേയും ആസ്വാദനത്തിന്റേയും ധൂർത്തമായ ജീവിതമാണ്. അവരുടെ സൈനിക ശക്തിയിലും കണ്ടുപിടിത്തങ്ങളിലും അവർ പൊങ്ങച്ചം നടിക്കുകയും ചെയ്യുന്നു.

## ഹ: അഹ്മദി(അ)ന്റെ ദൗത്യം

ബൈബിളിൽ 'വെളിപാടി'ൽ 20:7, 8 ഇങ്ങനെ വായിക്കാം. "ആയിരം വത്സരത്തിനുശേഷം സാത്താനെ തടവിൽ നിന്നും മോചിപ്പിക്കും. ഭൂമിയുടെ നാലു മൂലയിലുമുള്ള ജനതകളെ അതായത് ഗോഗിനേയും മഗോഗിനേയും വഞ്ചിക്കാനും അവരെ യുദ്ധത്തിന് ഒന്നിക്കാനും സാത്താൻ പുറത്തു വരും" ഇവിടെ ആയിരം കൊല്ലമെന്നു പറയപ്പെട്ടത് ഹിജ്റക്ക് ശേഷമുള്ള ആയിരം വർഷമാണ്. 622 എ.ഡിയിലാണ് മദീനയിലേക്ക് തിരുമേനിയും സംഘവും ഹിജ്റത്ത് ചെയ്തത്. ഈ ബൈബിൾ ഉദ്ധരണിക്ക് ശേഷം എസ്കേയൽ 38, 39 കൂടി ചേർത്തുവായിച്ചാൽ ഗോഗ് മെഗോഗിന്റെ ഉയർച്ച 17-ാം നൂറ്റാണ്ടിൽ ആരംഭിക്കുമെന്നും നമ്മുടെ കാലഘട്ടത്തിൽ അതു അതിന്റെ ഉത്തുംഗസ്ഥാനത്ത് എത്തുമെന്നുമാണ് അതിന്റെ അർത്ഥം.

വിശുദ്ധ ഖുർആൻ ഭാവിയിൽ സംഭവിക്കുന്ന പല പ്രവചനങ്ങളും പ്രവചനഭാഷയിൽ വിവരിച്ചിട്ടുണ്ട്. മറ്റു ഗ്രന്ഥങ്ങളിലുള്ളത് പോലെയുള്ള സ്ഥൂലമായ വൃത്താന്ത കഥനം ഖുർആന്റെ ശൈലിയല്ല എന്ന് നാം പ്രത്യേകം ഓർക്കണം. ഭൂതകാലചരിത്രത്തിൽ നിന്നും പ്രതീകങ്ങൾ സ്വീകരിച്ചുകൊണ്ട് ആ ചരിത്ര തത്ത്വങ്ങളുടെ ആവർത്തനം ഭാവിയിലും ഉണ്ടാകുമെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. ഈ രീതിയിലാണ് ഖുർആൻ പലകാ

നിരവധി പ്രവചനങ്ങൾ അക്ഷരംപ്രതി പൂർത്തിയാവുകയും നിരവധി പ്രവചനങ്ങൾ പൂർത്തിയാക്കാൻ ബാക്കി കിടക്കുകയും ചെയ്യുന്നു. നാശത്തിന്റെ പ്രവചനങ്ങൾ സോ പാധികമാണ്. ആത്മീയമായും ധാർമ്മികതയുമില്ലാത്ത ഭൗതികോന്മുഖമായ യഅ്ജൂജ് മഅ്ജൂജിന്റെ അതിവേഗത്തിലുള്ള വ്യാപനം വമ്പിച്ച ഒരു യുദ്ധത്തിലേക്കാണ് ലോകത്തെ നയിക്കുക. അതിന്നു മുമ്പായി ലോക ത്തെ വീണ്ടെടുക്കാനാണ് അല്ലാഹു വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ)നെ അയച്ചത്. അദ്ദേഹത്തെ സ്വീകരിച്ചു മനുഷ്യസമൂഹം സ്വയം നന്നാവുന്നില്ലെങ്കിൽ, ജീവിച്ചിരിക്കുന്നവർ മരിച്ചവരെയോർത്ത് അസൂയപ്പെടുന്ന രീതിയിലുള്ള വമ്പിച്ച ദുരന്തങ്ങൾ വിതക്കുന്ന ഒരു മൂന്നാംലോകമഹായുദ്ധമായിരിക്കും ആവിർഭവിക്കുക. ആമാരകമായ പ്രഹരത്തിനുശേഷമായിരിക്കും മാനവരാശി ദൈവത്തിലേക്ക് തിരിയുന്നത്. വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദി(അ)നെ തിരിച്ചറിയുന്നതും അപ്പോഴായിരിക്കും.

(തുടരും) ■

(21 -ാം പേജിൽ നിന്ന് തുടർച്ച)

പരാജയപ്പെടുകയാണുണ്ടായത്. സംഭവത്തിന്റെ രീതി നോക്കുക: ഗുലാം അഹ്മദിന്റെ പ്രവചനം പൂർത്തിയാവുകയും ലേഖ്റാം രക്തസാക്ഷിയാവുകയും ചെയ്തു. പരമേശ്വരനു (ദൈവത്തിനു) മാത്രമേ അറിയൂ, ഇത് അവൻ ഇറക്കിയ ശിക്ഷയായിരുന്നോ അതോ മനുഷ്യകൃതമായിരുന്നോ എന്ന്." ഇത്, 'മുസാഫിർ' എന്ന പത്രത്തിൽ 6-3-1913-ൽ വന്ന റിപ്പോർട്ടാണ്.

'രൺദീർ' എന്ന മറ്റൊരു പത്രത്തിന്റെ എഡിറ്ററായിരുന്ന സനാതന ധർമ്മിയായിരുന്ന മറ്റൊരു ഹിന്ദു നേതാവ് പണ്ഡിറ്റ് മദനഗോപാൽ ഇപ്രകാരം പറയുന്നു. "ലേഖ്റാം വധിക്കപ്പെടുന്നതിനെക്കുറിച്ചും വധം സംബന്ധിച്ച കുറ്റാരോപണത്തിൽ നിന്നും താൻ മോചിതനാകുന്നതു സംബന്ധിച്ചുമുള്ള ഹദ്റത്ത് അഹ്മദിന്റെ പ്രവചനങ്ങൾ അങ്ങനെ പൂർത്തിയായിരിക്കുന്നു."

വാഗ്ദത്ത മസീഹ് സ്വജീവിത കാലത്ത് വിളംബരപ്പെടുത്തിയ എല്ലാ പ്രവചനങ്ങളും ഒന്നൊഴിയാതെ പൂർത്തിയായിട്ടുണ്ട്. അത്തരം പ്രവചനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും, പൊതുജനശ്രദ്ധ ആകർഷിച്ചതുമായ ഒരു പ്രവചനവും, അതിന്റെ പൂർത്തീകരണവുമാണ്, പണ്ഡിറ്റ് ലേഖ്റാമിന്റെ മരണം. സർവശക്തനായ അല്ലാഹു എല്ലാം അറിയുന്നു. ■

(7 -ാം പേജിൽ നിന്ന് തുടർച്ച)

ങ്കിൽ പുതിയ പരിവേഷത്തിലുള്ള മുഹമ്മദീ നുബുവ്വത്ത് തന്നെയാണ തെന്നു മനസ്സിലാക്കാവുന്നതാണ്." (അൽവസിയത്ത് പേജ് 13, 14)

"മറ്റെല്ലാ നബിമാരുടെയും വഹ്യുകളും മുഅ്ജിസത്തുകളും അവസാനിച്ചു പോവുകയും അവരുടെ സമുദായങ്ങൾ ഈ അനുഗ്രഹങ്ങളിൽ നിന്നു ദൂരപ്പെടുകയും വെറും കഥാകഥനങ്ങൾ മാത്രം അവരിൽ അവശേഷിക്കുകയും ചെയ്യുമ്പോൾ റസൂൽതിരുമേനിയുടെ വഹ്‌യും മുഅ്ജിസത്തുകളും അവസാനിച്ചു പോയിട്ടില്ല എന്നത് ഹദ്റത്ത് റസൂൽതിരുമേനിക്ക് പ്രദാനം ചെയ്യപ്പെട്ട അതിമഹത്തായൊരു ദിവ്യാത്ഭുതം തന്നെ. റസൂൽ തിരുമേനിയെ പരിപൂർണ്ണമായും അനുഗമിക്കുന്ന മഹാത്മാക്കാൾ മുഖേന ഇത് പ്രകടമായിക്കൊണ്ടേയിരിക്കുന്നു. അതുകൊണ്ടാണ് ഇസ്‌ലാം ഒരു ജീവൽമതവും അത് പ്രബോധനം ചെയ്യുന്ന ദൈവം ഒരു ജീവൽദൈവവും ആയിരിക്കുന്നത്. ഈ കാലത്ത് ഇതിന്നുള്ള ഒരു സാക്ഷ്യമാണ് ഈ വിനീതദാസൻ".

(ചശ്മയെ മസീഹി പേജ് 19) ■

ലേഖനം

കഴിഞ്ഞ ലക്കം തുടർച്ച

# വിദ്യാഭ്യാസം: നാലു ചോദ്യങ്ങളും വിശുദ്ധ ഖുർആന്റെ മറുപടിയും


അബ്ദുൾ മജീദ് B.A. B.Ed., Ph.D.

ശഹാബ് അഹ്മദ് M.A. Ph.D


## ആധുനിക വിദ്യാഭ്യാസ തത്വങ്ങൾ: ഖുർആനുമായി ഒരു താരതമ്യ പഠനം

ഇവിടെ ഞങ്ങൾ മറ്റു രണ്ടു പഠനങ്ങളെക്കുറിച്ചു പരാമർശിക്കാൻ ആഗ്രഹിക്കുന്നു. ഇവ പൂർണ്ണമായും നൂതനമായ എന്തെങ്കിലും ആശയം പ്രദാനം ചെയ്യുന്നതുകൊണ്ടല്ല മറിച്ച്, ഇവ നേരിട്ടുള്ള നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലുള്ളവയായതിനാലാണ്.

ഒന്നാമതായി മഹാനായ ജൈവ ശാസ്ത്രജ്ഞനും, പ്രകൃതിവാദിയും മനശ്ശാസ്ത്രജ്ഞനുമായ ജീൻ പീയാജെറ്റിന്റെ (1896–1980) അഭിപ്രായമെടുക്കാം. ജനിതക കോഡിലെ ഏതൊരാശയവും പഠനവും ജീവശ്ശാസ്ത്രത്തിൽ രൂഢമൂലമാണ്. ദഹനപ്രക്രിയയെ അദ്ദേഹം ആലങ്കാരികമായി എടുത്തുകാട്ടാറുണ്ട്. ശിശുക്കളുടെ ശരീരങ്ങൾ പാല് സ്വാംശീകരിക്കുന്നതുപോലെ മനസ്സുകൾ വിവരം സ്വാംശീകരിക്കുന്നു. പിയാജെറ്റിനെ സംബന്ധിച്ചേടത്തോളം പഠനം ഭക്ഷണം കഴിക്കുന്നതുപോലെ സ്വാഭാവികമാണ്.3

രണ്ടാമത്തെ പഠനം, അലിസൻ ഗോപ്നിക്, ആൻഡ്രൂ എൻ മെൽട്ട്സോഫ്, പാട്രീഷ്യാ എൻ. കുഹാൽ എന്നിവരുടേതാണ്. അവർ ശിശുക്കളെക്കുറിച്ച സമഗ്രമായ പഠനം നടത്തി. 42 മിനുട്ട് പ്രായം മുതലുള്ള ശിശുക്കളെക്കുറിച്ച് 30 വർഷം പഠനം നടത്തി. അവരുടെ പഠനങ്ങളിൽ നിന്നുള്ള സുപ്രധാനമായ നിഗമനങ്ങൾ ഇവയാണ്.

(എ) തൊട്ടിലിൽ നാം പ്രത്യക്ഷത്തിൽ കാണുന്നത് നിഷ്കളങ്കനും നിസ്സഹായമാനുമായ ഒരു സൃഷ്ടിയെയാണ്. എന്നാൽ യഥാർത്ഥത്തിൽ നാം കാണുന്നത് ഇതുവരെയുള്ളതിൽ വെച്ച് ഏറ്റവും വലിയ മനസ്സാണ്. ഈ പ്രപഞ്ചത്തിലെ ഏറ്റവും ശക്തമായ പഠനയന്ത്രമാണ്.

(ബി) മനുഷ്യരായ, നാം ഏതാനും പൗണ്ട് പ്രോട്ടീനും ജലവുമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ നാം പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ചും ജീവന്റെ പ്രകൃതിയെക്കുറിച്ചും നമ്മെ സംബന്ധിച്ച് ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

(സി) മനുഷ്യപ്രകൃതിയെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കുകയെന്നത് മനുഷ്യപ്രകൃതിയുടെ ഒരു ഭാഗമാണ്.

(ഡി) മനുഷ്യരെ സംബന്ധിച്ചേടത്തോളം അഭ്യസനമാണ് അവരുടെ പ്രകൃതി. സംസ്കാരം ആർജ്ജിക്കാനുള്ള കഴിവ് നമ്മുടെ ജീവശ്ശാസ്ത്രത്തിന്റെ ഭാഗമാണ്. പഠിക്കാനുള്ള പ്രചോദനം നമ്മുടെ സുപ്രധാനമായ സഹജവാസനയാണ്. 4

അരിസ്റ്റോട്ടിൽ മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം വരെ ഏകദേശം 2500 വർഷങ്ങളോളം നടത്തപ്പെട്ട ഗവേഷണങ്ങളുടെ പ്രധാനപ്പെട്ട നിഗമനം ഇവയാണ്. പഠനം ജീവിതം മുതൽ ആരംഭിക്കുന്നു. അതായത് ഗർഭധാരണം മുതൽ മനുഷ്യജീവിതം മുഴുവൻ തുടരുകയും മരണത്തോടെ മാത്രം അവസാനിക്കുന്നു. ഇത് സുപ്രധാനവും, സ്വാഭാവികവും മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകവുമാണ്.

ഏഴാം നൂറ്റാണ്ടിൽ അവതരിച്ച വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു: ''നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് (ഒരു) കൃഷിയിടമാകുന്നു. അതുകൊണ്ട്, നിങ്ങൾ ആഗ്രഹിക്കുന്നവിധം നിങ്ങളുടെ കൃഷിയിട

ത്തേക്ക് ചെന്നുകൊള്ളുക. നിങ്ങൾക്ക് ആവശ്യമായത് മുൻകൂട്ടി ചെയ്തുവെക്കുകയും വേണം'' (2:224)

"അവനാണ് ഗർഭാശയങ്ങളിൽ താനുദ്ദേശിക്കുന്നതുപോലെ നിങ്ങളെ രൂപപ്പെടുത്തുന്നത്" (3:7)

സ്ത്രീകളെ കൃഷിയിടങ്ങളോടുപമിച്ചിരിക്കുന്നത് വളരെ വ്യക്തമാണ്. അതിനാൽ, പഠനം ഗർഭധാരണം മുതൽ ആരംഭിക്കുന്നു. ഈ കാരണം കൊണ്ടാണ് ഭാര്യമാരെ തിരഞ്ഞെടുക്കുമ്പോൾ അവർ ശാരീരികാരോഗ്യമുള്ളവരും, സൽപ്പെരുമാറ്റമുള്ളവരും ധാർമ്മികവും ആത്മീയവുമായ ഗുണങ്ങൾ ഉൾക്കൊണ്ടവരും ആയിരിക്കണമെന്ന് തിരുനബി(സ) മുസ്‌ലിംകളെ ഉപദേശിച്ചത്. അവരോട് നല്ല നിലയിൽ പെരുമാറുകയും വേണം. എങ്കിൽ മാത്രമേ ഭാര്യാഭർത്താക്കന്മാർക്ക് തങ്ങളുടെ സന്താനങ്ങൾക്ക് ശരിയായ സംസ്കരണാത്മകമായ ശിക്ഷണം (തർബിയ്യത്ത്) നൽകാൻ സാധ്യമാവൂ.

ശിശുവിന്റെ വികാസം ഗർഭപാത്രത്തിൽ വെച്ച് നടക്കുന്നതുകൊണ്ട് മാതാവിന്റെ ശാരീരികവും ധാർമ്മികവുമായ അവസ്ഥകൾ സ്വാഭാവികമായും ശിശുവിനെ ബാധിക്കുന്നു. ഇക്കാരണത്താലാണ് ഗർഭിണികൾ ശുചിത്വമുള്ള ഭക്ഷണം കഴിക്കണമെന്നും ദോഷകരമായത് ഉപേക്ഷിക്കണമെന്നും ഇസ്‌ലാം നിർദ്ദേശിക്കുന്നത്. കൂടാതെ അവർക്ക് ശാരീരികവും ധാർമ്മികവുമായും മറ്റുവിധത്തിലും ദോഷം ചെയ്യുന്ന അവസ്ഥകൾ ഒഴിവാക്കുകയും വേണം.

വിദ്യാഭ്യാസ വിചക്ഷണന്മാരും, പണ്ഡിതന്മാരും പഠനം നിരന്തരവും അറ്റമില്ലാത്തതുമായ ഒരു പ്രക്രിയയാണെന്ന് സമ്മതിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട ഖുർആനിക സൂക്തങ്ങൾ ഇതാ.

"നീ ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ" (1:6, 7)

ഈ പ്രാർത്ഥനയിൽ പ്രാർത്ഥിക്കുന്നയാൾ മറ്റു അനുഗ്രഹങ്ങൾക്ക് പുറമെ തനിക്ക് അറിവ് വർദ്ധിപ്പിച്ചു തരുവാൻ യാചിക്കുകയാണ് എന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) തന്റെ ബറാഹീനെ അഹ്മദിയ്യാ (വാല്യം 4) എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്.5 മറ്റൊരു പ്രാർത്ഥന ഇതാണ്.

''എന്റെ നാഥാ, എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചുതരേണമേ"? (20:115)

ഈ ഖുർആൻ സൂക്തത്തിൽ അല്ലാഹു തന്നെ നബിതിരുമേനി(സ)യോടും എല്ലാ മുസ്‌ലിംകളോടും തങ്ങളുടെ ജ്ഞാനം വർദ്ധിപ്പിച്ചു തരാൻ പ്രാർത്ഥിക്കുവാൻ അനുശാസിക്കുന്നു.

എല്ലാ നല്ല മുസ്‌ലിംകളും മേൽ പ്രാർത്ഥനകൾ തങ്ങളുടെ ജീവിതം മുഴുവൻ നടത്തുന്നു. ലോകത്തുണ്ടായിട്ടുള്ളവരിലും ഉണ്ടാവാനിരിക്കുന്നതുമായവരിലും ഏറ്റവും പണ്ഡിതനായ നബിതിരുമേനി(സ) പോലും മരണം വരെ ഈ ദുആ ചെയ്തു കൊണ്ടിരുന്നു. ഇത് ചൂണ്ടിക്കാണിക്കുന്നത് പഠനം എന്നത് അറ്റമില്ലാത്ത ഒരു പ്രക്രിയയാണെന്നാണ്. തൊട്ടിൽ മുതൽ ചുടല വരെ നാം ജ്ഞാനം നേടിക്കൊണ്ടിരിക്കണം. താഴെ കൊടുത്ത നബിവചനം ഈ വീക്ഷണത്തെ അനുകൂലിക്കുന്നു.

"ഒരു വിശ്വാസി സ്വർഗ്ഗത്തിൽ എത്തുന്നതുവരെ തന്റെ ജ്ഞാനസമ്പാദനം പൂർത്തിയാക്കുന്നില്ല."

### 3. എന്താണ് നാം പഠിക്കേണ്ടത്?

"എന്തിനാണ് നാം പഠിക്കുന്നത്, എപ്പോഴാണ് നാം പഠിക്കേണ്ടത് " എന്നീ ചോദ്യങ്ങളുടെ ചർച്ചക്കിടയിൽ മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ദൈവാരാധനയിൽ മുഴുകുകയാണെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. പക്ഷേ, ദൈവത്തെ ആരാധിക്കാൻ ദൈവത്തിന്റെ വിശേഷണങ്ങളെക്കുറിച്ച് നാം പഠിക്കണം. അവ സ്വയം പ്രകടിക്കുന്നതും നാം പഠിക്കുന്നു. ഈ പഠനപ്രക്രിയ തൊട്ടിൽ മുതൽ കബറിടം വരെ തുടരുന്നു. എന്താണ് നാം പഠിക്കേണ്ടത് എന്ന ചോദ്യത്തിന്റെ മറുപടിക്ക് വേണ്ടിയുള്ള അന്വേഷണത്തിൽ വിദ്യാഭ്യാസ വിചക്ഷണന്മാരും പണ്ഡിതന്മാരും അദ്ധ്യയനപ്രക്രിയയെ അല്ലെങ്കിൽ പാഠ്യപദ്ധതിയെ ക്കുറിച്ച് വ്യത്യസ്തമായ പദ്ധതികൾക്കാണ് രൂപംകൊടുക്കുന്നത്. സ്കൂളിന്റെ അതിർത്തിക്കുള്ളിലായാലും പുറത്തായാലും അതിൽ പഠനത്തിന്റെ എല്ലാ അനുഭവങ്ങളും ഉൾപ്പെടുന്നു. അവ പഠിക്കുന്ന വ്യക്തിയുടെ മാനസികവും വൈകാരികവും സാമൂഹികവും സാമ്പത്തികവുമായ ക്രമീകരണത്തിന് പ്രേരകമാവുന്നു. എന്നാൽ പാഠ്യപദ്ധതിയെക്കുറിച്ചുള്ള ഖുർആനിക വീക്ഷണത്തിന്ന് കൃത്യതയുള്ളതും അപ്രകാരം എല്ലാം ഉൾക്കൊള്ളുന്നതാണ്. ഇസ്‌ലാമികവീക്ഷണത്തിൽ ജീവിതം എന്നത് ഏകഘടകമാണ് അത് കോശങ്ങളായി വിഭജിക്കാൻ സാധ്യമല്ല. അതിനാൽ ഇസ്‌ലാം ആഗ്രഹിക്കുന്നത് കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ബൗദ്ധിക വിജ്ഞാനത്താൽ സമ്പന്നമായ ഒരു പാഠ്യപദ്ധതിയാണ്. ലൗകികവും മതപരവുമായ ജ്ഞാനം ഇസ്‌ലാമിൽ ഒപ്പത്തിനൊപ്പം നിൽക്കുന്നു. അടിസ്ഥാനപരമായി ഇസ്‌ലാമിക പാഠ്യപദ്ധതിയുടെ സിംഹഭാഗവും വിശുദ്ധ ഖുർആനും, സുന്നത്തും ഹദീസുകളുമാണെങ്കിലും മനുഷ്യജീവിതത്തിന് ഉപയോഗപ്രദമായ എല്ലാ വിഷയങ്ങളും ഇസ്‌ലാമിക പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളുന്നു. ഖുർആനികമായ പാഠ്യപദ്ധതി ദൈവത്തിന്റെ നാമങ്ങളുടെയും വിശേഷണങ്ങളുടെയും രൂപത്തിൽ ദൈവം സ്വയം ആരംഭിച്ചതാണ്.

"അവൻ (അല്ലാഹു) ആദമിന് എല്ലാ (വസ്തുക്കളുടെയും) നാമങ്ങൾ പഠിപ്പിച്ചുകൊടുത്തു" (2:32) ഹദ്റത്ത് ആദം(അ) ഭൂമിയിൽ ദൈവത്തിന്റെ ആദ്യപ്രതിനിധിയും പ്രവാചകനുമായിരുന്നു. അദ്ദേഹം മുഖേന സാമ്പത്തികവും മതപരവും സാമൂഹ്യവുമായ ഒരു മഹത്തായ

വിപ്ലവമുണ്ടായി. അതുകൊണ്ട് ദൈവം താൻ തന്നെ തന്റെ നാമങ്ങൾ പഠിപ്പിച്ചു. ഈ സൂക്തത്തിൽ ഉപയുക്തമായ അറബി പദം 'അസ്മാഅ്' എന്നാണ്. അതിന് താഴെ കൊടുത്ത അർത്ഥങ്ങൾ ഉണ്ട്.

(എ) ദൈവത്തിന്റെ നാമങ്ങൾ അഥവാ വിശേഷണങ്ങൾ.

(ബി) പ്രകൃതിയിലുള്ള വ്യത്യസ്ത വസ്തുക്കളുടെ ഗുണങ്ങൾ അഥവാ പ്രകൃതി നിയമങ്ങൾ.

(സി) ഭാഷ.

**(എ). ദൈവത്തിന്റെ നാമങ്ങൾ അഥവാ വിശേഷണങ്ങൾ.**

മുമ്പ് സൂചിപ്പിച്ചതുപോലെ മനുഷ്യസൃഷ്ടിപ്പിന്റെ മുഖ്യോദ്ദേശ്യം ദൈവത്തെ ആരാധിക്കലാണെങ്കിലും ആരാധന കേവലം ആചാരങ്ങളിൽ ഒതുങ്ങുന്നില്ല. ദൈവികവിശേഷണങ്ങൾ സ്വാംശീകരിക്കുന്നതും ആരാധനയിൽ ഉൾപ്പെടുന്നു. ഉദാഹരണമായി, ദൈവം കാരുണ്യവാനാണ്. നാമും മറ്റുള്ളവരോട് കരുണ കാണിക്കണം. ദൈവം പൊറുത്തുകൊടുക്കുന്നവനായതിനാൽ നാമും സഹജീവികൾക്ക് പൊറുത്തുകൊടുക്കണം തുടങ്ങിയവ. 'അസ്മാഅ്' എന്ന പദത്തിന്റെ ഈ വ്യാഖ്യാനത്തിനു ഉപോൽബലകമായ ഒരു ഹദീസ് ഇപ്രകാരമാണ്. ''ദൈവത്തിന്റെ മഹത്തായ വിശേഷണങ്ങളുമായി അനുയോജ്യമായവയാണ് മനുഷ്യന്റെ ഏറ്റവും നല്ല ധാർമ്മിക ഗുണങ്ങൾ"

ഈ വിശേഷണങ്ങളുമായി മനുഷ്യർ പരിചിതനാവണം. അതുമുഖേന മനുഷ്യൻ പ്രാർത്ഥിക്കുമ്പോൾ ആ പ്രാർത്ഥനക്കനുയോജ്യമായ ദൈവിക വിശേഷണങ്ങളെ അഭയം തേടുന്നു. ഉദാഹരണമായി മനുഷ്യൻ പാപപ്പൊറുതിക്കും കാരുണ്യത്തിനും വേണ്ടിയാണ് പ്രാർത്ഥിക്കുന്നതെങ്കിൽ അവൻ ദൈവത്തിന്റെ പൊറുത്തുകൊടുക്കുന്നവൻ, കാരുണ്യവാൻ എന്നീ വിശേഷണങ്ങളെ അഭയം തേടുന്നു. സാത്വികത കൈവരിക്കാനാണ് നാം പ്രാർത്ഥിക്കുന്നതെങ്കിൽ അതുമായി ബന്ധപ്പെട്ട ദൈവിക വിശേഷണങ്ങളാണ് നാം ഉപയുക്തമാക്കേണ്ടത്.

**ബി. പ്രകൃതി നിയമം**

പ്രപഞ്ചശക്തികളെ മനുഷ്യന് ഉപയോഗപ്പെടുത്തേണ്ടതുള്ളതിനാൽ പ്രപഞ്ചത്തിന്റെ മുഴുപ്രവർത്തനത്തിനും ആധാരമായ ഗുണധർമ്മങ്ങളെക്കുറിച്ചറിയാനുള്ള കഴിവ് ദൈവം ആദ(അ)മിന് നൽകി. പ്രപഞ്ചത്തെ ഭരിക്കുന്നത് നിശ്ചിതവും മാറ്റമില്ലാത്തതുമായ ഈ നിയമങ്ങളാണ്. ഉദാഹരണമായി അഗ്നി ജ്വലിക്കുന്നു. വെള്ളം ദാഹശമനം വരുത്തുന്നു. ഭൂമി അതിന്റെ അച്ചുതണ്ടിൽ തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഒരേ വേഗതയിൽ തന്നെ ഭൂമി സൂര്യനെ വലം വെക്കുന്നു. കോടാനുകോടി സംവത്സരങ്ങളായി ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നു. ഈ സ്ഥിരതയിലാണ് രാപകലുകൾ മാറുന്നതും സൗരവർഷങ്ങൾ പൂർത്തിയാവുന്നതും. ഈ സ്ഥിരതാതത്വം തന്നെയാണ് സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളിലും സൗരയൂഥത്തിന് പുറത്തും പ്രവർത്തിക്കുന്നത്. സസ്യങ്ങളുടെയും മനുഷ്യനടക്കമുള്ള ജന്തുക്കളുടെയും വളർച്ചയ്ക്കും നാശത്തിനും നിദാനമായിരിക്കുന്നത് ചില നിയമങ്ങളാണ്. വ്യക്തികളടങ്ങിയ സമൂഹവും രാഷ്ട്രങ്ങളും ഭരിക്കപ്പെടുന്നതും ചില നിയമങ്ങൾക്ക് വിധേയമായാണ്. പ്രകൃതി നിയമങ്ങളുടെ ഈ മാറ്റമില്ലായ്മയിലാണ് വിദ്യാഭ്യാസപരമായ എല്ലാ പുരോഗതിയും നിലകൊള്ളുന്നത്. ഇങ്ങനെയല്ലായിരുന്നുവെങ്കിൽ ഖഗോളശാസ്ത്രജ്ഞന്മാർക്കും, പ്രപഞ്ചഘടനാ ശാസ്ത്രജ്ഞന്മാർക്കും, സസ്യശാസ്ത്രജ്ഞന്മാർക്കും, രസതന്ത്ര ശാസ്ത്രജ്ഞന്മാർക്കും, ഭിഷഗ്വരന്മാർക്കും, ഭൗതികവിജ്ഞാനികൾക്കും, ശരീരശാസ്ത്രജ്ഞന്മാർക്കും, മനശ്ശാസ്ത്രജ്ഞന്മാർക്കും, ജന്തുശാസ്ത്രജ്ഞന്മാർക്കും അവർ കണ്ടുപിടിച്ചതൊന്നും തന്നെ കണ്ടുപിടിക്കാൻ സാധിക്കുമായിരുന്നില്ല. ഈ ശാസ്ത്രീയമായ കാരണം കൊണ്ട് ദൈവം പ്രകൃതിയെ സംബന്ധിച്ച് ആദമി(അ)ന് അല്പം ജ്ഞാനം നൽകി.

**സി. ഭാഷ**

ഭാഷയില്ലാതെ എല്ലാ സമൂഹത്തിലും ആശയവിനിമയം അസാദ്ധ്യമാണ്. ഭാഷയില്ലാതെ മാതാപിതാക്കളും അവരുടെ മക്കളും തമ്മിലും, അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലും ആശയവിനിമയം സാദ്ധ്യമല്ല. മനുഷ്യസമൂഹം ബധിരരുടെയും മൂകരുടെയും ഒരുസമൂഹമായി മാറും. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് വിജ്ഞാനം പകരുന്നത് ഭാഷ മുഖേനയാണ്. മനശ്ശാസ്ത്രജ്ഞന്മാരും മറ്റു വിദ്യാഭ്യാസ വിചക്ഷണന്മാരും , മനുഷ്യൻ മാത്രമാണ് ഭാഷ കൊണ്ടനുഗ്രഹിക്കപ്പെട്ട ഏക ജീവി എന്ന കാര്യത്തിൽ യോജിക്കുന്നു. ഈ ഒരൊറ്റ കാരണം കൊണ്ടാണ് മനുഷ്യൻ "സാമൂഹ്യജീവി' എന്ന് വിളിക്കപ്പെടുന്നത്. മനുഷ്യനാഗരികതയുടെ ആയിരക്കണക്കിന് സംവത്സരങ്ങളായി വ്യാപിച്ചുകിടക്കുന്ന വിജ്ഞാനം സ്വരൂപിക്കപ്പെട്ടിരിക്കുന്നത് ഭാഷയെന്ന അനുഗ്രഹം മുഖേനയാണ്. ജന്തുക്കൾ മുമ്പുണ്ടായിരുന്നതുപോലെ ഇപ്പോഴും ഉണ്ട്. ഇതു മാത്രമല്ല; ചില മനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഭാഷയില്ലെങ്കിൽ ചിന്തിക്കുന്നത് പോലും അസാധ്യമാവും. ഉദാഹരണമായി ഒരമേരിക്കാൻ മനശ്ശാസ്ത്രജ്ഞനായ ജെ.വി. വാട്ട്സൻ ഊന്നിപ്പറയുന്നു: 'ചിന്തയെന്നാൽ ഒരു ഉപശാബ്ദികമായ സംസ്കാരമാണ്.' (Contemporary School of Psychology) വീണ്ടും റഷ്യൻ മനശ്ശാസ്ത്രജ്ഞനായ ലെവ് വൈഗോസ്കി പറയുന്നു. ഭാഷ എന്നത് നമ്മുടെ സാംസ്കാരികമായ കണ്ടുപിടിത്തങ്ങളെ മാറ്റുവാനുള്ള മാദ്ധ്യമം മാത്രമല്ല, അത് സ്വാഭാവികമായും ജന്തുശാസ്ത്രപരമായും അതുല്യമായ ഒരു മനുഷ്യ സവിശേഷതയാണ്.

ചുരുക്കത്തിൽ 'അസ്മാഅ്' എന്ന ഒരു ലളിതവചനത്തിൽ വിദ്യാ

ഭ്യാസത്തിന്റെ എല്ലാ ശാഖകളും ഉൾക്കൊള്ളുന്നു. അതായത്, മതവും ധാർമ്മികതയും, ശാസ്ത്രവും, മതേതരപഠനവും ഭാഷയും.

എല്ലാവിധത്തിലുള്ള പഠനത്തേയും നബിതിരുമേനി(സ) രണ്ടു ശാഖകളായി മാത്രം തരംതിരിച്ചിരിക്കുന്നു. (എ) ഇൽമുൽ അദ്‌യാൻ (ബി) ഇൽമുൽ അബ്ദാൻ അതായത് മതപരവും മതേതരവുമായ വിജ്ഞാനം.

ലോകത്തെവിടെയുമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് നാം കണ്ണോടിക്കുകയാണെങ്കിൽ അവ പ്രധാനമായും മതപരമായ സ്ഥാപനങ്ങൾ (മദ്രസ്സകൾ) എന്നും മതേതര സ്ഥാപനങ്ങൾ എന്നും (സ്കൂളുകളും കോളേജുകളും) ആയിട്ടാണ് തരംതിരിക്കപ്പെട്ടിരിക്കുന്നത് എന്ന് കാണുക. പക്ഷേ, വിശുദ്ധ ഖുർആൻ 'അസ്മാഅ്' എന്ന ലളിതമായ ഒരു പദം ഉപയോഗിച്ചുകൊണ്ട് പഠനത്തിന്റെ എല്ലാ ശാഖകളേയും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഏത് തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനമാണതെന്ന് കണക്കിലെടുത്തിട്ടില്ല. പാഠ്യപദ്ധതി തീരുമാനിക്കാൻ അല്ലെങ്കിൽ രൂപപ്പെടുത്താനുള്ള, അല്ലെങ്കിൽ നാം എന്ത് പഠിക്കണം എന്ന് തീരുമാനിക്കാനുള്ള കേന്ദ്രബിന്ദു ഇതു മാത്രമാണ്.

സ്വാഭാവികമായും ഇവിടെ ഉയർന്നുവരുന്ന ചോദ്യമിതാണ്. 'അസ്മാഅ്' എന്ന പദത്തിൽ അനഭികാമ്യമായ പഠനം ഉൾപ്പെടുന്നുണ്ടോ? ഉദാഹരണമായി വഞ്ചന, മോഷണം എന്നീ കലകൾ. അതിനുള്ള ഉത്തരം 'ഇല്ല' എന്നുതന്നെയാണ്. പഠനവുമായി ബന്ധപ്പെട്ട എല്ലാ ഖുർആൻ സൂക്തങ്ങളിലും ഈ നവീനമായ ആശയമാണ് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. അനഭികാമ്യമായ ഒരു കാര്യം തനിക്ക് പഠിപ്പിച്ചുതരുവാൻ വിവേകശാലിയായ ഒരു മനുഷ്യന്നും പ്രാർത്ഥിക്കാൻ കഴിയില്ല. അയാൾ അങ്ങനെ പ്രാർത്ഥിക്കുകയാണെങ്കിൽ ദൈവം ഒരിക്കലും തന്നെ അങ്ങനെയുള്ള പ്രാർത്ഥന സ്വീകരിക്കുകയില്ല. ഇക്കാര്യം വ്യക്തമാക്കുന്നു രണ്ടു ഹദീസ്സുകൾ താഴെ കൊടുക്കുന്നു. അല്ലാഹുവും മലക്കുകളും ആകാശഭൂമികളിലുള്ള എല്ലാം തന്നെയും മാളത്തിലുള്ള ഉറുമ്പുകളും വെള്ളത്തിലുള്ള മത്സ്യങ്ങൾ പോലും പ്രയോജനപ്രദമായ അറിവ് ജനങ്ങൾക്ക് പകർന്നുകൊടുക്കുന്നവർക്കായി അനുഗ്രഹങ്ങൾക്കായി തേടുന്നു." (തിർമിദി)

''ഒരു ഗുണവും ചെയ്യാത്ത വിജ്ഞാനം ദൈവമാർഗ്ഗത്തിൽ ഒന്നും ദാനം ചെയ്യാത്ത നിധിയെ പോലെയാണ്" മതേതര വിദ്യാഭ്യാസ വിചക്ഷണമാരും ഉപകാരപ്രദവും സഹായകവുമായ പഠനത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.

**4. നാം എങ്ങനെ പഠിക്കണം?**

വിശുദ്ധ ഖുർആന്റെയും ഹദീസുകളുടെയും വെളിച്ചത്തിൽ 'എന്തിന് നാം പഠിക്കണം?' 'എപ്പോൾ നാം പഠിക്കണം?' 'എന്തു നാം പഠിക്കണം?' എന്നീ ചോദ്യങ്ങൾക്ക് നാം മറുപടി പറഞ്ഞിട്ടുണ്ട്. ഇനി ''എങ്ങനെ നാം പഠിക്കണം?" എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് നമുക്കാവശ്യമായിട്ടുള്ളത്. പഠിപ്പിക്കേണ്ട രീതി എങ്ങനെ? എന്ന നിലയിൽ ഈ ചോദ്യം ചർച്ച ചെയ്യാം. വിദ്യാഭ്യാസത്തിന്റെ രീതികളെ സംബന്ധിച്ചേടത്തോളം വിശുദ്ധ ഖുർആനും ഹദീസുകളും മാത്രമല്ല ആധുനിക വിദ്യാഭ്യാസം പോലും പഠിക്കുന്ന ആൾ വിജ്ഞാനത്തിന്റെ ഉദാസീനായ സ്വീകർത്താവ് ആയിത്തീരുന്ന പഠനരീതികളെ തള്ളിക്കളയുന്നു. പഠനത്തിന്റെ എല്ലാ ഘട്ടങ്ങളിലും വിദ്യാഭ്യാസ പ്രക്രിയയിൽ സജീവമായ ഒരു പ്രതിബദ്ധത വേണമെന്ന് അത് ശക്തമായി ശുപാർശ ചെയ്യുന്നു.

പ്ലാറ്റോയുടെ അഭിപ്രായപ്രകാരം നിർബ്ബന്ധം ചെലുത്തപ്പെട്ട് നേടുന്ന അറിവ് പഠിക്കുന്ന ആളിന്റെ ഹൃദയത്തെ ഒട്ടും സ്വാധീനിക്കുന്നില്ല. അദ്ധ്യാപനകാര്യത്തിൽ നിർബന്ധം ഉണ്ടാവരുതെന്ന അഭിപ്രായക്കാരനാണ് അദ്ദേഹം. മറിച്ച്, അത് ഒരു വിധത്തിൽ രസകരമാവണം'. അപ്പോൾ വിദ്യാർത്ഥിയുടെ സ്വാഭാവികമായ വാസനകൾ കണ്ടെത്താൻ നിങ്ങൾ നല്ല പോലെ പ്രാപ്തരാകും. വിദ്യാഭ്യാസത്തിൽ കളിയുടെ പ്രാധാന്യത്തെക്കുറിച്ച് 'നിയമം' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

ആധുനിക വിദ്യാഭ്യാസത്തിൽ പ്രോഗ്രാം ചെയ്ത അഥവാ ചിട്ടപ്പെടുത്തിയ വിദ്യാഭ്യാസത്തെക്കുറിച്ചു നാം സംസാരിക്കുന്നു. പക്ഷെ അത് പുതിയതൊന്നുമല്ല. വിശുദ്ധ ഖുർആന്റെ സൂക്തങ്ങൾ ബുദ്ധിപരമായ ക്രമത്തിൽ ചിട്ടപ്പെടുത്തിയതായി ഒരാൾക്ക് നിരീക്ഷിക്കാൻ കഴിയും. വിശുദ്ധ ഖുർആനിന്റെ ഒരു സൂക്തം വായിക്കുമ്പോൾ വായനക്കാരന്റെ മനസ്സിലുദിക്കുന്ന ചോദ്യത്തിന് അടുത്ത സൂക്തത്തിൽ തന്നെ മറുപടി കാണാം. പിന്നെ അതിൽ നിന്നുള്ള ചോദ്യത്തിന് തൊട്ടടുത്ത സൂക്തത്തിൽ മറുപടി കണ്ടെത്താം. വിശുദ്ധ ഗ്രന്ഥം മുഴുവൻ ബുദ്ധിപരമായ ഈ ക്രമം നിലനിർത്തിക്കൊണ്ട് അത് വായനക്കാരന്റെ തലച്ചോറിനെ സാധ്യമായ ഉന്നതനിലവാരത്തിലെത്തിക്കുകയും ചെയ്യുന്നു. ഈ അത്ഭുതഗ്രന്ഥം പഠനത്തിന്റെ രണ്ടു പ്രധാന രീതികൾ ഉൾക്കൊള്ളുന്നു. (എ) പ്രതിഫലം കാംക്ഷിച്ചും ശിക്ഷ ഭയന്നും പഠിക്കുക (1:7) (ബി) ഒരു മാതൃകയെ പിന്തുടർന്നു പഠിക്കുക (1:7; 33;22, 62:3), 68:5) അതുപോലെ ഋജുവും ഹ്രസ്വവുമായ രീതിയിൽ പഠിക്കാൻ വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. (1:6). അത് നമ്മോട് ചിന്തിക്കാനും കാരണമാരായാനും അനുശാസിക്കുന്നു. 'ചിന്തിക്കുക', 'നിങ്ങളെന്താണു ചിന്തിക്കാത്തത്?" തുടങ്ങിയ നിരവധി സൂക്തങ്ങൾ വിശുദ്ധ ഖുർആനിൽ നിറഞ്ഞുകിടക്കുന്നു. അന്ധമായി അനുകരിക്കന്നതിനെ വിശുദ്ധ ഖുർആൻ അപലപിക്കുകയും അത് അവിശ്വാസികളുടെ വഴിയാണെന്ന് സൂചിപ്പിക്കുകയും

ചെയ്യുന്നു. (2:171) വിശുദ്ധ ഖുർആൻ മനസ്സാക്ഷി സ്വാതന്ത്ര്യം സ്ഥാപിക്കുന്നു. നിഷ്പക്ഷമായും സ്വതന്ത്രമായും വ്യക്തിപരമായി ചിന്തിച്ചും തീരുമാനമെടുക്കാൻ അത് അനുശാസിക്കുന്നു. (34:47) അത് ബുദ്ധിക്ക് വളരെ പ്രാധാന്യം നൽകുകയും അതിനെ നന്മയുടെ ധാരാളിത്തമായി വിവരിക്കുകയും ചെയ്യുന്നു. (2;270) വ്യക്തികളുടെ പ്രാധാന്യം അത് കണക്കിലെടുക്കുന്നുവെങ്കിലും സമൂഹത്തിന്റെ പങ്കിനെ അവഗണിക്കുന്നില്ല (9:119) സാധാരണ ജനങ്ങളുടെ പെരുമാറ്റത്തെ രൂപപ്പെടുത്താൻ മഹാന്മാരായ വ്യക്തികൾ വഹിച്ച പങ്കിനെയും അവഗണിക്കുന്നില്ല. അവരുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. (1:7) (3:50), 28:32, 33), (33;22), (60;5), (62:3), (68:5).

ജർമ്മൻ വിദ്യാഭ്യാസ വിചക്ഷണനായ ഫ്രെഡറിക് ഫോർബൽ 'കിന്റർ ഗാർട്ടൻ' വിദ്യാഭ്യാസ സമ്പ്രദായം 1826-ൽ അവതരിപ്പിച്ചു. ഈ സമ്പ്രദായത്തിലധിഷ്ഠിതമായ ആദ്യത്തെ സ്കൂൾ ജർമ്മനിയിലെ ബ്ലാങ്കൻ ബർഗ്ഗിൽ ആരംഭിച്ചു. 'ഈ സമ്പ്രദായമാണ്' ആറായിരം വർഷങ്ങൾക്ക് മുമ്പ് ദൈവം ഹദ്റത്ത് ആദ(അ)മിനെ പഠിപ്പിച്ചത്. ആറായിരം (2:32) അതായത് പ്ലാറ്റോവിന് എത്രയോ മുമ്പ്.

കണിശമായി പറഞ്ഞാൽ ഒരു വിദ്യാഭ്യാസ വിചക്ഷണനോ മനശ്ശാസ്ത്രജ്ഞനോ അല്ലെങ്കിലും തന്റെ വ്യക്തിപരമായ അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ നൂറ്റാണ്ടിലെ മഹാനായ ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ (1879-1955) വിദ്യാഭ്യാസം ഭയത്തിന്റെയോ ബലപ്രയോഗത്തിന്റെയോ അടിസ്ഥാനത്തിലാവരുതെന്ന് മനസ്സിലാക്കിയിരുന്നു്. (1936).

"എന്നെ സംബന്ധിച്ചേടത്തോളം ഏറ്റവും മോശകരമായിതോന്നുന്ന കാര്യം ഭയത്തിന്റെയോ നിർബ്ബന്ധത്തിന്റെയോ തത്വത്തിൽ സ്കൂൾ പ്രവർത്തിക്കരുതെന്നാണ്. അത്തരം മനോഭാവം വിദ്യാർത്ഥിയുടെ വികാരത്തെയും ആത്മാർത്ഥതയേയും ആത്മവിശ്വാസത്തെയും നശിപ്പിക്കുന്നു. അത് വഴങ്ങിക്കൊടുക്കുന്ന വിഷയം ഉല്പാദിപ്പിക്കുന്നു.7

യഥാർത്ഥമായ ആന്തരിക പ്രചോദനമില്ലാതെ അധികാരസ്ഥരെ ഭയന്ന് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ വളരെ കുറഞ്ഞ നൈപുണ്യം മാത്രമേ കൈവരിക്കുകയുള്ളൂ. പഠനകാര്യത്തിൽ നിർബന്ധം ചെലുത്തരുതെന്ന് വിദ്യാഭ്യാസ വിചക്ഷണരും, ദാർശനികരും, മനശ്ശാസ്ത്രജ്ഞരും പറയുമ്പോൾ അതൊരു തരത്തിലുള്ള വിനോദമായിരിക്കണം. എന്നാൽ പഠിത്തത്തിൽ പ്രേരണ വേണമെന്നു തറപ്പിച്ചു പറയുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ റഷ്യൻ ശരീരശാസ്ത്രജ്ഞൻ അയാൻ പെട്രോവിച്ച് പാവ്ലോവ് (1849-1936). അമേരിക്കൻ വിദ്യാഭ്യാസ മനശ്ശാസ്ത്രജ്ഞൻ എഡ്വേർഡ് ലീ തോണ്ടേക്കും (1874-1949) പ്രേരണാധിഷ്ഠിധ ബോധനത്തെ വളരെ ശക്തമായി ഊന്നിപ്പറഞ്ഞു. അവർ വൈവിദ്ധ്യമാർന്ന ജോലികൾ മൃഗങ്ങൾക്കും മനുഷ്യർക്കും നൽകി. എന്ത് ജോലിയാണ് അവർ തങ്ങളുടെ പഠിതാക്കൾക്ക് നൽകിയതെന്ന് നോക്കേണ്ടതില്ല. ആദ്യം അവർ പ്രേരണപ്പെടുത്തി. പിന്നെ പഠനഘട്ടം മുഴുവൻ അവർ ആ ജോലി തുടർന്നു. (Contemporary School of Psychology) ഈ വസ്തുത ആർബർട്ട് ഐൻസ്റ്റീനും മനസ്സിലായി.

"പക്ഷേ, എല്ലാ നേട്ടത്തിനും പിന്നിൽ അതിന്റെ അടിത്തറയായി ഒരു പ്രേരകശക്തിയുണ്ട്. ഏറ്റെടുത്ത പ്രവൃത്തി സഫലമാവുമ്പോൾ അത് ശക്തിയാർജ്ജിക്കുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. സ്കൂളിലാവട്ടെ, ജീവിതത്തിലാവട്ടെ ഏറ്റവും പ്രധാനമായ പ്രേരണ പ്രവൃത്തിയിലുള്ള സന്തുഷ്ടിയിലും അതിന്റെ ഫലത്തിലുള്ള സന്തുഷ്ടിയിലുമാണ്"8

മൃഗങ്ങൾക്കും ചെറിയകുട്ടികൾക്കും ഭക്ഷണം അല്ലെങ്കിൽ ചെറിയ രീതിയിലുള്ള പ്രശംസ നൽകി പ്രേരണ ചെലുത്താവുന്നതാണ്. എന്നാൽ വളർച്ച പ്രാപിച്ച കുട്ടികൾക്കും മുതിർന്നവർക്കും അത് ഫലം ചെയ്യില്ല. ഈ പഠിതാക്കളെ പൂർണ്ണമായും സജീവമാക്കാനും ശക്തമായി പ്രേരണ ചെലുത്താനും അവർ വളരെ ഉന്നതമായ ഒരു സ്ഥാപനത്തിലാണ് ചേർന്നിരിക്കുന്നതെന്നുവരെ ബോധ്യപ്പെടുത്തണം. അദ്ധ്യാപകർ യഥാർത്ഥ പണ്ഡിതരും ഏറ്റവും പുരോഗമനാത്മകമായ അദ്ധ്യാപനരീതി കൈകൊണ്ടവരുമായിരിക്കണം. ഏതൊരുദ്ദേശ്യത്തെ മുൻനിർത്തിയാണോ തങ്ങളീ സ്ഥാപനത്തിൽ ചേർന്നത് ആ ഉദ്ദേശ്യത്തെ സഫലീകരിക്കുകയും വേണം. ഈ കാര്യങ്ങളിൽ അവർ സംതൃപ്തരല്ലെങ്കിൽ പഠിത്തത്തിലുള്ള അവരുടെ താല്പര്യം താനേ നിലംപൊത്തും. ഇനി നമുക്ക് പഠനത്തിൽ പ്രേരണ ചെലുത്തുന്ന കാര്യത്തിൽ വിശുദ്ധ ഖുർആൻ വെളിച്ചം വീശുന്നുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാം. തീർച്ചയായും പ്രേരണ ചെലുത്തുന്നു എന്നാണ് ഉത്തരം. പഠനത്തിൽ പ്രേരണയുടെ പങ്കുള്ളതു കൊണ്ടാണ് ദൈവം മൂസാനബി(അ) മുഖേന ഇങ്ങനെ പ്രാർത്ഥിക്കാൻ നമ്മെ പഠിപ്പിച്ചത്. 'എന്റെ നാഥാ, എനിക്കുവേണ്ടി എന്റെ ഹൃദയം നീ തുറന്നുതരേണമേ' (20:26) ഹൃദയത്തിന്റെ തുറക്കൽ എന്നത് പ്രേരണ ചെലുത്തണം എന്ന അർത്ഥത്തിലാണ്. ഇക്കാരണത്താലാണ് ആദ്യത്തെ യഥാർത്ഥ അദ്ധ്യാപകനായ ദൈവം എല്ലാം അറിയുന്നവനായി വിവരിക്കപ്പെട്ടിരിക്കുന്നത് (2:2). അതുകൊണ്ടു തന്നെയാണ് നബി തിരുമേനി(സ) തത്വജ്ഞാനം പഠിപ്പിക്കുന്ന അദ്ധ്യാപകനായും വിവരിക്കപ്പെട്ടിരിക്കുന്നത്. "അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ

ദൂതൻ തന്റെ വചനങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനു മുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും" (62:3)

വിശുദ്ധ ഖുർആൻ പരിപൂർണ്ണ ഗ്രന്ഥമാണ്. അതിൽ സംശയമോ ന്യൂനതയോ ഇല്ല. അത് പഠിക്കുന്നവനെ അല്ലാഹു അന്തിമലക്ഷ്യത്തിലെത്തിക്കുകയും ചെയ്യുന്നു (2:3) ഈ സൂക്തങ്ങൾ നിർദ്ദേശിക്കുന്നത് വിദ്യാഭ്യാസത്തിന് പദ്ധതിയിടുന്നവർ ഈ വഴിക്ക് പദ്ധതിയിടുകയും വിദ്യാഭ്യാസ സ്ഥാപനം നടത്തിക്കൊണ്ടുപോകണമെന്നുമാണ്. അതായത് ഈ സ്ഥാപനങ്ങൾ ന്യൂനതകളിൽ നിന്ന് വിമുക്തവും അവിടങ്ങളിലെ അദ്ധ്യാപകർ പണ്ഡിതന്മാരും പഠിപ്പിക്കാൻ പ്രാപ്തരുമായിരിക്കണമെന്നുമാണ്.

തങ്ങളുടെ കുട്ടികളെ വളർത്തുന്നതിലും അവർക്ക് വിദ്യാഭ്യാസം നൽകുന്നതിലും മാതാക്കൾക്ക് പങ്കുണ്ടെന്നു വിശുദ്ധ ഖുർആൻ അംഗീകരിക്കുന്നു. എന്തെന്നാൽ മാതാക്കളാണ് തങ്ങളുടെ മക്കളെ ഏറ്റവും സ്നേഹിക്കുന്നതും ഏറ്റവും അടുത്തുനിൽക്കുന്നതും. എല്ലാ അദ്ധ്യാപകരും തങ്ങളുടെ വിദ്യാർത്ഥികളോട് അടുത്തു നിൽക്കുകയും അവരോട് സ്നേഹപൂർവ്വം പെരുമാറുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ ഈ കാര്യം അവഗണിക്കുന്നില്ല. ദൈവനിർദ്ദേശപ്രകാരം ഇബ്രാഹിം നബി(അ)യും (2:261) മൂസാ നബി (അ)യും (20:18–50), (27–8–13), (28:32–33), ഈസാനബി(അ)യും (3:50) നബി തിരുമേനി (സ) യു (9:128) (15:89) തങ്ങളുടെ അനുയായികളെ വളരെ സ്നേഹത്തോടെ പഠിപ്പിക്കുകയും അവരുമായി അടുത്ത ബന്ധം പുലർത്തുകയുമുണ്ടായി.

മേൽ വിവരിച്ച പഠനരീതികൾക്ക് പുറമെ വിശുദ്ധ ഖുർആൻ കൂറേക്കൂടി പുതുമയാർന്ന ഫലപ്രദമായ അദ്ധ്യാപനതന്ത്രങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി വിദ്യാർത്ഥികൾ അദ്ധ്യാപകരെ അനുസരിക്കണം, ക്ഷമ കൈക്കൊള്ളണം, പഠിപ്പിക്കുമ്പോൾ ചോദ്യങ്ങൾ ചോദിക്കരുത് എന്നിവ (18:66–71) അങ്ങനെ ചെയ്താൽ അച്ചടക്കത്തിന് വിരുദ്ധമായിരിക്കും. അദ്ധ്യാപകനെ തടസ്സപ്പെടുത്തലാകും. വിദ്യാർത്ഥികൾക്ക് സ്വയം ബുദ്ധി പ്രയോഗിക്കാനുള്ള അവസരം നഷ്ടമാകുന്നു. ചിന്തിക്കാനുള്ള അവസരം നഷ്ടപ്പെടുന്നു. ഇതെല്ലാം പ്രാപ്തവും ഫലപ്രദവുമായ പഠനത്തിന്ന് അനിവാര്യമാണ്.

എല്ലാവിധത്തിലും പൂർണ്ണമായ വിശുദ്ധ ഖുർആൻ വിദ്യാർത്ഥികളിൽ മാത്രമല്ല പ്രേരണ ചെലുത്തുന്നത്. അദ്ധ്യാപകരിലും മാതാപിതാക്കളിലും പ്രേരണ ചെലുത്തുന്നു. മനുഷ്യൻ മണ്ണിൽ നിന്നാണ് നിർമ്മിക്കപ്പെട്ടതെന്ന് വിവരിക്കപ്പെടുന്നു. (3:60, 18:38) കളിമണ്ണിൽ നിന്നും (7:13) മുട്ടിയാൽ മുഴങ്ങുന്ന ഉണങ്ങിയ കളിമണ്ണിൽ നിന്നും. (15:29, 55:15) മനുഷ്യനെ മണ്ണുമായും കളിമണ്ണുമായും താരതമ്യപ്പെടുത്താൻ കാരണം ഇവ വളരെ എളുപ്പത്തിൽ വ്യത്യസ്തരൂപങ്ങളായി രൂപപ്പെടുത്താൻ കഴിയുന്നതുകൊണ്ടാണ്. അതേപോലെ മനുഷ്യനെ വിവിധ ജോലികൾക്കായി വിദ്യാഭ്യാസം ചെയ്യിക്കാനും പരിശീലിപ്പിക്കാനും സാധ്യമാണ്. എത്രവേഗം പരിശീലനം നൽകുന്നുവോ അത്ര വലിയ വിജയം നേടുന്നു. എന്തെന്നാൽ ശിശുക്കൾ ഗർഭധാരണത്തോടെ തന്നെ പഠനം ആരംഭിക്കുന്നു. ഒരു സാധാരണ ശിശുവിനെ പൂർണ്ണനിയന്ത്രണാവകാശത്തോടെ തനിയ്ക്ക് നൽകുകയാണെങ്കിൽ താൻ അവനെ ഡോക്ടറോ, നിയമജ്ഞനോ, ഒരു കള്ളനോ ആക്കാമെന്നാണ്. അമേരിക്കൻ മനശ്ശാസ്ത്രജ്ഞനായ ജെ.ബി. വാട്ടസന്റെ അഭിപ്രായം ഇത് മേൽവിവരിച്ച വിശുദ്ധ ഖുർആൻ വചനങ്ങളോട് യോജിക്കുന്നു.

ചുരുക്കത്തിൽ, ഏത് പഠനസിദ്ധാന്തമോ, അദ്ധ്യാപന രീതിയോ മനുഷ്യൻ രൂപപ്പെടുത്തിയാലും സങ്കല്പിച്ചാലും തത്വജ്ഞാനത്തിന്റെ എല്ലാ വേരുകളും തത്വജ്ഞാനത്തിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും.

(Review of Religions, December 2004)

**വിവ: കെ.വി. ഹസ്സൻ കോയ**


3. Alison Goprik, Androw Meltzoff Patriha N Kaul The Scientist in the Crib William Marrow & Co. Inc. New York N.Y USA PP 27-28.
4. Ibid Page 1-8.
5. Mirza Ghlulam Ahmad, Roohani Khazain, The London Mosque London, U.K. 1984 Vol. 1 pp 502-505.
6. Vygotsky Lev. The scientist in the Crib William Marrow & Co., Inc. New York, N.Y. U.S.A. Page 19.
7. Einstein, Albert. Out of my later years Wings Books, New York N.Y., U.S.A., 1956 Page 31.
8. Ibid PP 31-33.


## ആഹാരം കഴിക്കുമ്പോൾ

ആഹാരത്തിന് മുമ്പും പിമ്പും കൈകളും വായും കഴുകുന്നത് ആഹാരത്തിന്റെ ഗുണത്തിന് മാറ്റു കൂട്ടും. കൈകൾ കഴുകിയശേഷം കൈക്കുമ്പിളിൽ വെള്ളം കുടിക്കുക. കൈകളേക്കാൾ ശുദ്ധമായ വേറൊരു പാത്രമില്ല.

(നബിവചനം)

# മനുഷ്യാവകാശവും പിശാചിന്റെ ആധിപത്യവും

കെ.പി. അഹ്മദ്

**അധിനിവേശ ഭൂമിയിൽ വിധേയമാക്കപ്പെട്ടവരുടെ ഉന്മൂലനമാണ് അമേരിക്കൻ പാരമ്പര്യം.**

നിസ്സഹായരായ ജനപഥങ്ങളുടെ നേർക്ക് പിശാചുക്കൾ ദ്രംഷ്ടങ്ങൾ കാട്ടിയ കാലഘട്ടങ്ങൾ ഒട്ടേറെ കടന്നുപോയിട്ടുണ്ട്! ഇര തേടി നടന്ന ബലഹീനനായ ആദിമ മനുഷ്യന്റെ അവകാശങ്ങൾ തട്ടിപ്പറിച്ചെടുത്ത്; അവരുടെ കൂട്ടത്തിൽ തന്നെയുള്ള ബലവാന്മാർ നരനായാട്ടിലൂടെ വീരനായകന്മാരായി! ഗോത്രം മറ്റൊരു ഗോത്രത്തിന്റെ മേൽ ചാടി വീണ് രക്തം കുടിച്ചു ദാഹം തീർത്തപ്പോൾ അപ്പോഴത്തെ ശക്തൻ ഗോത്രത്തലവനായി! ഇത്തരം ഗോത്രസമൂഹങ്ങളെ ഒന്നടങ്കം ഭയത്തിന്റെ കുന്തമുനയിൽ കോർത്തെടുത്ത് രാജ്യങ്ങളുണ്ടാക്കുകയും, കരിനിയമങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്ത രാക്ഷസ രാജാക്കന്മാരും പിന്നീടുണ്ടായി! കാലത്തിന്റെ കുതിപ്പിൽ രാജാക്കന്മാരുടെ വാളിനേയും കുന്തത്തേയും പരിഹസിച്ചും നിഷ്പ്രഭമാക്കിയും തോക്കിൻതിരയിലൂടെ ഇന്ദ്രജാലം കാണിച്ച കൊളോണിയൽ അധിനിവേശക്കാരും രംഗത്തു വന്നു! എന്നാൽ ചരിത്രത്തിലുടനീളം പ്രത്യക്ഷപ്പെട്ട മനുഷ്യാവകാശ ധ്വംസനങ്ങളുടെ ആവർത്തനവും അതിന്റെ ആധിപത്യവും ആധുനിക കാലത്തേയും ഗ്രസിച്ചിരിക്കുന്നുവെന്നതാണ് വസ്തുത!

ടെക്നോളജിയുടെ അമ്പരപ്പിക്കുന്ന മുന്നേറ്റത്തിൽ ആധുനിക ആയുധശക്തിയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചപ്പോൾ അത് പരിഷ്കൃതയുഗത്തിലും പ്രാകൃത മനസ്സുകൾക്ക് ജന്മം നൽകാനാണ് പ്രയോജനപ്പെട്ടത്! ഇന്നിപ്പോൾ ആയുധബലത്തിന് മുമ്പിലാണ് മനുഷ്യൻ മുട്ടുമടക്കുന്നതും അവന്റെ അവകാശങ്ങൾ ഹനിക്കപ്പെടുന്നതും! നമ്മുടെ കാലത്തെ ഭീതിയിൽ തളച്ചിടുന്ന അമേരിക്കയുടെ ഭീകരമുഖത്തെക്കുറിച്ച് ഇയ്യിടെ മാതൃഭൂമി എഴുതുകയുണ്ടായി.

"ലോകത്ത് നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളിൽ അമേരിക്കയുടെ പങ്ക് വളരെ വലുതാണെന്ന് മനുഷ്യാവകാശ സംഘടനയായ' ഹ്യൂമൻ റൈറ്റ്സ് വാച്ച്' പറയുന്നു." (മാതൃഭൂമി, ജനുവരി 16, 2005)

ആഗോളതലത്തിലുള്ള മുസ്‌ലിം ഭീകരന്മാരെ തപ്പിയെടുത്ത് പൊക്കിക്കൊണ്ടുവരാൻ തങ്ങൾ ബാദ്ധ്യസ്ഥരാണെന്ന് ആണയിട്ടുപറയുകയും, ലോകരക്ഷകന്റെ റോളിൽ അഭിനയിക്കുകയും ചെയ്യുന്ന അമേരിക്കയെ കുറിച്ചാണ് ഈ പരാമർശം! 'ഹ്യൂമൻ റൈറ്റ്സ് വാച്ചി'നു ഇപ്പോഴെങ്കിലും ഇങ്ങനെയൊരു ഗവേഷണഫലം കണ്ടെത്താൻ കഴിഞ്ഞതിൽ മനുഷ്യകുലത്തിന് ആശ്വസിക്കാമോ? മറുനാടുകളിലെ നിസ്സാരമായ മൂന്നാംകിട മനുഷ്യാവകാശ ധ്വംസനങ്ങളെ പോലും പർവ്വതീകരിച്ച് ചിത്രീകരിക്കുകയും പ്രതികരിക്കാൻ ചാടിപ്പുറപ്പെടുകയും ചെയ്യുന്ന അമേരിക്കൻ ഭരണാധികാരികളുടെ കപടമുഖമാണിവിടെ അഴിഞ്ഞുവീഴുന്നത്!

ഇറാഖിലെയും ഗ്വാണ്ടനാമോയിലെയും തടവുകാരെ പീഡിപ്പിച്ച ദൃശ്യങ്ങൾ ലോകം ഇയ്യിടെ കണ്ടതാണ്! തടവുകാരെ നഗ്നരാക്കി നായകളെക്കൊണ്ട് ആക്രമിപ്പിക്കുക, ജുഗുപ്സാവഹമായ ലൈംഗികവേഴ്ചക്ക് അവരെ പ്രേരിപ്പിക്കുക, തലമുണ്ഡനം ചെയ്ത് ഇരുമ്പുതൊപ്പികൊണ്ട് മുഖവും ചെവിയും മറച്ച് ചങ്ങലയിൽ ബന്ധിച്ച് വലിച്ചുകൊണ്ടുപോവുക, ഹലൂജയിലെ പള്ളിയിൽ പരിക്കേറ്റു കിടന്ന തടവുകാരനെ തലയിൽ വെടിവെച്ചുകൊല്ലുക, ഒട്ടേറെ തടവുകാരെ വിചാരണപോലുമില്ലാതെ കൂട്ടക്കുരുതി നടത്തുക, തടവിലല്ലാത്തവരും സ്വതന്ത്രവായു മാത്രം കൈമുതലായി ശേഷിച്ചവരുമായ സ്ത്രീകളെയും കുട്ടികളെയും വംശനാശം വരുത്തുക, വീടുകളും ആശുപത്രികളും, മെഡിക്കൽ സ്റ്റോറുകളും തകർത്തു തരിപ്പണമാക്കുക, ഇത്തരം പാതകങ്ങൾക്ക്

ൺ വധം ആധുനികയുഗത്തിലെ മനുഷ്യന് ഉപയുക്തമായത്. പുതുതായി തുറന്ന പസഫിക്ക് റെയിൽവെ പ്രചരിപ്പിക്കുവാനും അങ്ങനെ അമേരിക്കയിൽ വ്യവസായയുഗത്തിന്റെ വരവിനെ ആഘോഷിക്കുവാനും ഈ ജീവികൾ ഉപയുക്തമായി. ഓടുന്ന വണ്ടിയിലിരുന്നുകൊണ്ട് നിങ്ങൾക്ക് ഇടവും വലവും ബൈസണുകളെ വെടിവെച്ച് ഇന്നും പഠിക്കാം എന്നായിരുന്നു റെയിൽവെ കമ്പനിക്കാരുടെ പരസ്യങ്ങളിലൊന്ന്. ഈ രസത്തിനുവേണ്ടി മനുഷ്യർ തീവണ്ടിയാത്ര നടത്തി. തീവണ്ടി പ്രചരിച്ചു."

(ജൈവ മനുഷ്യൻ, പേജ് 237)

ശ്രീ. എം.വി. പരമേശ്വരന്റെ മറ്റൊരു പഠനത്തിൽ കൊളംബസിന്റെ ക്രൂരകൃത്യങ്ങളെ അയാൾക്ക് പിന്നാലെ വന്ന ബർതലോമിയോ ദ്‌ലാകാസയുടെ 'ഇൻഡീസിന്റെ ചരിത്ര'ത്തിൽ രേഖപ്പെടുത്തിയത് നോക്കുക.

"വിവരിക്കാനാകാത്ത പാതകങ്ങളാണ് അദ്ദേഹം ഇന്ത്യക്കാരോട് ചെയ്തത്. മഞ്ചലിൽ തങ്ങളെ ഏറ്റി ഓടാൻ, ഓലക്കുട പിടിക്കാൻ. വീശാൻ..... കത്തികളുടെ മൂർച്ച നോക്കാൻ അവരുടെ ദേഹത്തിൽ നിന്ന് മാംസം മുറിച്ചെടുക്കുന്നത് സ്പാനിയാർഡുകളുടെ വിനോദമായിരുന്നു. ഓടിപ്പോയവരെ പിടിച്ചുകൊണ്ടുവന്നു കൊല്ലുമായിരുന്നു. ....... മനുഷ്യത്വരഹിതമായ ഈ ചെയ്തികൾ ഞാൻ എന്റെ സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടതാണ്..... 1494–ൽ ഞാനിവിടെ വരുമ്പോൾ 30 ലക്ഷത്തിലധികം മനുഷ്യർ ഇവിടെ ജീവിച്ചിരുന്നു. 1508 ആയപ്പോഴേക്കും അത് 60,000 ആയി കുറഞ്ഞു. യുദ്ധം, അടമത്തം, ഖനികളിലെ പണി, മൃഗീയത, എല്ലാം കൂടി 30 ലക്ഷം ജീവനകുൾ അപഹരിച്ചു." (നാലാം ലോകം – സ്വപ്നവും യാഥാർത്ഥ്യവും. പേജ് 50)

ബുഷിന്റെ പൂർവ്വികരായ ഭരണാധികാരികളുടെ ഒരു രേഖാചിത്രമാണിത്! കഴിഞ്ഞ വർഷം ബുഷ് പറഞ്ഞത് സ്വരക്ഷക്കായി യുദ്ധം ചെയ്യാൻ അമേരിക്കക്ക് ആരുടേയും അനുവാദം ആവശ്യമില്ലെന്നാണ്! പച്ചക്കൊടി കാണിച്ചത് പിശാചിന്റെ മൂല കോശം കുത്തിവെക്കപ്പെട്ട അമേരിക്കൻ ഭരണാധികാരികളാണത്രെ!

"പീഡനക്കുറ്റം സൈനികരുടെ മേൽ ചുമത്തി രക്ഷപ്പെടാനാണ് ബുഷിന്റെയും കൂട്ടരുടെയും ശ്രമം എന്ന ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ പരാമർശം ശ്രദ്ധേയമാണ്. ഗ്വാണ്ടനാമോയിലെ തടവുകാരിൽ കൊടും പീഡനമുറകൾ പ്രയോഗിക്കാൻ സൈനികർക്ക് പെന്റഗണും നീതിന്യായവകുപ്പും അനുമതി നൽകിയിരുന്നതായി 'വാഷിംങ്ടൺ പോസ്റ്റ്' പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

ആധുനികയുഗം സംഭാവന ചെയ്ത സാംസ്കാരിക ഔന്നത്യത്തിന്റെ മഹത്വങ്ങൾക്ക് നേരെ ഈ കൊടുംക്രൂരകൃത്യങ്ങൾ ചോദ്യചിഹ്നങ്ങളായി ഉയരുന്നു! എന്നാൽ പാശ്ചാത്യർ പ്രാകൃതമതമാണെന്ന് ഒറ്റയടിക്ക് തള്ളിപ്പറയുകയും ആയിരത്തി നാനൂറ് കൊല്ലം മുമ്പ് അറേബ്യൻ ഗോത്രസമൂഹത്തിൽ പിറവിയെടുക്കുകയും ചെയ്ത ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ വിശാലമായ വീക്ഷണങ്ങൾ ആധുനിക കാലവുമായി തട്ടിച്ചുനോക്കുമ്പോൾ കൗതുകമല്ലേ ജനിപ്പിക്കുന്നത്? പീഡനത്തെയും മർദ്ദനത്തെയും നിന്ദ്യമായി വിലയിരുത്തിക്കൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു.

"മർദ്ദനം കൊലയെക്കാൾ ഭീകരമത്രെ" (2:192)

യുദ്ധത്തിന് പുറപ്പെടുന്ന പടയാളികളോട് നബിതിരുമേനി(സ) താക്കീതു നൽകി.

"ചതിയും അധർമ്മവും അരുത്, ശത്രുക്കളോട് ചെയ്യുന്ന കരാറുകൾ ലംഘിക്കരുത്. പ്രാകൃത സമ്പ്രദായമനുസരിച്ച് ശത്രുക്കളുടെ മൃതദേഹങ്ങൾ കൊത്തിനുറുക്കി വികൃതമാക്കരുത്. അവരുടെ കുട്ടികളെയും സ്ത്രീകളെയും കൊല്ലരുത്." (മുസ്‌ലിം)

ഇസ്‌ലാമിന്റെ ആഗമനത്തിന് മുമ്പ് അറേബ്യയുടെ ആകാശത്തിൽ കീഴിൽ അഴിഞ്ഞാടിയിരുന്ന പൈശാചിക ശക്തികളെ ഒരിക്കലും അനുകരിച്ചു പോകരുതെന്നും, യുദ്ധത്തിലായാൽ പോലും ഉന്നതമായ ഒരു സാംസ്കാരികത്തനിമ നിലനിർത്തണമെന്നുമുള്ള ഈ ആഹ്വാനം അവിസ്മരണീയമായ ചരിത്രസത്യമായി അവശേഷിക്കുന്നു! എന്നാൽ, വെറും അഞ്ഞൂറുകൊല്ലത്തെ ചരിത്രപാരമ്പര്യമുള്ള അമേരിക്കയുടെ ഭരണാധികാരികൾ ഇന്നു ചെയ്തുകൂട്ടുന്ന അക്രമങ്ങൾ സമാനതയില്ലാത്തതാണെന്ന് അവരുടെ ധിക്കാരപരമായ നയങ്ങൾ വ്യക്തമാക്കുന്നുണ്ട്!

അമേരിക്കയെ ആവേശിച്ച ഈ പിശാചുബാധ ഇത് ആദ്യത്തേതാണോ? അല്ലെന്നാണ് അവരുടെ ഉത്ഭവചരിത്രം വെളിപ്പെടുത്തുന്നത്! അധിനിവേശ സ്വാർത്ഥതയുടെ ഒറ്റക്കണ്ണിലൂടെ മാത്രം നോക്കുന്ന ദജ്ജാലിന്റെ ലക്ഷണങ്ങളും സാദൃശ്യങ്ങളും പണ്ടുമുതലേ അവരിൽ ദൃശ്യമായിരുന്നു! കയ്യേറിയും വെട്ടിപ്പിടിച്ചും കയ്യാങ്കളിയിലൂടെ ജന്മം കൊണ്ട അമേരിക്ക തദ്ദേശവാസികളായ റെഡ് ഇന്ത്യക്കാരുടെ രക്തത്തിൽ കുഴച്ച മണ്ണുകൊണ്ടാണല്ലൊ കോളനികളിൽ നെടുംകോട്ടകൾ പണിതത്. പിശാചിന്റെ ഹൃദയം ഫിറ്റു ചെയ്ത ഭരണാധികാരികൾ അന്നും അവർക്കുണ്ടായിരുന്നു! റെഡ് ഇന്ത്യക്കാരുടെ ജീവനോപാധി ആയിരുന്ന കാട്ടുപോത്തുകളെ കൊന്നുകൊണ്ടാണ് ആ നാട്ടുകാരെ കീഴ്പ്പെടുത്താനുള്ള തന്ത്രം ആവിഷ്കരിക്കപ്പെട്ടത്! സ്വാർത്ഥത മാത്രം മുമ്പിൽ കണ്ട അന്നത്തെ അമേരിക്കൻ ഭരണാധികാരികളുടെ ഒരു ചിത്രം ശ്രീ. ആനന്ദ് നമുക്ക് നൽകുന്നു.

"അമേരിക്കയിൽ കുടിയേറിപ്പാർത്ത വെള്ളക്കാർ റെഡ് ഇന്ത്യക്കാരെ കീഴ്പ്പെടുത്തുവാനായി പ്രയോഗിച്ച ഒരു മാർഗ്ഗം ആ മനുഷ്യരുടെ ജീവിതത്തിന്റെ ആധാരമായിരുന്ന അമേരിക്കൻ കാട്ടുപോത്തുകളെ (ബൈസൺ) നശിപ്പിക്കുകയായിരുന്നു. അന്ന് അമേരിക്കയിലുണ്ടായിരുന്നുവെന്ന് പറയപ്പെടുന്ന എട്ടുകോടിയോളം ബൈസണുകളെ വെറും അമ്പതുകൊല്ലങ്ങൾ കൊണ്ട് അവർ കൊന്നൊടുക്കി. ഒരെണ്ണം പോലും ബാക്കിവെക്കാതെ ഭൂമുഖത്തു നിന്ന് ഈ വർഗ്ഗത്തെ തുടച്ചുനീക്കുകയും ചെയ്തു. റെഡ് ഇന്ത്യക്കാരുടെ ഭക്ഷണം മുടക്കുവാൻ മാത്രമല്ല ബൈസ

പക്ഷെ; സ്വരക്ഷയോ സ്വാർത്ഥതയോ എന്നതാണ് ഇവിടെ പ്രശ്നം! അമേരിക്കയുടെ ആഭ്യന്തര അടിയൊഴുക്കുകൾ എക്കാലവും സ്വാർത്ഥതയുടെ തട്ടിലേ തൂക്കം വർദ്ധിപ്പിച്ചിട്ടുള്ളു.! അതുകൊണ്ടുതന്നെ ബുഷിന്റെ പ്രഖ്യാപനത്തിലെ 'സ്വരക്ഷ' അവരുടെ താൽപ്പര്യങ്ങളിൽ മാത്രം ഊന്നിക്കൊണ്ടുള്ളതാണ്! പണ്ട് 'ബൈസൺ' എന്ന കാട്ടുപോത്ത് അമേരിക്കയുടെ സ്വരക്ഷക്ക് ഭീഷണിയായിരുന്നോ? അടിച്ചേൽപ്പിക്കപ്പെട്ട അടിമത്തവും അതിന്റെ ദീനവിലാപങ്ങളുമായി ജീവിതം തള്ളിനീക്കിയ റെഡ് ഇന്ത്യക്കാർ അമേരിക്കക്കാരെ വെല്ലുവിളിച്ചുവോ? ഇപ്പോൾ ഇറാഖ് അമേരിക്കയുടെ നേരെ യുദ്ധത്തിനൊരുങ്ങിയോ? ഇതൊന്നും നടക്കാത്ത കാര്യങ്ങളായിരുന്നു! ആദ്യത്തേത് റെഡ് ഇന്ത്യക്കാരുടെ അന്നം മുടക്കുകയും ബൈസണുകളെ വെടിവെച്ച് റെയിൽവെ പ്രചരിപ്പിക്കുകയും 30 ലക്ഷം റെഡ് ഇന്ത്യക്കാരെ കൊന്നൊടുക്കുകയുമായിരുന്നു ലക്ഷ്യം! രണ്ടാമത്തേത്; ഇറാഖിന്റെ എണ്ണസമ്പത്ത് കവർന്നെടുക്കുകയും, ഭാവിയിൽ ശക്തി പ്രാപിച്ചുപോയേക്കാവുന്ന ആ രാജ്യത്തെ തകർക്കാനുള്ള സയണിസത്തിന്റെ തന്ത്രം മാത്രം നടപ്പിലാക്കുകയുമായിരുന്നു ലക്ഷ്യം!

ഐക്യരാഷ്ട്രസഭയെയും അന്താരാഷ്ട്ര സമൂഹത്തേയും ഒട്ടും മാനിക്കാതെ നടത്തിയ ഏകപക്ഷീയമായ ആക്രമണത്തിന്റെയും, കീഴ്പ്പെടുത്തലിന്റെയും വിജയാഘോഷങ്ങളെല്ലാം കഴിഞ്ഞ്; അമേരിക്കൻ ബുദ്ധിജീവികളുടെയും ജനങ്ങളുടെയും കയ്യടി വാങ്ങി, തിരഞ്ഞെടുപ്പിൽ വീണ്ടും വിജയശ്രീലാളിതനായി ബുഷ്, തിരിച്ചെത്തിയപ്പോഴാണ് 'ഹ്യൂമൻ റൈറ്റ്സ് വാച്ചി'ന്' മനുഷ്യാവകാശ ധ്വംസനത്തിന്റെ പുതിയ വെളിപാടിറങ്ങിയത്! ഇക്കാലമത്രയും ജൈവായുധങ്ങളുടെ കള്ളക്കഥകൾ പ്രചരിപ്പിച്ച് പൈശാചികത്വം വിജയക്കൊടി നാട്ടിയ ഇന്നത്തെ ചുറ്റുപാടിൽ ഉണ്ടായി വെളിപാടിന്റെ പ്രസക്തി കണ്ടുതന്നെ അറിയണം! അമേരിക്കയെ സംബന്ധിച്ചേടത്തോളം 'ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ പരാമർശം മറ്റൊരു വനരോദനമല്ലാതെ പ്രത്യേക പരിഗണനയൊന്നും അതിന് ലഭിക്കാൻ പോകുന്നില്ല! ഇറാഖ് യുദ്ധാനന്തരം അമേരിക്കൻ ജനത മനുഷ്യത്വത്തെ തിരിച്ചറിയുമെന്നും തിരഞ്ഞെടുപ്പിൽ ബുഷ് പരാജയപ്പെടുമെന്നുമായിരുന്നല്ലോ ലോകം പ്രതീക്ഷിച്ചത്! എന്നിട്ടെന്തുണ്ടായി? ഇവിടെയാണ് ഭൂമുഖത്ത് കലാപങ്ങൾ സൃഷ്ടിക്കുന്ന പൈശാചികശക്തിയുടെ സിമ്പലായി വിശുദ്ധ ഖുർആൻ വെളിപ്പെടുത്തിയ ലക്ഷണങ്ങൾ ശ്രദ്ധേയമാവുന്നത്!

"പിശാചുക്കൾ വന്നിറങ്ങുന്നത് ആരിലാണെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞുതരട്ടയോ?

കൊടും പാപിയും നുണപറയുന്നവനുമായവരിൽ അവർ ഇറങ്ങുന്നു." (26:222-223).

അന്താരാഷ്ട്ര സമൂഹത്തെ ഒന്നടങ്കം കബളിപ്പിച്ചുകൊണ്ട് അമേരിക്ക അതിന്റെ ആക്രമണങ്ങളെ ന്യായീകരിച്ചതിനും ആക്രമണകാരണങ്ങളായി ഉന്നയിക്കപ്പെട്ട പെരുങ്കള്ളങ്ങൾക്കും നാം സാക്ഷികളായിരിക്കുമ്പോൾ, അദൃശ്യനായി മറഞ്ഞുനിൽക്കുന്ന അമാനുഷികനായ മറ്റൊരു പിശാചിനെ പരതിപ്പോകേണ്ട കാര്യമില്ല! അതിവിടെ നമ്മുടെ കൺമുമ്പിൽ തന്നെയുണ്ടെന്ന് ഖുർആൻ പറയുന്നു! ■

---

*(17 -ാം പേജിൽ നിന്ന് തുടർച്ച)*

ഈ മഹാന്മാരെ കൂടാതെ ഹദ്റത്ത് അല്ലാമാ ഇമാം അബ്ദുൽ വഹ്ഹാ ബിശ്ശിഅ്റാനീ, ഹദ്റത്ത് ശൈഖ്, മുഹ്യിദ്ദീനിബ്നു അറബി, ഹദ്റത്ത് അല്ലാമ സിദ്ദീഖ് ഹസൻ ദഹ്ലവി, ഹദ്റത്ത് അല്ലാമാ, അബുഫസൽ (റ) എന്നീ മഹാത്മാക്കളും വേറെയും ധാരാളം സലഫുസ്സാലിഹീങ്ങളും ഖാതമുന്നബിയിൽ എ ന്ന ആയത്തിന്നും 'ലാനബിയ്യബഅ്ദീ' എന്ന ആയത്തിന്നും ഇതേ വിശദീകരണം തന്നെയാണ് നൽകിയിരുന്നത്.

പ്രസ്തുത വിശദീകരണത്തിന്റെ വെളിച്ചത്തിൽ ലാനബിയ്യബഅ്ദീ എന്ന ആയത്തിന്ന് താഴെ കാണുന്ന അർത്ഥങ്ങൾ മാത്രമെ സംഗതമാവുകയുള്ളൂ.

(1) എനിക്കു ലഭിച്ച സ്ഥാനമാനങ്ങളോടും മഹൽഗുണങ്ങളോടും കൂടി ഒരു നബിയും എനിക്ക് ശേഷം വരുന്നതല്ല.

(2) ശരീഅത്തോടുകൂടിയ ഒരു നബിയും ഇനി വരുന്നതല്ല.

(3) എനിക്കെതിരായും എന്റെ ശരീഅത്തിനെ ദുർബലപ്പെടുത്തുന്നതുമായ ഒരു നബിയും വരുന്നതല്ല.

(4) എന്റെ വഫാത്തിന്നുശേഷം ഉടൻ വരുന്ന ആൾ നബിയായിരിക്കുകയില്ല. ഖലീഫയായിരിക്കും.

(5) എനിക്കും വാഗ്ദത്ത മസീഹിന്നുമിടയിൽ ഒരു പ്രവാചകനും ഇല്ല.

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദു മുസ്തഫാ (സ) ഖാതമുന്നബിയിൽ ആണെന്നതിന്ന് അഹ്മദികൾ കൊടുക്കുന്ന വ്യാഖ്യാനം ആ പുണ്യാത്മാവ് എല്ലാ നബിമാരുടെയും സത്യതയെ സാക്ഷ്യപ്പെടുത്തുന്ന മുദ്രയാണെന്നും ഇനിമേൽ തിരുമേനിയുടെ സാക്ഷ്യമുദ്രയില്ലാതെ ആർക്കും വരാൻ സാധിക്കുകയില്ലെന്നും കഴിഞ്ഞുപോയവരും ഇനി വരാതിരിക്കുന്നവരുമായ എല്ലാ പ്രവാചകന്മാരുടെയും സത്യസാക്ഷ്യത്തിന്നു തിരുനബിയുടെ സാക്ഷ്യമുദ്ര ആവശ്യമാണെന്നും നബിതിരുമേനിയിൽ നബിത്വത്തിന്റെ എല്ലാ മാനദണ്ഡങ്ങളും പരിപൂർണ്ണമായ രീതിയിൽ പൂർത്തിയായിരിക്കുന്നുവെന്നും അ ദ്ദേഹത്തിന്നുശേഷം സ്വതന്ത്രനു ബുവ്വത്തോടുകൂടി ആരും തന്നെ വരുന്നതല്ലെന്നും വരുന്ന ആൾ തിരുനബി (സ)യുടെ ദാസത്വം സ്വീകരിച്ച അദ്ദേഹത്തിന്റെ ഉമ്മത്തിൽപെട്ട ആളായിരിക്കുമെന്നും ആണെന്നാണ്. അദ്ദേഹത്തിന്റെ നിസ്തുല്യവും അതിമഹത്തുമായ സ്ഥാനത്തിന്നും അന്തസ്സിന്നും യോജിച്ച അർത്ഥമാണിത്. ഇതിനെ നി ഷേധിക്കുവാൻ ആർക്കും സാധ്യമല്ല. ■

## കുറിപ്പുകൾ

**മുസാഫിർ**

# ജോൺ പോൾ രണ്ടാമനിൽ നിന്നും ബെനഡിക്റ്റ് പതിനാറാമനിലേക്ക്

ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും വത്തിക്കാൻ രാഷ്ട്രത്തിന്റെ അധിപനുമായ ജോൺ പോൾ രണ്ടാമന്റെ (ഏപ്രിൽ 3) നിര്യാണത്തിൽ അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു. നമ്മുടെ കാലത്തെ ലോകസംഭവങ്ങളെ ഒരളവോളം സ്വാധീനിച്ച സമാദരണീയരായ വിശ്വവ്യക്തിത്വങ്ങളിലൊരാളായിരുന്നു ജോൺ പോൾ രണ്ടാമൻ മാർപാപ്പ. 1920ൽ പോളണ്ടിൽ ജനിച്ച കരോൾ ജോസഫ് വൊയ്റ്റീവ 264–ാമത്തെ പോപ്പായി 1978ലായിരുന്നു തിരഞ്ഞെടുക്കപ്പെട്ടത്. ഒരു മാസം മാത്രം പാപ്പയായി പത്രോസിന്റെ സിംഹാസനം പൂകിയ ജോൺ പോൾ ഒന്നാമന്റെ പിൻഗാമിയായിട്ടായിരുന്നു ജോൺ പോൾ രണ്ടാമന്റെ സ്ഥാനാരോഹണം. 5 നൂറ്റാണ്ടുകൾക്കുശേഷം ഇറ്റലിക്കാരനല്ലാത്ത ഒരാൾ ആദ്യമായിട്ടായിരുന്നു മാർപാപ്പാ പദവി അലങ്കരിക്കുന്നത്.

കത്തോലിക്കാ സഭയുടെ മുഖ്യ പ്രതിയോഗിയായിരുന്ന കമ്യൂണിസത്തിന്റെ ഉരുക്കുകോട്ടകൾ ചീട്ടുകൊട്ടാരങ്ങൾ പോലെ തകർന്നടിഞ്ഞത് ജോൺ പോൾ രണ്ടാമന്റെ കാലത്തായിരുന്നു. പോളണ്ടിൽ നിന്നാരംഭിച്ച യൂറോകമ്മ്യൂണിസത്തിന്റെ തകർച്ചക്ക് ജോൺ പോൾ രണ്ടാമന്റെ സ്വാധീനവുമുണ്ടായിരുന്നു എന്ന കാര്യം നിസ്സംശയമാണ്. ലോകത്തുടനീളം ദീർഘമായ യാത്രകൾ നടത്തിയ മാർപാപ്പയുടെ വ്യക്തിപ്രഭാവം അന്തർദേശീയ സമൂഹത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. മൂന്നാം സഹസ്രാബ്ദത്തിന്റെ പുലരിയിൽ കഴിഞ്ഞ നൂറ്റാണ്ടുകളിൽ ക്രിസ്തുസഭ ചെയ്തുകൂട്ടിയ അനേകം ദ്രോഹങ്ങൾക്കും, പാപങ്ങൾക്കും അദ്ദേഹം വിനയാന്വിതനായി മാപ്പു പറയുകയുണ്ടായി. യഹൂദർക്കെതിരെയുള്ള അക്രമണങ്ങൾക്ക്, സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങൾക്ക്, ശാസ്ത്രപ്രതിഭകൾക്കെതിരെ നടത്തിയ ഇൻക്വിസിഷനുകൾക്ക് കോളനിവാഴ്ച കാലത്ത് തദ്ദേശീയ ജനതകളോട് കാണിച്ച അത്യാചാരങ്ങൾക്ക് അങ്ങിനെ കുറ്റങ്ങളുടെ നെടുനീളൻ പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടു വിശ്വസമൂഹത്തിനു മുമ്പിൽ അദ്ദേഹം മുട്ടുകുത്തി മാപ്പിരന്നു. മഹാനായ ഇറ്റാലിയൻ ശാസ്ത്രപ്രതിഭ ഗലീലിയോ ഗലീലിക്കെതിരെ നടത്തിയ ഇൻക്വിസിഷനെപറ്റി പുനരാലോചിക്കാനുള്ള സമിതിയെ നിശ്ചയിച്ച ജോൺപോൾ 12 വർഷത്തെ കൂടിയാലോചനകൾക്കുശേഷം 300 ശാസ്ത്രജ്ഞന്മാരുടെ സദസ്സിൽ വെച്ച് ഗലീലിയോവിനോടു ചെയ്തത് തെറ്റായിപ്പോയി എന്നു ഏറ്റു പറഞ്ഞത് 1992 ലായിരുന്നു.

പാരമ്പര്യങ്ങളിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന അദ്ദേഹം സ്വവർഗ്ഗരതിക്കാരായ പുരോഹിതന്മാരേയും, സ്ത്രീപൗരോഹിത്യത്തേയും, സ്വവർഗ്ഗവിവാഹത്തേയും ജനനനിയന്ത്രണത്തേയും കഠിനമായി എതിർത്തു. മാർക്സിസവും ബൈബിളും മിശ്രണംചെയ്തുകൊണ്ട് ലാറ്റിൻ അമേരിക്കയിൽ രൂപം കൊള്ളുകയും രാഷ്ട്രീയ പോരാട്ടമായി വളരുകയും ചെയ്ത വിമോചന ദൈവശാസ്ത്രത്തെ ജോൺ പോൾ തീരെ അനുകൂലിച്ചില്ല. കമ്മ്യൂണിസത്തിന്റെ നല്ല വശങ്ങളെ പ്രശംസിക്കാൻ മടിക്കാത്ത ജോൺ പോൾ മുതലാളിത്വത്തിന്റെ ഉപഭോഗ സംസ്കാരത്തെ അപലപിക്കുകയും ചെയ്തിട്ടുണ്ട്. ഇറാഖിൽ അമേരിക്ക നടത്തിയ അക്രമണത്തെ മാർപാപ്പ മൃദുവായിട്ടാണെങ്കിലും അപലപിച്ചിട്ടുണ്ട്. യഹദികളെ ജർമ്മനി കോൺസട്രേഷൻ ക്യാമ്പിലെ ഗ്യാസ് ചേംബറുകളിലിട്ട് കൊന്നൊടുക്കുമ്പോൾ മൗനം പാലിച്ചിരുന്ന പീയൂസ് പന്ത്രണ്ടാമനെപ്പോലെ അദ്ദേഹം നിർവ്വികാരനായി ഇരുന്നില്ല. യഹൂദ അനുകൂല മാർപാപ്പ എന്ന ഒരു വിശേഷണം ജോൺ പോൾ രണ്ടാമന് ഉണ്ടെങ്കിലും ഫലസ്തീനികളോട് യഹൂദികൾ കാട്ടുന്ന അതിക്രമത്തെയും പല സന്ദർഭങ്ങളിലും അദ്ദേഹം അപലപിച്ചിട്ടുണ്ട്.

സഭയുടെ നിയമമനുസരിച്ച് മാർപാപ്പ മരിച്ച് രണ്ട് ആഴ്ച കഴിഞ്ഞതിനുശേഷം ഇരുപത് ദിവസത്തിന് മുമ്പേ പുതിയ മാർപാപ്പയെ തിരഞ്ഞെ

ടുത്തിരിക്കണം. വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പലിൽ ചേർന്ന കർദ്ദിനാൾമാരുടെ കോൺക്ലെവാണ് പുതിയ പാപ്പായെ തിരഞ്ഞെടുത്തത്. തിരഞ്ഞെടുപ്പ് അതീവരഹസ്യമായിരിക്കണമെന്നാണ് ചട്ടം. കർദ്ദിനാൾമാർ 194 പേരുണ്ടെങ്കിലും 80 വയസ്സ് കഴിഞ്ഞ കർദ്ദിനാൾമാർക്ക് വോട്ടെടുപ്പിൽ പങ്കെടുക്കാൻ കഴിയില്ല. 117 കർദ്ദിനാൾമാരാണ് പുതിയ പാപ്പയായി ജർമൻ കർദ്ദിനാൾ ജോസഫ് റാറ്റ്സിങ്ങറിനെ തിരഞ്ഞെടുത്തത്. തിരഞ്ഞെടുത്ത ഉടനെ ബെനഡിക്റ്റ് പതിനാറാമൻ എന്ന പേരാണ് അദ്ദേഹം സ്വയം സ്വീകരിച്ചത്.

ക്രിസ്തുവും റോമൻസഭ സ്ഥാപിച്ച പത്രോസും ഏഷ്യക്കാരാണെങ്കിലും യൂറോപ്പിൽ പുറത്തുനിന്നും മാർപാപ്പയെ തിരഞ്ഞെടുക്കുക എന്നത് അത്യപൂർവ്വ സംഭവമാണ്. ഇത്തവണ പതിവിനു വിപരീതമായി കത്തോലിക്കാ വിശ്വാസികൾ ഏറ്റവും കൂടുതൽ അധികരിച്ചുകൊണ്ടിരിക്കുന്ന ആഫ്രിക്കയിൽ നിന്നോ ലാറ്റിനമേരിക്കയിൽ നിന്നോ ഒരു പോപ്പ് ഉണ്ടാവുമെന്ന് അഭ്യൂഹങ്ങളുണ്ടായിരുന്നു. പക്ഷേ യൂറോപ്പിനെ കൈവിടാൻ ക്രിസ്തുസഭ തയ്യാറായില്ല എന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു. ഇതുവരെ തിരഞ്ഞെടുത്ത പോപ്പുമാരിൽ വെച്ച് ഏറ്റവും പ്രായം കൂടിയ രണ്ടുപേരിൽ ഒരാളാണ് റാറ്റ്സിങ്ങർ. പ്രായത്തിന്റേതായ യാഥാസ്ഥിതികത്വത്തിന് പുറമെ ദൈവശാസ്ത്രപരമായ നിലപാടുകളിൽ അണുകിട വ്യതിചലിക്കാത്ത കടുത്ത യാഥാസ്ഥിതിക നിലപാടുള്ള വ്യക്തിയാണ് പുതിയ പാപ്പ. ക്രൈസ്തവ വിഭാഗങ്ങൾക്കിടയിലുള്ള ഐക്യത്തിനു വേണ്ടിയുള്ള എക്യുമെനിസവും ഇസ്‌ലാമും മറ്റിതര മതങ്ങളുമായുള്ള ഡയലോഗുകളും പുനരാരംഭിക്കുമെന്ന് റാറ്റ്സിഗർ പ്രഥമ പ്രഖ്യാപനത്തിൽ പറയുന്നു.

ക്രിസ്തുസഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി യൂറോപ്പിലെ കുത്തഴിഞ്ഞ കുടുംബ ജീവിതമാണ്. മതപരമായ ചട്ടവട്ടങ്ങളോ ധാർമ്മികതയോ ഇല്ലാത്ത വഴിവിട്ട ജീവിതം തലതിരിഞ്ഞ പല ധാർമ്മിക സങ്കല്പങ്ങളിലും യൂറോപ്യൻ ജനതയെ കൊണ്ടെത്തിച്ചിരിക്കുന്നു. അവരുടെ അധാർമ്മികവും, മതവിരുദ്ധവും, പ്രകൃതിവിരുദ്ധവുമായ താന്തോന്നിത്തങ്ങൾക്ക് സഭയുടെ സമ്മതിവേണമെന്നാണ് ക്രിസ്ത്യാനികളുടെ ആവശ്യം. പുരോഗമനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പരിവേഷം നൽകി ക്രിസ്ത്യാനികൾ ചർച്ചിനെതിരെ നടത്തുന്ന പ്രക്ഷോഭങ്ങളും വിമർശനങ്ങളും സഭയെ വീർപ്പുമുട്ടിക്കുകയാണ്. അമേരിക്കൻ പുരോഹിതന്മാരുടെ ലൈംഗിക കുറ്റകൃത്യങ്ങൾ അവിടത്തെ കത്തോലിക്കാസഭയെ പ്രതികൂട്ടിലാക്കിയിരിക്കുന്നു. അതുപോലെ സ്വവർഗ്ഗരതി, സ്വവർഗ്ഗ വിവാഹം, വിവാഹം കഴിക്കാതെയുള്ള ഒന്നിച്ചുള്ള സഹവാസം മുതലായ ആവശ്യങ്ങൾ വിശ്വാസികളുടെ അവകാശങ്ങളായി അംഗീകരിക്കണം എന്നാണ് യൂറോപ്പിലെ ആധുനിക ക്രൈസ്തവ സമൂഹത്തിന്റെ മുറവിളി. അതുപോലെ ഫെമിനിസത്തിന്റെ അറ്റം കണ്ട യൂറോപ്യൻ സമൂഹത്തിൽ സ്ത്രീപൗരോഹിത്യവും ശക്തമായ ആവശ്യമായി തീർന്നിരിക്കുകയാണ്. ക്ലോണിംങ്ങ്, ഗർഭഛിദ്രം, മുതലായവയുടെ ബയോ എത്തിക്കൽ (ജൈവ–നൈതിക) പ്രശ്നങ്ങളിലും പുതിയ അജപാലകന് ഒരു തീരുമാനമെടുക്കേണ്ടി വരും.

മുസ്‌ലിം ലോകത്തിനെതിരായ കടുത്ത ഏകപക്ഷീയ അക്രമണമാണ് ക്രിസ്തീയ ലോകം ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. നാഗരികതകളുടെ അനിവാര്യമായ സംഘട്ടനം എന്ന അങ്ങേയറ്റം പ്രതിലോമകരമായ ഒരു തത്വശാസ്ത്രവും അവർ വികസിപ്പിച്ചെടുത്തിരിക്കുന്നു. അതുപോലെ മൂന്നാം ലോകത്തിലെ ദരിദ്രരാജ്യങ്ങളെ സാമ്പത്തികമായും രാഷ്ട്രീയമായും ചൂഷണം ചെയ്യുന്ന നവ കൊളോണിയൽ ശക്തികളാണ് ഇന്നത്തെ ക്രൈ സ്തവ ജനത. മനുഷ്യസമൂഹത്തിനും മനുഷ്യത്വത്തിനുമെതിരെ ക്രൈസ്തവ സമൂഹം കാട്ടുന്ന ഈ നിഷ്ഠൂരതകൾ അടിസ്ഥാനപരമായി മതം തടഞ്ഞു നിർത്തേണ്ട പാപങ്ങളാണ്. ആദാം സ്വർഗ്ഗത്തിൽ വെച്ച് വിലക്കപ്പെട്ട കനി ഭക്ഷിച്ചത് മാത്രമല്ല പാപം. പാശ്ചാത്യ ക്രൈസ്തവ സഭ യുടെ കീഴിലുള്ള വിശ്വാസി സമൂഹം ചെയ്തുകൂട്ടുന്ന ഇക്കണ്ട അത്യാചാരങ്ങളും രക്തചൊരിച്ചിലും, ചൂഷണവുമെല്ലാം തന്നെ പാപമാണെന്നും മതപരമായ അർത്ഥത്തിൽ അത് അക്രൈസ്തവമാണെന്നും തുറന്നുപ്രഖ്യാപിക്കാനുള്ള ചങ്കൂറ്റവും സത്യസന്ധതയും പുതിയ മാർപാപ്പക്ക് ഉണ്ടാവണം. അങ്ങനെ മഹാനായ ക്രിസ്തുവിന്റേയും മഹത്തായ ക്രൈസ്തവ മതത്തിന്റെയും ധാർമ്മിക മേധാശക്തി കൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയുമെങ്കിൽ അത് സാധ്യമാവാൻ ഏറ്റവും സാധിക്കുന്ന വ്യക്തി പുതിയ മാർപാപ്പ ബെനഡിക്ഹ് പതിനാറാമനാണ്. കത്തോലിക്കാ സഭയുടെ സമാദരണീയനായ പാപ്പക്ക് ലോകത്തിൽ നന്മവരുത്താൻ കഴിയുമാറാവട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. ■

## ക്രിസ്ത്യാനികളെപ്പറ്റി ഖുർആൻ

*ജനങ്ങളിൽ വെച്ച് സത്യവിശ്വാസികളോട് ഏറ്റവും കടുത്ത ശത്രുതതയുള്ളവരായി ജൂതന്മാരെയും ബഹുദൈവവിശ്വാസികളെയും തീർച്ചയായും നീ കണ്ടെത്തുന്നതാണ്. സത്യവിശ്വാസികളോടു ഏറ്റവും അടുത്ത സ്നേഹമുള്ളവരായി, 'ഞങ്ങൾ ക്രിസ്ത്യാനികളാണ്' എന്നു പറഞ്ഞവരെയും നീ കണ്ടെത്തുന്നതാണ്. അതിനു കാരണം, അവരിൽ പണ്ഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ലായെന്നതുമാണ്.* *(വി. ഖുർആൻ 5:83)*

## കുറിപ്പുകൾ

മുസാഫിർ

# മൃദുലമായിത്തീരുന്ന ഇന്തോ - പാക് അതിർത്തി

അര നൂറ്റാണ്ടു കാലമായി സംഘർഷഭരിതമായ അതിർത്തിയാൽ വിഭജിതമായ ഒരു സ്വാഭാവിക സമൂഹമാണ് ഇന്ത്യ, പാകിസ്താൻ എന്നീ രണ്ടു രാജ്യങ്ങളിൽ ജീവിക്കുന്നത്. ഇരുരാജ്യങ്ങളും അടുക്കാൻ ശ്രമിച്ചപ്പോഴെല്ലാം തിന്മയുടെ അദൃശ്യഹസ്തങ്ങൾ വന്ന് ഇരുവരെയും അകറ്റിമാറ്റപ്പെടുകയും, ജനകോടികളുടെ ഹൃദയങ്ങളെ മലീമസമാക്കുകയും ചെയ്യുകയായിരുന്നു. എന്നാൽ ഇന്തോ–പാക് ക്രിക്കറ്റ് കളിയുടെ പശ്ചാത്തലത്തിൽ ഏപ്രിൽ 18ന് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗും പ്രസിഡണ്ട് പർവേസ് മുഷ്റഫും നടത്തിയ ഉച്ചകോടി അഥവാ നയതന്ത്ര സംവാദം ഹൃദയസംവാദമായി മാറുകയായിരുന്നുവെന്ന് നിരീക്ഷകർ ഒന്നടങ്കം അഭിപ്രായപ്പെടുന്നു. അത്രമാത്രം യാഥാർത്ഥ്യബോധവും ആത്മാർത്ഥതയും ഇരുഭാഗത്തുനിന്നുമുണ്ടായി. ഇരുരാജ്യങ്ങളിലുമുള്ള ജനതയുടെ ക്ഷേമകാംക്ഷയും ഹൃദയാഭിലാഷങ്ങളും അതിർത്തി മുറിച്ച് ചാലുകീറി ഒഴുകുമ്പോൾ അതിർത്തിയെ തന്നെ അപ്രസക്തമാക്കുന്ന മാനവതയുടെ മഹാപ്രവാഹമായി ഈ നയതന്ത്രസംരംഭം പരിണമിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥി ക്കാം.

ഇന്ത്യാ പാക് ചർച്ചകളുടെ ഗതി നിയന്ത്രിച്ചിരുന്നത് കുറേക്കാലമായി തീവ്രവാദികളായിരുന്നു. സമാധാന ശ്രമങ്ങളുണ്ടാവുമ്പോൾ തീവ്രവാദികൾ നടത്തുന്ന രഹസ്യവും പരസ്യവുമായ ഇടപെടലുകൾ, ഭീകരപ്രവർത്തനങ്ങൾ, കലാപങ്ങൾ മുതലായവ സമാധാനലക്ഷ്യങ്ങളെ മരീചികയാക്കി മാറ്റിയിരുന്നു. ഇനി മേൽ ഉഭയകക്ഷിചർച്ചകൾ അട്ടിമറിക്കാൻ തീവ്രവാദികളെ അനുവദിക്കില്ല എന്നും സമാധാനചർച്ചകളിൽ നിന്നും പിന്നോട്ടു പോകുന്ന പ്രശ്നമില്ലെന്നുമുള്ള ഇരുനേതാക്കന്മാരുടേയും സംയുക്ത പ്രഖ്യാപനം ഭാവിയിൽ തീവ്രവാദികളെ ഇന്ത്യാ–പാക് ചർച്ചകളുടെ അജണ്ട നിശ്ചയിക്കാൻ സമ്മതിക്കില്ല എന്ന ദൃഢനിശ്ചയം വ്യക്തമാക്കുന്നു. ശ്രീനഗർ മുസാഫറാബാദ് ബസ് സർവ്വീസ് തടസ്സപ്പെടുത്താൻ ശ്രമിച്ച തീവ്രവാദികളുടെ ഭീകരപ്രവർത്തനത്തെ ഇരുനേതാക്കന്മാരും അപലപിച്ചുതള്ളുകയാണുണ്ടായത്.

ഷിംല, ലാഹോർ ബസ്, ആഗ്ര ഉച്ചകോടി മുതലായ ഉഭയ കക്ഷി ചർച്ചകളിൽ നിന്നും വിഭിന്നമായി. ഡൽഹി ഉച്ചകോടി പ്രതീക്ഷാനിർഭരവും ക്രിയാത്മകവുമായിരുന്നു. അഭിപ്രായഭിന്നത രൂക്ഷമായ വിഷയങ്ങൾ ആദ്യം ചർച്ച ചെയ്യാതെ യോജിക്കാവുന്ന മേഖലകളിൽ നിന്നും ചർച്ച ആരംഭിച്ചുകൊണ്ടാണ് ഫലപ്രദമായ തീരുമാനങ്ങളെടുത്തിരിക്കുന്നത്. പരാജയത്തിൽ കലാശിച്ച ആഗ്രാ ഉച്ചകോടി നേതൃത്വം കൊടുത്തതിന്റെ അപഖ്യാതി പേറുന്ന വാജ്പേയിയേയും അദ്വാനിയേയും പ്രോട്ടോകോൾ വകവെക്കാതെ മുഷ്റഫ് അങ്ങോട്ടുപോയി കണ്ടത് നയതന്ത്രത്തെ കൂടുതൽ ഹൃദ്യമാക്കി.

വെടിയുണ്ടകളും ഗ്രനേഡുകളും തീതുപ്പിപ്പറക്കുന്ന അഗ്നിരേഖയാണ് ഇന്തോപാക് അതിർത്തിയിലെ കശ്മീർ മേഖല. കശ്മീർ അതി ർത്തിയെ കൂടുതൽ ജനകീയവും ഉദാരവുമാക്കാൻ പുതിയ നയതന്ത്രപദം കണ്ടെത്തിയ ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന്റെ നയതന്ത്ര വൈദഗ്ധ്യത്തെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. കശ്മീർ അതിർത്തിക്ക് 'മൃദു അതിർത്തി' (Soft Border) എന്ന നമ്മുടെ പ്രധാന മന്ത്രിയുടെ പുതിയ നാമകരണം ഉഭയകക്ഷികളും അംഗീകരിച്ചിരിക്കുകയാണ്. ആളുകളും ചരക്കുകളും നിർബാധം സഞ്ചരിക്കാൻ ഇരുകൂട്ടരും ആഗ്രഹിക്കുന്നതിന്റെ മുന്നോടിയാണ് അതിർത്തിക്ക് ഈ പുതിയ വിശേഷണം. ശ്രീനഗർ മുസാഫറാബാദ് ബസ് സർവ്വീസ് എണ്ണം കൂട്ടാനും ട്രക്ക് ഗതാഗതം ആരംഭിക്കാനും തീരുമാനമായി. അതുപോലെ രാജസ്ഥാനിലെ മുനബാവോയിൽ നിന്നും സിന്ധിലേ ഖോക്രാപാറിലേക്കുള്ള റയിൽവേ ലൈൻ 2006 ജനുവരിയിൽ ഗതാഗതം പുനസ്ഥാപിക്കുമെന്നും 17 ഇന പ്രഖ്യാപനത്തിൽ പറയുന്നു.

ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം നിയന്ത്രണ രേഖക്ക് ഇരുഭാഗത്തുമായി വിഭജിക്കപ്പെട്ട കുടുംബങ്ങൾക്ക് ഒത്തുചേരാനും മതപരമായ തീർത്ഥാടനങ്ങൾ യാതൊരു തടസ്സവും കൂടാതെ നിർവ്വഹിക്കാനും സാംസ്കാരിക വിനിമയങ്ങളെ പ്രോത്സാഹിപ്പിക്കാനും ഉച്ചകോടിയിൽ തീരുമാനമായി എന്നതാണ്. ഇന്തോപാക് അതിർത്തിയിൽ വിഭജിക്കപ്പെട്ടു കിടക്കുന്ന അഹ്മദി മുസ്‌ലിം സമൂഹത്തെ സംബന്ധിച്ചേ

ടത്തോളം ഏറ്റവും ആഹ്ലാദകരമാണ് ഈ തീരുമാനം.


സമാധാനത്തിനുള്ള മാനവീയമായ ഹൃദയാഭിലാഷത്തോടൊപ്പം ജനതകളുടെ ഭൗതികക്ഷേമത്തിന് നിദാനമായ തീരുമാനങ്ങളിൽ നിന്നുമാണ് രാഷ്ട്രീയത്തിൽ സമാധാനം ഉരുത്തിരിയുന്നത്. സാമ്പത്തിക വാണിജ്യ – ഇടപാടുകൾ ഇരു ജനതയും പരസ്പരം ആശ്രയിച്ചു മുന്നേറുമ്പോൾ സമാധാനം അവരുടെ ഭൗതികക്ഷേമത്തിന് നിദാനമായിത്തീരുന്നു. ഡൽഹി ഉച്ചകോടിയിൽ സാമ്പത്തിക വ്യാപാര കാര്യങ്ങൾക്കായുള്ള സംയുക്ത കൗൺസിലുകൾ രൂപീകരിച്ചു കഴിഞ്ഞു. ഇന്ത്യാപാക് പരിപ്രേക്ഷ്യത്തിൽ വാണിജ്യപുരോഗതിയേക്കാൾ സമാധാനത്തിനാണ് ഈ വാണിജ്യ കൗൺസിലുകൾ പര്യാപ്തമാവുക. ഇന്ത്യയുടെ ഊർജ്ജാവശ്യങ്ങൾക്കു വേണ്ടി ഇറാനിൽ നിന്നും പ്രകൃതിവാതകം കൊണ്ടുവരുന്ന നിർദ്ദിഷ്ട പൈപ്പ് ലൈൻ പാകിസ്ഥാനിലൂടെയാണ് കടന്നുവരേണ്ടത്. ഇന്ത്യയുടെ വികസനത്തിന്റെ സിരകളും ധമനിയുമായി തീരാൻ സാധ്യതയുള്ള ഈ പൈപ്പുകൾ പാക്കിസ്ഥാനിലൂടെ കടന്നുവരാൻ അവർ സമ്മതിച്ചതാണ്. ഇത് പ്രാവർത്തികമായാൽ പിന്നെ ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ശത്രുതയെപ്പറ്റി സങ്കല്പിക്കാൻ പോലും സാധ്യമല്ലാതാവും. പക്ഷേ ഈ മേഖലയിൽ സൗഹൃദം പുലരുന്നതിന് എക്കാലവും തടസ്സമായി നിന്ന അമേരിക്ക ഈ സംരംഭത്തെ തുരങ്കം വെക്കാൻ അവരുടെ ഫയർബ്രാന്റ് വിദേശകാര്യ സെക്രട്ടറി കൊണ്ടലിസാ റൈസയെ ഇന്ത്യയിലേക്ക് വിടുകയുണ്ടായി. ഇറാനിൽ നിന്നും പ്രകൃതിവാതകം വാങ്ങുന്ന ഇടപാട് നിർത്തിവെക്കണമെന്നാണ് എല്ലാ നയതന്ത്ര മര്യാദയേയും ലംഘിച്ച് കൊണ്ടലിസാ ഡൽഹിയിൽ പൊതുവേദിയിൽ ആക്രോശിച്ചത്. ഇന്ത്യയും മറ്റൊരു രാജ്യവും തമ്മിലുണ്ടാക്കുന്ന കരാറിൽ ഇടപെടാൻ അമേരിക്കക്ക് ധാർമ്മികമായി യാതൊരു അവകാശവുമില്ല. ഏകചത്രാധിപത്യത്തിന്റെ ഹുങ്ക് മാത്രമാണ് ഇപ്പോഴത്തെ അമേരിക്കൻ ഡിപ്ലോമസി. അവിടെ നയതന്ത്ര മര്യാദകൾക്ക് എന്തു വില! ഇറാൻ ഭീകര രാഷ്ട്രമാണെന്ന് അമേരിക്ക വിചാരിക്കുന്നത് കൊണ്ടാണത്രേ ഇന്ത്യക്ക് അവരുമായി ബന്ധപ്പെടാൻ പാടില്ലാത്തത്. അമേരിക്കയുടെ ബഹുരാഷ്ട്ര കമ്പനിയായ UNICOL തുർക്ക്മെനിസ്ഥാനിൽ നിന്നും അഫ്ഗാനിസ്ഥാൻ വഴി പാക്കിസ്ഥാനിലൂടെ ഇന്ത്യയിലേക്ക് പ്രകൃതിവാതകത്തിന് പൈപ്പിടാമെന്ന മോഹമുണ്ട്. അമേരിക്കൻ ബഹുരാഷ്ട്ര കുത്തകക്ക് ഇത്തരം മർമ്മപ്രധാനമായ ഒരു സംരംഭം ഏലിപിച്ചുകൊടുക്കാൻ ഏതായാലും ഇന്ത്യൻ മനസ്സാക്ഷിക്ക് വിസമ്മതമാണ്. ഇറാൻ പ്രകൃതിവാതകത്തിനെതിരെ കൊണ്ടലിസയുടെ ആക്രോശത്തിനു പിന്നിൽ UNICOL എന്ന എണ്ണ ഭീമന്റെ ഈയൊരു സമ്മർദ്ദതന്ത്രം കൂടിയുണ്ട്. ഇരുരാജ്യങ്ങളേയും ആയുധമണിയിച്ച് യുദ്ധോത്സുകരായി നിർത്തി സ്വന്തം നയം നടപ്പാക്കുക എന്നതാണ് അമേരിക്കയുടെ വിദേശ നയം. അമേരിക്കയിൽ തിരിച്ചെത്തിയ കൊണ്ടലിസാ പാക്കിസ്ഥാൻ ഏറെക്കാലമായി കൊതിച്ചിരിക്കുന്ന എഫ്–16 യുദ്ധവിമാനവും ഇന്ത്യക്ക് എഫ് 18ഉം നൽകുമെന്ന് പ്രഖ്യാപിച്ചു. അണുബോംബ് നിർമ്മിച്ചതിനുശേഷം പാക്കിസ്ഥാന് തന്ത്രപ്രധാനമായ ആയുധങ്ങൾ നൽകുന്നത് അമേരിക്ക നിർത്തിവെച്ചിരുന്നു. ഇപ്പോൾ സമാധാനചർച്ചയുടെ തൊട്ടുമുമ്പ് ഇരുരാജ്യങ്ങളോടും അമേരിക്ക നടത്തിയ യുദ്ധവിമാനങ്ങളുടെ വാഗ്ദാനങ്ങൾ സമാധാന ചർച്ച അട്ടിമറിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. പക്ഷേ ആയുധവാഗ്ദാനത്തിലൂടെ ഇന്ത്യക്കും പാകിസ്താനുമിടക്ക് അമേരിക്ക ഉണ്ടാക്കാൻ ശ്രമിച്ച സ്പർദ്ധ വേണ്ടവിധത്തിൽ വിജയം കണ്ടില്ല. ഇരുരാജ്യങ്ങളും അമേരിക്കൻ തന്ത്രം അതർഹിക്കുന്ന വിധത്തിൽ അവഗണിച്ചു തള്ളുകയാണുണ്ടായത്. ഏതായാലും സഹസ്രാബ്ദങ്ങളായി മനുഷ്യർ പാർത്തുവരുന്ന ഭൂമിയിന്മേൽ മുള്ളുവേലി കെട്ടി സർവ്വായുധ സന്നാഹങ്ങളുമായി പരസ്പരം കൊമ്പുകോർത്തുനിൽക്കുന്ന രാഷ്ട്രങ്ങൾ നാം ജീവിക്കുന്ന ഈ ചരിത്രദശയുടെ നിർഭാഗ്യവും ഹീനത്വവുമായി എണ്ണപ്പെടും. നമ്മുടെ കാലത്തിന്റെ, നാം രചിക്കുന്ന ചരിത്ര ഭാഗധേയം അങ്ങനെയൊന്നായി മാറുന്നതിൽ നമുക്ക് ലജ്ജിക്കേണ്ടി വരും. സൗഹൃദത്തിന്റെ തപ്തമായ ഹൃദയവികാരം കൊണ്ട് അതിർത്തികളിലെ ഉരുക്കു കമ്പികളെ നമുക്കു ഉരുക്കിയില്ലാതാക്കാം. ഇന്തോ പാക് അതിർത്തി മനുഷ്യഹൃദയം പോലെ മാർദ്ദവമേറിയതായി മാറട്ടെ മൻമോഹൻസിങ്ങ് വിശേഷിപ്പിച്ചതു പോലെ ഇരുരാജ്യങ്ങളുടേയും അതിർത്തി ഒരുസോഫ്റ്റ് ബോർഡർ ആയി മാറട്ടെ. ■

## അയൽക്കാർ

അയൽവാസിയുടെ അവകാശങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ? അയാൾ നിങ്ങളോടു സഹായത്തിനാവശ്യപ്പെട്ടാൽ നിങ്ങൾ സഹായം നൽകണമെന്നത് അയാളുടെ അവകാശമാണ്. കടത്തിനു ചോദിച്ചാൽ കടം നൽകണം. അയാൾ ഞെരുക്കത്തിലായാൽ നിങ്ങൾ അയാൾക്ക് സഹായം നൽകണം. അയാൾക്ക് സുഖക്കേടായാൽ നിങ്ങൾ അയാളെ ശുശ്രൂഷിക്കണം. അയൽവാസി മരിച്ചാൽ ശേഷക്രിയകളിൽ നിങ്ങൾ പങ്കുകൊള്ളണം. അയാൾക്ക് നന്മ വരുമ്പോൾ അയാളെ അനുമോദിക്കണം. ആപത്തിലകപ്പെട്ടാൽ ആശ്വസിപ്പിക്കണം. നിങ്ങളുടെ കെട്ടിടം അയൽക്കാരന്റെ ഭവനത്തിലെ വാതായനത്തിനു തടസ്സമാകുമാറ് ഉയർത്തരുത്. നിങ്ങളുടെ വീട്ടിൽ ഫലവർഗ്ഗങ്ങളോ പഴങ്ങളോ കൊണ്ടുവന്നാൽ അതിലൊരു ഭാഗം അയൽക്കാരന് ഉപഹാരമായി നൽകണം. അല്ലെങ്കിൽ അവ ആരും കാണാതെ അകത്ത് കൊണ്ട് വെക്കുവിൻ. അയൽപ്പക്കത്തെ കുട്ടികൾക്ക് വിഷമിക്കുമാറ് ആ പഴങ്ങളുമായി പുറത്തേക്ക് വരാൻ നിങ്ങളുടെ കുട്ടികളെ അനുവദിക്കരുത്. നിങ്ങളുടെ ചട്ടിയിലെ നിന്നുയരുന്ന പൊരിമണം പുറത്തുവരാൻ ഇടയാകരുത്. അതിൽ ഒരു പങ്ക് അയൽക്കാരന് നൽകാൻ നിങ്ങൾക്കാവുന്നില്ലെങ്കിൽ. (നബിവചനം)

അനുസ്മരണം

# ചരിത്രകാരനായ കരിം മാസ്റ്റർ



**കേ**രളത്തിലെ മാപ്പിള ചരിത്രത്തിന് അതുല്യമായ സംഭാവനകൾ നൽകിയ മുഹമ്മദ് അബ്ദുൾ കരീം സാഹിബിന്റെ (72) നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. മാപ്പിളമാർ എന്നറിയപ്പെട്ടിരുന്ന കേരളത്തിലെ മുസ്‌ലിംകൾക്ക് വളരെ സമ്പന്നമായ ഒരു ചരിത്രവും കലാസാഹിത്യപാരമ്പര്യവുമുണ്ടായിരുന്നു. അതിന്റെ പ്രകാശനമായിരുന്നു കരിം മാസ്റ്ററുടെ ജീവിതദൗത്യം. മാപ്പിള മഹാകവി മോയിൻകുട്ടി വൈദ്യരുടെ ജന്മദേശമായ കൊണ്ടോട്ടിയിൽ തന്നെ ജനിച്ച കരിം മാസ്റ്റർ വൈദ്യരുടെ കൃതികളുടെ ആധികാരിക പണ്ഡിതനും പ്രകാശകനും വ്യാഖ്യാതാവുമാണ്. കേരളത്തിലെ മാപ്പിളമാരുടെ ചരിത്രമെഴുതിയ കനേഡിയൻ ചരിത്രകാരനായ റോളങ്ങ് ഇ മില്ലർ അടക്കം പ്രാമാണികരായ കേരള ചരിത്ര പണ്ഡിതന്മാർക്ക് മാപ്പിള വിഷയങ്ങളിൽ വഴികാട്ടിയായിരുന്നു അദ്ദേഹം. അക്കാദമീയമല്ലാത്ത രീതികളിലൂടെ മാപ്പിള ചരിത്രത്തെക്കുറിച്ചും, കലാസാഹിത്യങ്ങളെക്കുറിച്ചും ഗവേഷണ പഠനം നടത്തിയ അദ്ദേഹം അക്കാദമിക് പണ്ഡിതന്മാർക്ക് പോലും ഒരു മൗലിക സ്രോതസ്സായിരുന്നു. വിവിധ വിഷയങ്ങളിൽ 80 ഓളം കൃതികളും നിരവധി ലേഖനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. പി.എ. സെയ്ദ് മുഹമ്മദ് അവാർഡ്, മാപ്പിള സോംഗ് ലവേഴ്സ് അവാർഡ്, ബ്രദേഴ്സ് ഇന്ത്യാ അവാർഡ്, ഫ്രൈഡേ ക്ലബ്ബ് അവാർഡ് (കോഴിക്കോട്) മുതലായ പുരസ്കാരങ്ങൾ ലഭിച്ചെങ്കിലും അദ്ദേഹത്തിന് അർഹമായ അംഗീകാരം ലഭിച്ചിട്ടില്ല.

തീവ്രവാദവും ശാഠ്യങ്ങളുമില്ലാത്ത കരിംമാസ്റ്റർ അഹമദിയ്യാ സാഹിത്യങ്ങൾ ആർത്തിയോടെ വായിക്കുന്ന ഒരു വിജ്ഞാനാന്വേഷിയായിരുന്നു. മിക്കവാറും എല്ലാ വെള്ളിയാഴ്ചയും 'പുതിയ സാഹിത്യങ്ങൾ വല്ലതുമെത്തിയോ' എന്ന അന്വേഷണവുമായും സത്യദൂതൻ വാങ്ങാനും കോഴിക്കോട്ടെ അഹ്മദിയ്യാ ബുക്സ്റ്റാളിൽ അദ്ദേഹം സന്ദർശിക്കുക പതിവായിരുന്നു. യശശ്ശരീരനായ ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ. യുമായി സുഹൃദ്ബന്ധമുണ്ടായിരുന്ന അദ്ദേഹം മൗലാനാ സാഹിബിനെ സംബന്ധിച്ച് വളരെ ആദരപൂർവ്വമായിരുന്നു സ്മരിച്ചിരുന്നത്. കേരളം കണ്ട ഏറ്റവും ഉജ്ജ്വലനായ ബൗദ്ധിക പ്രതിഭയായിരുന്നു മൗലാനാ അബ്ദുല്ലാഹ് സാഹിബ് എന്നായിരുന്നു കരിം മാസ്റ്ററുടെ അഭിപ്രായം. കേരളത്തിലെ അഹ്മദിയ്യാ ചരിത്രം ആഴത്തിലും പരപ്പിലും മനസ്സിലാക്കിയിരുന്ന ഒരു നഹ്മദീ പണ്ഡിതൻ കൂടിയായിരുന്നു അദ്ദേഹം. പല അഹ്മദിയ്യാ സംസ്ഥാന സമ്മേളനങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

കേരള അമീർ ഏ.പി. കുഞ്ഞാമു സാഹിബ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, സത്യദൂതൻ മുൻ എഡിറ്റർ എൻ. അബ്ദുറഹിം സാഹിബ്, മിനാരത്ത് എഡിറ്റർ എം. ആലിക്കോയാ സാഹിബ്, അഹ്മദിയ്യാ ബുക്സ്റ്റാൾ മാനേജർ മുഹമ്മദ് യൂസുഫ് സാഹിബ്, തുടങ്ങി നിരവധി അഹ്മദി സഹോദരന്മാരും ഞാനുമായും സൗഹൃദബന്ധമുള്ള വ്യക്തിയായിരുന്നു കരിം മാസ്റ്റർ. അഹ്മദിയ്യാ ജമാഅത്തുമായി പല കാര്യങ്ങളിലും യോജിപ്പുള്ളവരും രഹസ്യമായി അനുഭാവമുള്ള ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ നിരവധി സുന്നി മുജാഹിദ് പണ്ഡിതന്മാരെ നേരിട്ടറിയാമെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഉറുദു അറബി പണ്ഡിതനായ കരിം മാസ്റ്റർ വാഗ്ദത്ത മസീഹിന്റെ പല ഗ്രന്ഥങ്ങളും മൂലഭാഷയിൽ തന്നെ വായിച്ചിട്ടുണ്ട്. അതിൽ 'ഇഅ്ജാസുൽ മസീഹ്' എന്ന ഗ്രന്ഥത്തെപറ്റി സ്തുതിച്ചു പറയൽ അദ്ദേഹത്തിന്റെ പതിവായിരുന്നു. ഹദ്റത്ത് അഹ്മദ് (അ) ഒരു മുജദ്ദിദ് ആയിരിക്കാമെന്ന അഭിപ്രായമായിരുന്നു അദ്ദേഹത്തിന്. എങ്കിലും അഹ്മദിയ്യത്തിനെ അനുകൂലിച്ചുകൊണ്ടുള്ള നിലപാടു പരസ്യമായി വ്യക്തമാക്കാൻ അദ്ദേഹം ഭയപ്പെട്ടിരുന്നു.

സി.എൻ. അഹ്മദ് മൗലവിയും അബ്ദുൾ കരീം സാഹിബും കൂടി രചിച്ച 'മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം' മലയാള ചരി

*(ശേഷം 42-ാം പേജിൽ)*

## വാർത്തകൾ

# ഖാദിയാൻ എക്സിബിഷൻ: അമീർ / പ്രസിഡണ്ടുമാരുടെ ശ്രദ്ധക്ക്

ഖാദിയാനിൽ വിപുലമായ ഒരു എക്സിബിഷൻ സംഘടിപ്പിക്കുന്നുണ്ട്. ജമാഅത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയാണ് പ്രദർശന പ്രമേയം. കേരളത്തിലെ എല്ലാ ജമാഅത്തുകളുടേയും പ്രാതിനിധ്യം ഈ പ്രദർശനത്തിന്നുണ്ടായിരിക്കണം. അതിന്നായി പള്ളികൾ, മിഷൻ ഹൗസ്, സ്കൂൾ, ആശുപത്രി, കോളേജുകൾ, താങ്കളുടെ ജമാഅത്തിന്റെ പരിധിയിലുള്ള ഇസ്‌ലാമിക ചരിത്രവുമായി ബന്ധപ്പെട്ട പ്രശസ്തമായ സ്മാരകങ്ങൾ എന്നിവയുടെ ഫോട്ടോകളും ഖലീഫമാർ, കേന്ദ്ര പ്രതിനിധികൾ, മറ്റു ചരിത്ര പുരുന്മാർ മുതലായവർ താങ്കളുടെ ജമാഅത്ത് സന്ദർശിച്ച ഫോട്ടോകളും സി.ഡി.യിലാക്കി ഉടനെതന്നെ നാസിർ സാഹിബ് നശ്റോ ഇശാഅത്ത്, ഖാദിയാന് അയച്ചുകൊടുക്കണം.

**ശ്രദ്ധിക്കേണ്ട മറ്റുകാര്യങ്ങൾ**

* ഫോട്ടോകൾ ഉന്നത നിലവാരമുള്ളതും പ്രദർശനയോഗ്യവുമായിരിക്കണം.

* ഓരോ ഫോട്ടോക്കും അതിൽ പ്രദർശിപ്പിക്കപ്പെട്ട കാര്യത്തെപ്പറ്റി വ്യക്തമായ വിവരണമുണ്ടായിരിക്കണം.

* താങ്കളുടെ ജമാഅത്തിലെ അംഗസംഖ്യ, കഴിഞ്ഞ വർഷങ്ങളിൽ ജമാഅത്തിലേക്ക് ബൈഅത്ത് ചെയ്തു ചേർന്നവരുടെ എണ്ണം, ജമാഅത്ത് നടത്തുന്ന പള്ളികൾ, സ്കൂളുകൾ,ആശുപത്രികൾ എന്നിവയുടെ എണ്ണം. ആഗോളബൈഅത്തിൽ ജമാഅത്തിൽ ചേർന്നവരുടെ എണ്ണം മുതലായ സ്ഥിതി വിവരക്കണക്ക് വ്യക്തമായി അറിയിക്കണം.

* താങ്കളുടെ ജമാഅത്തിൽ സേവനം ചെയ്യുന്ന മുബല്ലിഗുമാരുടേയും മുഅല്ലിമിങ്ങളുടേയും പേരുകൾ അവർ സേവനം ചെയ്ത വർഷം.

* താങ്കളുടെ ജമാഅത്ത് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, ലഘുലേഖ, നോട്ടീസ് മുതലായവയുടെ വിവരങ്ങൾ.

* താങ്കളുടെ ജമാഅത്ത് നടത്തുന്ന മറ്റു സേവന, പ്രചാരണപ്രവർത്തനങ്ങളുടെ റിപ്പോർട്ട്.

* താങ്കളുടെ ജമാഅത്തിൽ ഇപ്പോൾ മേൽ വിവരിച്ചത് പ്രകാരമുള്ള ഫോട്ടോകൾ ഉണ്ടെങ്കിൽ സി.ഡി യിലാക്കി ഉടനെ അയച്ചുതരിക. കൂടുതൽ പ്രദർശന വസ്തുക്കളും സ്ഥിതിവിവരക്കണക്കും സംഘടിപ്പിക്കാൻ ഉടനെ ഒരാളെ നിയമിച്ച് അത് ശേഖരിച്ച് സി.ഡി.യിലാക്കി അയച്ചുതരിക.

* അയക്കേണ്ട വിലാസം: മുഹമ്മദ് ഇനാം ഗോറി സാഹിബ്, നാസിർ സാഹിബ്, നശറോ ഇശാഅത്ത്, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഖാദിയാൻ, ഗുരുദാസ്പൂർ, പഞ്ചാബ്.

* മേൽപറഞ്ഞ പ്രദർശന ഫോട്ടോയുടെ സി.ഡി.യും സ്ഥിതിവിവരക്കണക്കുകളും അയച്ചുകഴിഞ്ഞാൽ ആ വിവരം ഒരു പോസ്റ്റ് കാർഡിൽ സുബായി അമീറിനെ അറിയിക്കണം.

**അമീർ,**
**അഹ്മദിയ്യാ മുസ്‌ലിം**
**ജമാഅത്ത്, കേരള**
**ജി.എച്. റോഡ്, കോഴിക്കോട്**

# അഡീഷനൽ നാസിർ സാഹിബിന്റെ (ഇസ്‌ലാഹോ ഇർശാദ്) കേരള സന്ദർശനം

കോഴിക്കോട് : കേരള ജമാഅത്തുകളിൽ പര്യടനത്തിനായി അഡീഷനൽ നാസിർ, ഇസ്‌ലാഹോ ഇർശാദ് മൗലവി ഇനായത്തുല്ലാ സാഹിബ് 2005 മേയ് 10–നു കോഴിക്കോടു എത്തിച്ചേരുന്നതാണ്. ജമാഅത്തിലെ എല്ലാ ഭാരവാഹികളും എല്ലാ അംഗങ്ങളും മുബല്ലിഗ്, മുഅല്ലിം, എന്നിവരും കൃത്യസമയത്ത് അതാത് ജമാഅത്തുകളിൽ എത്തിച്ചേരണമെന്നും കേന്ദ്ര പ്രതിനിധിയുടെ പരിപാടി പൂർണ്ണ വിജയമാക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

മേയ് – 11 – ബുധൻ – കണ്ണൂർ ടൗൺ (കണ്ണൂർ സിറ്റി, കടലായി, തലശ്ശേരി, ജമാഅത്തുകൾ സംയുക്തമായി പരിപാടിയിൽ സംബന്ധിക്കണം) മേയ് – 12 – വ്യാഴം – പഴയങ്ങാടി (മോഗ്രാൽ, മഞ്ചേശ്വരം ജമാഅത്തുകൾ സംയുക്തം) മേയ് – 13 – വെള്ളി – കൂടാളി (മട്ടന്നൂർ ജമാഅത്ത് സംയുക്തം) മേയ് – 14 – ശനി – കമ്പളക്കാട് (അമ്പലവയൽ സംയുക്തം) മേയ് – 15 – ഞായർ – കോഴിക്കോട് (വടകര, സംയുക്തം) മേയ് – 16 – തിങ്കൾ – കൊടിയത്തൂർ. മേയ് – 17 – ചൊവ്വ – പത്തപ്പിരിയം (മഞ്ചേരി, വാണിയമ്പലം സംയുക്തം). മേയ് – 18 – ബുധൻ – കരുളായി (ചുങ്കത്തറ സംയുക്തം). മേയ് – 19 – വ്യാഴം – കൽക്കുളം. മേയ് – 20 – വെള്ളി – മണ്ണാർക്കാട് (മുറിയക്കണ്ണി, അലനെല്ലൂർ, എടത്തനാട്ടുകര സംയുക്തം). മേയ് – 21 – ശനി – പാലക്കാട് (കാവശ്ശേരി, കൊടുവായൂർ. വള്ളിപ്പുഴ, ചേലക്കര സംയുക്തം). മേയ് – 22 – ഞായർ – കൊടുങ്ങല്ലൂർ (ചാവക്കാട് സംയുക്തം). മേയ് – 23 – തിങ്കൾ – കാക്കനാട് (എറണാകുളം മൂവ്വാറ്റുപുഴ അയിരാപുരം ജമാഅത്തുകൾ സംയുക്തം). മേയ് – 24 – ചൊവ്വ – കൊച്ചി (പള്ളുരുത്തി സംയുക്തം). മേയ് – 25 – ബുധൻ – ആലപ്പുഴ. മേയ് – 26 – വ്യാഴം – കരുനാഗപ്പള്ളി (ആദിനാട്, നിലമേൽ സംയുക്തം). മേയ് – 27 – വെള്ളി – കൊല്ലം (കൊട്ടാരക്കര സംയുക്തം). മേയ് – 28 – ശനി – തിരുവനന്തപുരം. മേയ് – 29 – ഞായർ – മാത്ര (പത്തനാപുരം സംയുക്തം). മേയ് – 30 – തിങ്കൾ – അടിമാലി. മേയ് – 31 – എറണാകുളം (വിശ്രമം).

***അമീർ, ജമാഅത്ത് അഹ്മദിയ്യാ കേരള, ജി.എച്ച്. റോഡ്, കോഴിക്കോട്.***

*(40 -ാം പേജിൽ നിന്ന് തുടർച്ച)*

ത്രകലാസാഹിത്യത്തിന് ലഭിച്ച അമൂല്യഗ്രന്ഥമാണത്. അറബി മലയാളം സാഹിത്യങ്ങളുടെ അത്യപൂർവ്വമായ ഒരു വലിയ ഗ്രന്ഥശേഖരത്തിന്നുടമയായ അബ്ദു ൾകരിം മാസ്റ്റർ ഒരു അഹ്മദിയുടെ വിവാഹസംബന്ധമായി നടന്ന കേസിനെ ആസ്പദിച്ച് 75 വർഷം മുമ്പ് 'നിയമം' മാസികയിൽ പ്രസിദ്ധീകരിച്ച 'മുഹമ്മദീയ മതം മാറ്റം' എന്ന ലേഖനം സത്യദൂതനിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി തന്റെ ഗ്രന്ഥശേഖരത്തിൽ നിന്നും തന്ന കാര്യം നന്ദിപൂർവ്വം സ്മരിക്കുന്നു. അതുപോലെ ഈ ലേഖകന്റെ പിതാമഹൻ തുർക്കി ഖിലാഫത്തിനു കീഴിൽ അഹ്സംപാഷ നയിച്ച യുദ്ധത്തെ ഇതിവൃത്തമാക്കി നൂറു വർഷങ്ങൾക്ക് മുമ്പ് രചിച്ച 'ഗ്രീക്ക് പട' എന്ന അറബി മലയാളം പടപാട്ടിന്റെ ഒരു കോപ്പിയും എനിക്ക് സമ്മാനിക്കുകയുണ്ടായി. 'മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യത്തിൽ' അദ്ദേഹത്തെപറ്റി ഒരദ്ധ്യായം ഉണ്ട് എന്ന കാര്യം എനിക്ക് പുതിയ അറിവായിരുന്നു. കരിം മാസ്റ്റർ എഴുതിയ ചില പുസ്തകങ്ങളുടെ കോപ്പികൾ കൈയൊപ്പോടുകൂടി എനിക്ക് തന്ന കാര്യം നന്ദിപൂർവ്വം ഇവിടെ സ്മരിക്കട്ടെ. അദ്ദേഹത്തിന്റെ വിയോഗം അഹ്മദികൾക്കും എനിക്ക് പ്രത്യേകിച്ചും ഒരു അടുത്തസുഹൃത്തിന്റെ നഷ്ടമാണെന്ന് ദുഃഖപൂർവ്വം അനുസ്മരിക്കുന്നു. ■

**എ.എം. മുഹമ്മദ് സലീം.**

## മരണം

അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഒരാൾക്കും മരിക്കാനാവില്ല. ഒരു നിശ്ചിത വിധിയാണത്. ആർ ഈ ലോകത്തെ പ്രതിഫലം ആഗ്രഹിക്കുന്നുവോ നാം അവന് അതിൽ നിന്ന് നൽകുന്നതാണ്. ആർ പരലോകത്തെ പ്രതിഫലം ആഗ്രഹിക്കുന്നുവോ അവന് അതിൽ നിന്ന് നാം നൽകുന്നതാണ്. കൃതജ്ഞത കാണിക്കുന്നവർക്ക് നാം പ്രതിഫലം നൽകുക തന്നെ ചെയ്യും.

*(വി. ഖുർആൻ)*

## സൂഫിക്കഥ

# അല്ലാഹു മാത്രം അറിഞ്ഞാൽ മതി

ഒരിക്കൽ ഒരാൾക്കൂട്ടത്തിൽ വെച്ച് വൃദ്ധനായ ഒരാൾ താൻ വളരെ കഷ്ടപ്പാടിലാണെന്നും തനിക്ക് കുറച്ച് രൂപയുടെ ആവശ്യമുണ്ടെന്നും അറിയിക്കുകയുണ്ടായി. വൃദ്ധന്റെ ദയനീയമായ അഭ്യർത്ഥന കേട്ട ഭക്തനായ ഒരു ഔദാര്യവാൻ ആയിരം രൂപ അദ്ദേഹത്തിന് നൽകി. അപ്രതീക്ഷിതമായി ലഭിച്ച ഈ ധനം വൃദ്ധനെ ആഹ്ലാദഭരിതനാക്കി. അയാൾ ആൾക്കൂട്ടത്തിൽ വെച്ച് പണം തന്നയാളിന്റെ മഹാമനസ്കതയേയും ഔദാര്യത്തേയും വാനോളം വാഴ്ത്തി. പണം കൊടുത്തയാളും ഇത് കേൾക്കുന്നുണ്ടായിരുന്നു. വൃദ്ധന്റെ ഈ സ്തുതി കേട്ടപ്പോൾ അദ്ദേഹത്തിന് വ്യസനമാണുണ്ടായത്. പരലോകത്ത് വെച്ച് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടാണ് ഞാൻ പണം നൽകിയത്. താൻ ചെയ്ത ഈ സൽക്കർമ്മത്തിന് ഇവിടെ വെച്ച് ഞാൻ ഏറെ പ്രശംസിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ സൽകർമ്മത്തിന്റെ ഫലം നഷ്ടമായി എന്ന് ഔദാര്യവാനായ ആ ഭക്തൻ കരുതി. അദ്ദേഹം ഉടനെ തിരിച്ചുവന്ന് വൃദ്ധനോടു പണം മടക്കി ആവശ്യപ്പെട്ടുകൊണ്ടുപറഞ്ഞു. ആ പണം എന്റെ മാതാവിന്റേതാണ്. താങ്കൾക്ക് അത് തരാൻ അവർക്ക് ഇഷ്ടമില്ല. അതുകൊണ്ട് അത് തിരികെ തരണം. വൃദ്ധൻ ദുഃഖത്തോടെ ആ പണം അദ്ദേഹത്തിന് തിരിച്ചുനൽകി. ഇത് കണ്ടുനിന്ന ജനക്കൂട്ടം അദ്ദേഹത്തെ ശകാരം കൊണ്ട് പൊതിഞ്ഞു. ശപിക്കുകയും ചീത്ത വിളിക്കുകയും ഇയാൾ കള്ളനാണെന്ന പറഞ്ഞ് ആക്രോശിക്കുകയും ചെയ്തു.

നേരം ഇരുട്ടിയപ്പോൾ ഭാരിച്ച നിരാശയോടെ വൃദ്ധൻ വീട്ടിലേക്ക് പോയി അവിടെ അയാൾ ഏകാന്തനായി വിശ്രമിക്കുകയായിരുന്നു. അപ്പോൾ ആയിരം രൂപ കൊടുത്ത് മടക്കി വാങ്ങിയ ആൾ വീണ്ടും അവിടെ വന്ന് വൃദ്ധനോടു പറഞ്ഞു: 'ബഹുമാന്യരേ, എന്നോടു പൊറുക്കണം. താങ്കൾക്ക് ഞാൻ പണം നൽകിയതിന്റെ പേരിൽ പൊതുജനമദ്ധ്യത്തിൽ ഞാൻ ഏറെ പ്രശംസിക്കപ്പെട്ടു. അല്ലാഹുവിന്റെ പക്കൽ അതിന്റെ പ്രതിഫലം നഷ്ടപ്പെടുമോ എന്നോർത്താണ് ഞാനത് പൊതുജനമദ്ധ്യത്തിൽ വെച്ച് തന്നെ മടക്കി വാങ്ങിയത്. ഈ ആയിരം രൂപ താങ്കൾക്കുള്ളതാണ്. താങ്കൾ ഈ പാപിയിൽ നിന്നും അത് സ്വീകരിക്കണം. ഒരു പാധി മാത്രം. താങ്കൾ ഇക്കാര്യം ആരോടും പറയരുത്. വൃദ്ധന് കരച്ചിൽ അടക്കാനായില്ല അദ്ദേഹം പറഞ്ഞു: 'പണം തിരിച്ചു വാങ്ങിയതായാണ് താങ്കളുടെ പേരിൽ ലോകം അറിയുന്നത്. താങ്കൾ പണം എനിക്ക് തിരിച്ചു തന്ന കാര്യം അവരാരും അറിയുന്നില്ല. അവരെല്ലാം താങ്കളെ ശകാരിച്ചതാണല്ലോ. ആ ഭക്തന്റെ മറുപടി 'ഇക്കാര്യം അല്ലാഹു മാത്രം അറിഞ്ഞാൽ മതി! എന്റെ തൃപ്തി അതിലാണ്!'